KOTTAYAM PUBLIC LIBRARY

Call No. M 900 Acc. No. 4740

Author മാവ് - സെ - തുങ്ങ്.

Title ചൈനയിലെ പുതിയ ജനാധിപത്യം

1181

No.: 4740
KOTTAYAM PUBLIC LIBRARY
KOTTAYAM
TRAVANCORE

# ചൈനയിലെ പുതിയ ജനാധിപത്യം

മാവ്-സെ-തുങ്ങ്

NATIONAL BOOK STALL
KOTTAYAM
KALARIKAL BAZAAR

പ്രോഗ്രസ്സീവ് ലിററ്റേച്ചർ ഏജൻസി,
കൊല്ലം.

പരിഷ്കരിച്ച
മൂന്നാംപതിപ്പ്
ആയിരം പ്രതി.
ജൂലൈ '51

മുദ്രണം:
"വിജ്ഞാനപോഷിണി"
പ്രസ്സ്, കൊല്ലം

M900
Mav-C

വില 10 ണ.

## കുറിപ്പ്

"ചൈനയിലെ പുതിയ ജനാധിപത്യ"മെന്ന ഈ ലഘുഗ്രന്ഥം ബോമ്പെ പീപ്പിൾസ് പബ്ളിഷിങ്ങ്ഹൗസ് പ്രസിദ്ധീകരിച്ചിട്ടുള്ള പുതിയ പതിപ്പിൻെറ തർജ്ജമയാണ്. 1944-ൽ പുറത്തുവന്നിരുന്ന ഇതേഗ്രന്ഥത്തിൻെറ മലയാളപരിഭാഷയിൽ, പുതിയ ഇംഗ്ലീഷുപതിപ്പുമായി ഒത്തുനോക്കുമ്പോൾ, ചില ന്യൂനതകളും തെററുകളും കണ്ടിരിക്കുന്നു. അതെല്ലാം ഈ പ്രസിദ്ധീകരണത്തിൽ തിരുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ പ്രസിദ്ധീകരണത്തെയാണ് അധികൃതമായി കണക്കാക്കേണ്ടുന്നത്.

പരിഭാഷകൻ

I

## ചൈന എങ്ങോട്ട്?

ചെറുത്തുനില്പുയുദ്ധം തുടങ്ങിയതിനുശേഷം, വളരെ ശുഭപ്രതീക്ഷയോടുകൂടിയതും ഉത്സാഹഭരിതവുമായ ഒരു മനോഭാവമാണ് നമ്മുടെ നാട്ടുകാരുടെ ഇടയിൽ നിലനിന്നുപോന്നിട്ടുള്ളത്. പണ്ടത്തെ ആ ഇരുണ്ട മുഖങ്ങളെല്ലാം അപ്രത്യക്ഷമായി; എല്ലാവരും വിശ്വസിച്ചു, എന്തായാലും, ഒടുക്കം നമ്മുടെ രാഷ്ട്രം അതിന്റെ എല്ലാ കുഴപ്പങ്ങളിൽനിന്നുമുള്ള ഒരു മോചനമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നുവെന്ന്. ഇയ്യിടെമാത്രമാണ്, അനുദിനം അധികരിച്ചുവരുന്നതും, തന്മൂലം നാട്ടിൽ പിന്നെയും അങ്ങേയററത്തെ ദുഃഖംനിറഞ്ഞ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതുമായ, ശത്രുവോടു സന്ധിചെയ്യണമെന്ന പ്രലപനങ്ങളും കമ്മ്യൂണിസ്റ്റ്‌വിരോധകുള്ളപ്രചരണങ്ങളും വീണ്ടും കമ്പോളത്തിൽ വരാൻ തുടങ്ങിയത്. യുവവിദ്യാർത്ഥികളുടേയും സാംസ്കാരികരംഗത്തിൽ പ്രവർത്തിക്കുന്നവരുടേയും ഇടയിൽ, ഈ പരമാർത്ഥം വിശേഷിച്ചും വ്യക്തമായിക്കാണാം; അവരുടെ മനസ്സ് മററുള്ളവരുടേതിനേക്കാൾ വേഗം ഇളകുമല്ലോ. ഇങ്ങനെ, "ഇനി എന്തുചെയ്യണം," "ചൈന എങ്ങോട്ട്" തുടങ്ങിയ പരിഭ്രമംനിറഞ്ഞ ചോദ്യങ്ങൾ വീണ്ടും നമ്മുടെ മുമ്പിൽ തലയുയർത്തി നില്ക്കുന്നു. ഈ നിലയ്ക്ക്, "ചൈനീസ് സംസ്കാര" മാസികയുടെ ഈ പ്രസിദ്ധീകരണവേളയെ, ചൈനയിലെ രാഷ്ട്രീയപ്രവർത്തനത്തിലും സാംസ്കാരികരംഗത്തിലുമുള്ള വീക്ഷണകോണങ്ങളേയും അഭിപ്രായഗതികളേയുംപററി സംക്ഷിപ്തമായ ഒരു വിവരണം നൽകാനുപയോഗപ്പെടുത്തുന്നുവെങ്കിൽ അതു പ്രയോജനകരമാകുമല്ലോ. പക്ഷെ, സാംസ്കാരികപ്രശ്നങ്ങളിൽ എനിക്കത്ര തഴക്കമോ പഴക്കമോ ഇല്ല, എന്തായാലും, അതേപ്പററി ഒന്നു വിസ്തരിച്ചു പഠിക്കാൻ ഞാൻ വളരെയധികം ആഗ്രഹിക്കുന്നു; ആ പഠനത്തിന്റെ ആദ്യത്തെ പടി മാത്രമാണിത്. യെനാനിലുള്ള നമ്മുടെ സഖാക്കൾ ഇതുസംബന്ധിച്ചു വളരെയേറെ സവിസ്തരലേഖനങ്ങൾ എഴുതിയിട്ടുള്ള സ്ഥിതിക്ക്, എന്റെ ഈ കരടുകുറിപ്പ് കേവലമൊരു നാന്ദിയായി മാത്രം കണക്കാക്കിയാൽ മതിയാകും. നമ്മുടെ നാട്ടിലെ തഴക്കവും പഴക്കവും സിദ്ധിച്ച ഉയർന്ന സാംസ്കാരികപ്രവർത്തകരുടെ മുമ്പിലർപ്പിക്കുന്ന വിനീതമായ ഒരഭിപ്രായപ്രകടനവും സൂചനയുമെന്ന നിലയ്ക്കേ നമ്മുടെ ഈ പ്രവർത്തനത്തെ കണക്കാക്കേണ്ടതുള്ളൂ. പക്ഷേ, ഇതിലൂടെ ദേശവ്യാപകമായ കൂട്ടായ ഒരു വാദപ്രതിവാദം അഴിച്ചുവിടാമെന്നും, ആ വാദപ്രതിവാദ

ത്തിൽനിന്നു നമ്മുടെ രാഷ്ട്രത്തിന്നു ഗുണകരമായ ഒരു ശരിയായ തീരുമാനത്തിലെത്താമെന്നും നാം വിശ്വസിക്കുന്നു. "കർമ്മമാർഗ്ഗത്തിലൂടെയുള്ള സത്യാന്വേഷണ"മെന്നതാണ് ഒരേയൊരു ശാസ്ത്രീയമായ വീക്ഷണമാർഗ്ഗം; തന്നത്താൻ സ്തുതിക്കുകയും സ്വയം സർവ്വജ്ഞപീഠം കയറുകയുമെന്ന അഹങ്കാരമാർഗ്ഗംമുഖേന യാതൊരു പ്രശ്നത്തിന്നും പരിഹാരം കണ്ടുപിടിക്കാൻ നമുക്കു കഴിയുകയില്ല. അങ്ങേയററത്തെ ആപത്തുനിറഞ്ഞ ഒരു പരിതഃസ്ഥിതിയിലാണ് നമ്മുടെ രാഷ്ട്റമിന്നകപ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, തികച്ചും ശാസ്ത്രീയമായ ഒരു നിലപാടിനും സ്വയം ഉത്തരവാദിത്വബോധത്തോടുകൂടിയുള്ള ഇളകിപ്രവൎത്തനത്തിന്നും മാത്രമേ, നമ്മെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാൻ കഴിയുകയുള്ളൂ. ഏതൊരു ചോദ്യത്തിനും സത്യത്തിലധിഷ്ഠിതമായ ഒരേയൊരു ഉത്തരമേയുള്ളൂ. ആ സത്യത്തിൻെറ മാനദണ്ഡമോ, വ്യക്തിനിഷ്ഠമായ വീമ്പിളക്കലല്ല, പ്രത്യുത വസ്തുനിഷ്ഠമായ പ്രവൎത്തനമാണതാനും. ദശലക്ഷക്കണക്കിലുള്ള നമ്മുടെ ബഹുജനങ്ങളുടെ വിപ്ലവപ്രവൎത്തനമാണ് സത്യത്തിൻെറ ഒരേയൊരു അളവുകോൽ. അപ്പോൾ, "ചൈനീസ്സംസ്കാര"ത്തിൻെറ പ്രസിദ്ധീകരണത്തിലുള്ള നമ്മുടെ നിലപാട് ഇതെല്ലാമാണ്.

## II

### നാം ഒരു പുതിയ ചൈന കെട്ടിപ്പടുക്കണം

ഇക്കഴിഞ്ഞ എത്രയോ കൊല്ലങ്ങളായി, ഇവിടത്തെ കമ്മ്യൂണിസ്ററുകാർ ഇടതടവില്ലാതെ സമരം ചെയ്തിട്ടുള്ളതു്, ചൈനയിലെ സാമ്പത്തിക-രാഷ്ട്റീയവിപ്ലവത്തിനുവേണ്ടി മാത്രമല്ല. പിന്നെയോ? സാംസ്കാരികവിപ്ലവത്തിൽകൂടിയാണ്. ചൈനീസ്ജനതയുടേതായ ഒരു പുതിയ സമുദായത്തേയും ഒരു പുതിയ രാഷ്ട്റത്തേയും കെട്ടിപ്പടുക്കലായിരുന്നു ഞങ്ങളുടെ എല്ലാ പരിശ്രമങ്ങളുടേയും ഒരേയൊരു ലക്ഷ്യമെന്നിരിക്കെ, അത്തരമൊരു പുതിയ സമുദായത്തിൽ, പുതിയ രാഷ്ട്റത്തിൽ, പുതിയൊരു രാഷ്ട്റീയഘടനയ്ക്കും സാമ്പത്തികവ്യവസ്ഥിതിക്കും പുറമേ ഒരു പുത്തൻസംസ്കാരവും ഉയൎന്നുവരേണ്ടതുണ്ടല്ലോ. എന്നുവെച്ചാൽ, രാഷ്ട്റീയമായി മർദ്ദിക്കപ്പെട്ടുകിടക്കുന്നതും സാമ്പത്തികമായി ചൂഷണംചെയ്യപ്പെടുന്നതുമായ ചൈനയെ, രാഷ്ട്റീ

യമായി സ്വതന്ത്രവും സാമ്പത്തികമായി സുഖസമൃദ്ധവുമായ ഒരു ചൈനയാക്കി മാററിയാൽ മാത്രം പോരാ. പിന്നെയോ? പഴഞ്ചൻസംസ്കാരത്തിൻെറ നീണ്ടുനിന്ന വാഴ്ച്ചമൂലം അങ്ങേയററംവരെ പിന്നണിയിൽകിടക്കുന്നവരും അജ്ഞരുമായി കഴിഞ്ഞുകൂട്ടുന്ന ജനതയുംകൊള്ളുന്ന ഇന്നാട്ടിനെ, പരിഷ്കൃതവും പുരോഗമപരവുമായ ഒരു പുതിയ സംസ്കാരത്തിൻെറ ഭരണത്തിലേക്കു പരിവത്തനപ്പെടുത്തുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, നാമൊരു പുതിയ ചൈനയെ ഉയത്തിപ്പൊക്കണം. ആ നിലയ്ക്കു് സാംസ്കാരികരംഗത്തിലെ നമ്മുടെ പ്രവത്തനത്തിൻെറയെല്ലാം ഉന്നം ചൈനീസ്രാഷ്ട്രത്തിൻേറതായ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുകയെന്നതാണു്.

## III

### ചൈനയുടെ ചരിത്രപരമായ പ്രത്യേകതകൾ

നാം കെട്ടിപ്പടുക്കാൻപോകുന്ന ആ ചൈനീസ്രാഷ്ട്രത്തിൻെറ പുതിയ സംസ്കാരം ഏതുതരത്തിലുള്ളതായിരിക്കണം?

ഏതൊരുതരം സംസ്കാരവും (ആശയങ്ങളുടെ ഒരു രൂപമെന്ന നിലയ്ക്കു്) ഒരു പ്രത്യേക സാമൂഹ്യസമ്പ്രദായത്തിൻെറ രാഷ്ടീയഘടനയുടേയും സാമ്പത്തികവ്യവസ്ഥയുടേയും പ്രതിബിംബമായിരിക്കും—ഇതിലാദ്യം പറഞ്ഞതു് ഒടുവിൽ പറഞ്ഞവയുടെ മീതെ വമ്പിച്ച സ്വാധീനശക്തി ചെലുത്തുമെന്നതു സ്വാഭാവികമാണെങ്കിലും രാഷ്ടീയഘടനയാകട്ടെ, സാമ്പത്തികബന്ധങ്ങളുടെ ക്രോഡീകൃതമായ പ്രകടനവുമായിരിക്കും. സംസ്കാരം, രാഷ്ടീയകാര്യം, സാമ്പത്തികവ്യവസ്ഥ എന്നിവയുടെ പരസ്പരബന്ധം സംബന്ധിച്ച നമ്മുടെ മൗലികമായ വീക്ഷണകോണമാണിതു്. അപ്പോൾ, ആദ്യം രാഷ്ട്രീയകാര്യവും സാമ്പത്തികവ്യവസ്ഥയും സംസ്കാരത്തിൻെറ സ്വഭാവവും രൂപവുമെല്ലാം നിർണ്ണയിക്കുന്നു; ഈ സംസ്കാരം രാഷ്ട്രീയകാര്യത്തിൻേറയും സാമ്പത്തികവ്യവസ്ഥയുടേയും മീതേ അതിൻെറ സ്വാധീനശക്തി ചെലുത്തുന്നതുതന്നെ പിന്നീടാണു്. മാർക്സ് പറഞ്ഞിട്ടുണ്ടു്: "മനുഷ്യൻെറ ബോധം അയാളുടെ ജീവിതത്തെയല്ല; നേരേമറിച്ചു്, അയാളുടെ സാമൂഹ്യജീവിതം ബോധത്തെയാണു നിർണ്ണയിക്കുന്നതു്." അദ്ദേഹം ഇതുകൂടി കൂട്ടിച്ചേർത്തു

“തത്വശാസ്ത്രജ്ഞന്മാർ പലവിധത്തിൽ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുക യേ ചെയ്തിട്ടുള്ളൂ; വേണ്ടതാകട്ടെ പ്രപഞ്ചത്തെ മാററുകയാണ്.” മനു ഷ്യസമുദായചരിത്രത്തിലാദ്യമായി, ആശയസമുച്ചയവും ജീവിതവും ത മ്മിലുള്ള ബന്ധം സംബന്ധിച്ച പ്രശ്നത്തിന്നു നൽകപ്പെട്ട ശാസ്ത്രീയമായ സമാധാനമാണിതു്. ഈ മൗലികമായ അടിസ്ഥാനത്തെ മുറുകെപ്പിടിച്ചു കൊണ്ടാണ് ലെനിൻ തൻെറ വിപ്ലവകരമായ പ്രതിഫലനസിദ്ധാന്തം മാർക്സിസ്ററുവീക്ഷണഃകാണത്തോടുകൂടി വളർത്തിയതു്. ചൈനയുടെ സാംസ്കാരികപ്രശ്നങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദത്തിൽ ഈ മൗലി കമായ സംഗതി നാം വിട്ടുകളയരുതു്.

ഈ നിലയ്ക്കു നോക്കുമ്പോൾ നമുക്കു വ്യക്തമായി കാണാം: ത്യാ ജ്യകോടിയിൽ തള്ളേണ്ടതായ പഴയ സംസ്കാരത്തെ, നമ്മുടെ രാഷ്ട്ര ത്തിലെ പഴയ രാഷ്ട്റീയ-സാമ്പത്തികബന്ധങ്ങളുമായി ബന്ധപ്പെടു ത്തിവേണം നാം വീക്ഷിക്കാൻ; അതുപോലെതന്നെ നാം സൃഷ്ടിക്കാൻ പോകുന്ന പുതിയ സംസ്കാരത്തേയും നമ്മുടെ രാഷ്ട്റത്തിൻെറ പുതിയ രാഷ്ട്റിയ-സാമ്പത്തികബന്ധങ്ങളുമായി ഇണക്കിയിട്ടുവേണം നാം വീക്ഷിക്കുക. ചൈനീസ്‌രാഷ്ട്റത്തിൻെറ പഴയ രാഷ്ട്റീയ-സാമ്പ ത്തികബന്ധങ്ങളാണ് അതിൻെറ പഴയ സംസ്കാരത്തിന്നടിസ്ഥാനം; അ തുപോലെ, പുതിയൊരു രാഷ്ട്റീയഘടനയും സാമ്പത്തികവ്യവസ്ഥ യുമാവണം, പുതിയ സംസ്കാരത്തിന്നടിസ്ഥാനം.

അപ്പോൾ, പഴയ രാഷ്ട്റിയബന്ധങ്ങൾ, പഴയ സാമ്പത്തിക വ്യവസ്ഥ എന്നിവയുടെ ഉള്ളടക്കമെന്താണ്? അതുപോലെ, എന്താണു പഴയ സംസ്കാരമെന്നുവച്ചാൽ?

പുരാതനമായ ചൗ-ചിൻ രാജവംശങ്ങളുടെ വാഴ്ച്ചക്കാലംമുതൽ ചൈന ഒരു നാടുവാഴിസമുദായമാണ്. അതിൻെറ രാഷ്ട്റീയബന്ധ ങ്ങളും സാമ്പത്തികവ്യവസ്ഥയും നാടുവാഴിത്തപരമാണ്. അതുപോലെ തന്നെ അതിൻെറ സംസ്കാരവും—പ്രസ്തുത കാലഘട്ടത്തിൻെറ രാഷ്ട്റീ യ-സാമ്പത്തികബന്ധങ്ങളുടെ പ്രതിഫലനമാണല്ലോ അന്നത്തെ സം സ്കാരം.

എന്നാൽ, വിദേശമുതലാളിത്തത്തിൻെറ ആക്രമണമാരംഭിച്ചതു തൊട്ടു്, അവീൻയുദ്ധം തുടങ്ങി ഇന്നത്തെ ജാപ്പുവിരുദ്ധയുദ്ധംവരെയു ള്ള കാലത്തിനിടയ്ക്കു്, ചൈനീസ്‌സമുദായത്തിനുള്ളിൽ മുതലാളിത്ത ശക്തികൾ ക്രമാനുകൂലമായി വളരാൻ തുടങ്ങിയതുമുതൽക്കു്, ചൈന

ക്രമേണ ഒരു കൊളോണിയൽ-അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്തസമുദായമായി മാറാൻ തുടങ്ങി. ഇപ്പോഴും, ജപ്പാൻ കീഴടക്കിയ മേഖലകളിലെല്ലാം നമുക്കുള്ളത് ഒരു കൊളോണിയൽ സാമൂഹ്യഘടനയാണ്; അല്ലാത്ത മേഖലകളിൽ അർദ്ധകൊളോണിയൽ സാമൂഹ്യഘടനയും. ഇതേസമയംതന്നെ, ഇവ രണ്ടിലും നാടുവാഴിത്തസമ്പ്രദായമാണ് മേധാവിത്വം വഹിക്കുന്നത്. ഇതാണ് ഇന്നത്തെ ചൈനീസ്സമുദായത്തിന്റെ സ്വഭാവം; മറെറാരു വാക്കിൽ പറഞ്ഞാൽ, ചൈനയുടെ "ദേശീയസ്ഥിതിഗതി" ഇതാണ്. ഇങ്ങനെ, മുഖ്യമായ രാഷ്ട്രീയഘടനയും സാമ്പത്തികവ്യവസ്ഥയും കൊളോണിയൽ-അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്തപരമാകുന്നു; അതുപോലെതന്നെ അതിന്റെ സംസ്കാരവും.

മേല്പറഞ്ഞ ഈ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികബന്ധങ്ങളാണ് നാം വിപ്ലവംകൊണ്ടു തുരത്താനുദ്ദേശിക്കുന്നത്. ഈ പഴയ കൊളോണിയൽ-അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്ത രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികബന്ധങ്ങളെയാണ് നാം തുടച്ചുനീക്കാൻ പോകുന്നത്. ശരിക്കു പറഞ്ഞാൽ ഈ പഴയവയ്ക്കു തികച്ചും എതിരായ ഒരു രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികബന്ധമാണ് നാമിവിടെ സൃഷ്ടിക്കാൻ ഭാവിക്കുന്നത്.

• അപ്പോൾ, ചൈനീസ്രാഷ്ട്രത്തിന്റെ ഈ പുതിയ രാഷ്ട്രീയഘടനയുടേയും, സാമ്പത്തികവ്യവസ്ഥയുടേയും ഉള്ളടക്കമെന്തായിരിക്കും? അതുപോലെതന്നെ പുതിയ സംസ്കാരത്തിന്റെയും?

ചൈനീസ്‌വിപ്ലവത്തിന്റെ ചരിത്രപരമായ ഗതിയെ രണ്ടു ഘട്ടങ്ങളായി വേർതിരിക്കേണ്ടിയിരിക്കുന്നു: ഒന്നാമതായി ജനാധിപത്യവിപ്ലവവും, പിന്നെ സോഷ്യലിസ്ററുവിപ്ലവവും—വിപ്ലവകരമായ ഈ രണ്ടു ഗതികളും രണ്ടുതരത്തിൽപ്പെട്ടവയാണ്. ജനാധിപത്യമെന്നു ഇവിടെ പറഞ്ഞിട്ടുള്ളതു്, പഴയതരത്തിലുള്ള പഴയ ജനാധിപത്യമല്ല; പ്രത്യുത, പുതിയതരത്തിലുള്ള, പുതിയ ജനാധിപത്യമാണ്.

അതുകൊണ്ടു്, നിശ്ചയമായും നമുക്കുറപ്പിക്കാം, ചൈനീസ്‌രാഷ്ട്റത്തിന്റെ പുതിയ രാഷ്ട്റീയഘടനയും സാമ്പത്തികവ്യവസ്ഥയും സംസ്കാരവും, പുതിയ ജനാധിപത്യത്തിന്റെ രാഷ്ട്റീയഘടനയും സാമ്പത്തികവ്യവസ്ഥയും സംസ്കാരവുമല്ലാതെ മറെറാന്നുമല്ല എന്നു്.

ഇതാണ ചൈനീസ് വിപ്ലവത്തിൻെറ ഇന്നത്തെ ഘട്ടത്തിനുള്ള ചരിത്രപരമായ പ്രത്യേകത. ചൈനയിലെ വിപ്ലവപ്രവത്തനത്തിലേപ്പെട്ടുന്ന എല്ലാവരും ഈ ചരിത്രപരമായ പ്രത്യേകത മറക്കാതെ മനസ്സിലോമ്മിച്ചാൽ മാത്രമേ, വിപ്ലവം നയിക്കാനോ അതിനെ വിജയത്തിലെത്തിക്കാനോ കഴികയുള്ളു. അല്ലാത്തപക്ഷം, ജനങ്ങൾ അവരെ നിശ്ചയമായും പുറംതള്ളുമെന്നു മാത്രമല്ല, വിപ്ലവത്തെസ്സംബന്ധിച്ചിടത്തോളം അതൊരു അനിവാര്യമായ ദയനീയപരാജയവുമായിരിക്കും.

## IV

## ചൈനീസ് വിപ്ലവം ലോക വിപ്ലവത്തിൻെറ ഭാഗം

ചൈനീസ് വിപ്ലവത്തിൻെറ ചരിത്രപരമായ പ്രത്യേകത അതിനെ ജനാധിപത്യവിപ്ലവമെന്നും സോഷ്യലിസ്റ്റുവിപ്ലവമെന്നുമുള്ള രണ്ടു ഘട്ടങ്ങളിലൂടെയാണ് വളത്തുന്നതെന്നു നാം കണ്ടല്ലോ. എന്നാൽ ആദ്യത്തെ പടിയായ ആ ജനാധിപത്യവിപ്ലവം, അതിൻെറ പൊതുവായ അത്ഥത്തിൽ, എല്ലാവരും അറിയുന്ന ആ പഴയ ജനാധിപത്യമല്ലെന്നും നേരേമറിച്ച് പുതിയ, പ്രത്യേകതരത്തിലുള്ള, ചൈനീസ് രീതിയിലുള്ള, ഒരു പുതിയ ജനാധിപത്യമാണെന്നും നാം കാണുന്നു. ഈ ചരിത്രപരമായ പ്രത്യേകത എങ്ങനെയുണ്ടായി? കഴിഞ്ഞ നൂററാണ്ടിനിടയ്ക്കുതന്നെ ഇതുപടി നിലനിന്നുവന്നിരുന്നതോ, അതോ, അതിനുശേഷം ഉണ്ടായതോ?

അവീൻയുദ്ധത്തിൻെറ ഘട്ടത്തിലോ, അതുകഴിഞ്ഞുള്ള തൊട്ടടുത്ത അവസരത്തിലോ ചൈനീസ് വിപ്ലവത്തിൻെറ ഈ ചരിത്രപരമായ പ്രത്യേകത നിലവിലില്ലായിരുന്നുവെന്നും, ഒന്നാംലോകമഹായുദ്ധത്തിനും റഷ്യയിലെ ഒക്ടോബർവിപ്ലവത്തിനും ശേഷമാണതുണ്ടായതെന്നുമുള്ള പരമാത്ഥം ചൈനയുടേയും ലോകത്തിൻേറയും ചരിത്രപരമായ വളച്ചയേക്കുറിച്ചുള്ള ഏതു നിസ്സാരപഠനവും തെളിയിക്കുന്നതാണ്. അതിൻെറ ആ രൂപീകരണത്തിൻെറ ഗതിയെക്കുറിച്ച നമുക്കും ഒന്നു പരിശോധിച്ചുനോക്കാം.

ഇന്നത്തെ ചൈനീസ്സമുദായത്തിൻെറ സ്വഭാവം, കൊളോണിയൽ-അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്തപരമാണെന്നിരിക്കെ, അതുകൊണ്ടുതന്നെ ചൈനീസ്വിപ്ലവത്തിൻെറ ഗതി രണ്ടു ഘട്ടങ്ങളിലൂടെ വേണ്ടിയിരിക്കുന്നുവെന്നു തെളിയുന്നുണ്ടു്. കൊളോണിയൽ-അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്തസമുദായത്തിൽനിന്നു് നാടിനെ ഒരു സ്വതന്ത്രജനാധിപത്യസമുദായമായി മാററാനുള്ള ഒന്നാമത്തെ ഘട്ടവും, സോഷ്യലിസ്ററുസമുദായം കെട്ടിപ്പടുക്കാൻവേണ്ടി വിപ്ലവത്തെ വിടാതെ മുന്നോട്ടുനീക്കുന്ന രണ്ടാമത്തെ ഘട്ടവും. ഇതിൽ നാമിന്നു നടത്തുന്നതു ചൈനീസ്വിപ്ലവത്തിൻെറ ഒന്നാംഘട്ടമാണു്.

1840-ലെ അവീൻയുദ്ധംതൊട്ടുകൂടിത്തന്നെ, അതായതു ചൈന അതിൻെറ പഴയ നാടുവാഴിസമുദായത്തിൽനിന്നു് അർദ്ധകൊളോണിയൽ-അർദ്ധനാടുവാഴിത്തരൂപത്തിലേക്കു വളരാൻ തുടങ്ങിയതോടുകൂടിത്തന്നെ, ഈ ഒന്നാംഘട്ടം ആരംഭിച്ചുവെന്നു പറയാം. അതിനെത്തുടർന്നുടായ്പിങ്ങ്വിപ്ലവം, ചൈനാ-ഫ്റഞ്ചുയുദ്ധം, ചൈനാ-ജപ്പാൻയുദ്ധം, 1898-ലെ ഉല്പതിഷ്ണുപ്രസ്ഥാനം, 1911-ലെ വിപ്ലവം, മേയ് 4 പ്രസ്ഥാനം, മേയ് 30 പ്രസ്ഥാനം, വടക്കൻ യുദ്ധയാത്ര, കാർഷികവിപ്ലവം, ഡിസംബർ 9 പ്രസ്ഥാനം, ഇന്നത്തെ ജാപ്പ്വിരുദ്ധയുദ്ധം എന്നിങ്ങനെ എത്രയോ സമരങ്ങൾ നടന്നിട്ടുണ്ടു്. മേല്പറഞ്ഞ എല്ലാ പ്രസ്ഥാനങ്ങളുംതന്നെ, ഒരുനിലയ്ക്കു നോക്കിയാൽ, ചൈനീസ്വിപ്ലവത്തിൻെറ ആ ഒന്നാംഘട്ടം പൂരിപ്പിക്കുന്നതിനുംവേണ്ടിയുള്ളവയായിരുന്നു. വ്യത്യസ്തഘട്ടങ്ങളിലും വ്യത്യസ്തതോതുകളിലുമായി, സാമ്രാജ്യത്വ നാടുവാഴിത്തശക്തികളെ തുരത്താനും ഒരു സ്വതന്ത്രജനാധിപത്യസമുദായം സ്ഥാപിക്കുവാനുംവേണ്ടി, ചൈനീസ്ജനത നടത്തിയ പ്രസ്ഥാനങ്ങളായിരുന്നു അവ. ഇതിൻെറ യഥാർത്ഥമായ അർത്ഥത്തിലുള്ള ഒരു പ്രായോഗീകരണമായിരുന്നു 1911-ലെ വിപ്ലവം. എന്നാൽ ആ വിപ്ലവവും, അതിൻെറ സാമൂഹ്യസ്വഭാവംവച്ചു നോക്കുമ്പോൾ, ഒരു ബൂർഷ്വാ ജനാധിപത്യവിപ്ലവമായിരുന്നു; അല്ലാതെ തൊഴിലാളിസോഷ്യലിസ്ററുവിപ്ലവമായിരുന്നില്ല. ഈ വിപ്ലവം പൂർണ്ണമായും വിജയത്തിലെത്തുവാൻ ഇനിയും വളരെ ദൂരം നീങ്ങേണ്ടതുണ്ടു്; കാരണം അതിൻെറ ശത്രുക്കൾക്കിപ്പോഴും അങ്ങേയററത്തെ ശക്തിയുണ്ടു്. ഈ ബൂർഷ്വാജനാധിപത്യവിപ്ലവത്തെ പരാമർശിച്ചാണു് ഡാക്ടർ സൺ-യററ് സെൻ തൻെറ ഈ സുപ്രസിദ്ധമായ താക്കീതു നൽകിയതു്: „വിപ്ലവം ഇനിയും പോരാടി ജയിക്കേണ്ടതുണ്ടു്; സഹാക്കളെ, വിട്ടൊഴിയാതെ, ഇനിയും അദ്ധ്വാനിക്കുവിൻ!"

എന്നാൽ ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം, 1917-ലെ റഷ്യൻ ഒക്ടോബർവിപ്ലവത്തിൻെറ വിജയത്തിലൂടെ ഭൂഗോളത്തിലെ കരയുള്ള ഭാഗത്തിൻെറ ആറിലൊന്നിൽ സോഷ്യലിസ്ററുഭരണം സുസ്ഥാപിതമായതോടുകൂടി, ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവത്തിൽ ഒരു മാററം വന്നു.

അതിനുമുമ്പ്, ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവം ലോകബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ പന്തിയിലാണുൾപ്പെട്ടിരുന്നതു്; അതിൻെറ ഒരു ഭാഗമായാണിരുന്നതു്.

അതിനുശേഷമാകട്ടെ, ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവം അതിൻെറ സ്വഭാവം മാററുകയും പുതിയ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ പരിധിയിലേയ്ക്കു വരികയും ചെയ്തിരിക്കുന്നു. വിപ്ലവമുന്നണിയെസ്സംബന്ധിച്ചിടത്തോളം ലോകതൊഴിലാളിസോഷ്യലിസ്ററുവിപ്ലവത്തിൻെറ ഒരു ഭാഗമായിക്കഴിഞ്ഞിരിക്കുന്നു.

ഈ മാററത്തിനുള്ള കാരണം? ഒന്നാംലോകമഹായുദ്ധവും വിജയകരമായ ഒക്ടോബർ സോഷ്യലിസ്ററുവിപ്ലവവും ലോകത്തിൻെറ ചരിത്രപരമായ ഗതിയെത്തന്നെ മാററിമറിച്ചുവെന്നതുതന്നെ. ചരിത്രപരമായ ആ രണ്ടു ഘട്ടങ്ങളുടേയും ഇടയ്ക്കു മൂർച്ചയേറിയ ഒരു വിഭജനരേഖതന്നെ അതു വരച്ചു.

ഭൂമുഖത്തിൻെറ ഒരുഭാഗത്തു് (അതായതു് കരയുള്ള ഭാഗങ്ങളുടെ ആറിലൊന്നിൽ) ലോകമുതലാളിത്തം തുരത്തപ്പെടുക; മററുഭാഗങ്ങളിലും അതിൻെറ മരണമണി മുഴങ്ങിത്തുടങ്ങുക; ശേഷിപ്പുള്ള ലോകമുതലാളിത്തമുന്നണിക്കു് കോളണികളിന്മേലും അർദ്ധകോളണികളിന്മേലും കൂടുതൽ മുറുകിപ്പിടിച്ചാലല്ലാതെ ഗതിയില്ലെന്നാവുക; ഒരു സോഷ്യലിസ്ററുഭരണകൂടം നിലവിൽ വന്നുവെന്നു മാത്രമല്ല, അതു് എല്ലാ കോളണികളിലേയും അർദ്ധകോളണികളിലേയും വിമോചനപ്രസ്ഥാനങ്ങളെ സ്വയം സഹായിക്കാൻ മുൻകയ്യെടുത്തു നില്ക്കുക; മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം സാമ്രാജ്യത്വസോഷ്യൽഡെമോക്രാട്ടിക്കുപാർട്ടികളുടെ സ്വാധീനവലയത്തിൽനിന്നു് കൂടുതൽകൂടുതൽ വിടുതിനേടാനും കോളണികളിലേയും അർദ്ധകോളണികളിലേയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ സഹായിക്കാനും തയ്യാറാവുക—ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ, സാമ്രാജ്യത്വത്തിനോ ലോകമുതലാളിത്തത്തിനോ എതിരായി കോളണികളിലോ അർദ്ധകോളണികളിലോ ഉയർന്നുവരുന്ന യാതൊരു വി

പ്ലവത്തിനും പഴയ ലോകബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ പന്തിയിൽപെടാൻ സാദ്ധ്യമല്ല; പ്രത്യുത, ഒരു പുതിയ പരിധിയിലായിരിക്കും അതുൾപ്പെടുക. അതു പഴയ ലോകബൂർഷ്വാ, അല്ലെങ്കിൽ, മുതലാളിത്ത,വിപ്ലവത്തിൻെറ ഒരു ഭാഗമല്ലാതായിത്തീരുന്നു; പകരം ഒരു പുതിയ ലോകവിപ്ലവത്തിൻെറ, തൊഴിലാളിസോഷ്യലിസ്ററുവിപ്ലവത്തിൻെറ, ഭാഗമായി മാറുന്നു. ഇത്തരം, വിപ്ലവകരമായ കോളണികളേയും അദ്ധകോളണികളേയും ലോകമുതലാളിത്തത്തിൻെറ എതിർവിപ്ലവമുന്നണിയുടെ സമരബന്ധുക്കളായിട്ടല്ല, ലോകസോഷ്യലിസ്ററുവിപ്ലവമുന്നണിയുടെ സമരബന്ധുക്കളായിട്ടാണ്, കണക്കാക്കേണ്ടതു്.

കോളണികളിലും അദ്ധകോളണികളിലുമുള്ള ഈ വിപ്ലവത്തിൻെറ ഒന്നാംഘട്ടം, അതിൻെറ സാമൂഹ്യസ്വഭാവംവച്ചു നോക്കുകയാണെങ്കിൽ, മൌലികമായി ഇപ്പോഴും ഒരു ബൂർഷ്വാജനാധിപത്യവിപ്ലവംതന്നെയാണെങ്കിലും, ഇപ്പോഴും അതിൻെറ അടിസ്ഥാനപരമായ ആവശ്യം മുതലാളിത്തവളച്ചയുടെ മുമ്പിലുള്ള തടസ്സങ്ങൾ തട്ടിനീക്കുകയാണെങ്കിലും, കേവലം ബൂർഷ്വാവർഗ്ഗം നയിക്കുന്നതോ മുതലാളിത്തസമുദായവും ബൂർഷ്വാസർവ്വാധിപത്യഭരണവും സ്ഥാപിക്കാനുള്ളതോ ആയ പഴയതരം വിപ്ലവമല്ല ഈ വിപ്ലവം; നേരേമറിച്ചു്, മുഴുവനുമോ ഭാഗികമോ ആയി തൊഴിലാളിവർഗ്ഗം നയിക്കുന്നതും പുതിയൊരു ജനാധിപത്യസമുദായമോ, അതല്ലെങ്കിൽ ഇതിൻെറ ഒന്നാംഘട്ടത്തിൽ വിവിധ വിപ്ലവവർഗ്ഗങ്ങളുടെ കൂട്ടുസഖ്യത്തിലുള്ള ഒരു ഭരണമോ സ്ഥാപിക്കുന്നതുമായ ഒരു പുതിയതരത്തിലുള്ള വിപ്ലവമാണ് ഈ വിപ്ലവം. പക്ഷേ, ഇതിൻെറ പുരോഗതിക്കിടയിൽ ബന്ധുക്കളുടേയും ശത്രുക്കളുടേയും നിലകൾ മാറുന്നതനുസരിച്ചു് അപ്പഴപ്പോൾ പല പതനങ്ങളിലൂടേയും ഇതിനു കടന്നുപോകേണ്ടിവന്നേക്കാമെങ്കിലും ഈ വിപ്ലവത്തിൻെറ മൌലികസ്വഭാവം സോഷ്യലിസ്ററുവിപ്ലവത്തിൻേറ വരവുവരെ മാററുന്നതല്ല.

ഈ തരത്തിലുള്ള ഒരു ജനാധിപത്യവിപ്ലവം, സാമ്രാജ്യത്വത്തിൻെറ നേരെയുള്ള ഊക്കേറിയ ഒരിടിയാകകൊണ്ടു്, സാമ്രാജ്യവാദികൾ ഇതനുവദിക്കുകയില്ലെന്നു മാത്രമല്ല, ഇതിനെ വെറുക്കുകയും ചെറുക്കുകയുംകൂടി ചെയ്യുന്നതായിരിക്കും; എന്നാൽ, അതേസമയം, സോഷ്യലിസ്ററുരാഷ്ട്ററവും ലോകസോഷ്യലിസ്ററുതൊഴിലാളിവർഗ്ഗവും ഇതിനെ അങ്ങേയററംവരെ സ്വാഗതംചെയ്യുകയും സഹായിക്കുകയും ചെയ്യുമെന്നതും തീർച്ചയാണ്.

അങ്ങനെ, ഈ വിപ്ലവം ലോകതൊഴിലാളിസോഷ്യലിസ്ററു വിപ്ലവത്തിൻെറ ഭാഗമായി തീരുകയെന്നതു് അനിവാര്യമത്രേ.

"ചൈനീസ്‌വിപ്ലവം ലോകവിപ്ലവത്തിൻെറ ഭാഗമാണു്" എന്ന ഈ ശരിയായ തത്വം, 1924-27-ലെ ചൈനയിലെ മഹത്തായ വിപ്ലവത്തിൻെറ കാലത്തുതന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ആദ്യമായി കമ്മ്യൂണിസ്ററുകാർ മുന്നോട്ടുവച്ച ഈ തത്വത്തെ, സാമ്രാജ്യത്വത്തിനും നാട്ടുവാഴിമേധാവിത്വത്തിനും എതിരായ സമരത്തിൽ അന്നു പങ്കുകൊണ്ടിരുന്ന എല്ലാവരും അംഗീകരിക്കുകയുണ്ടായി. പക്ഷേ, അന്നു് അതൊരവ്യക്തതത്വമായിരുന്നു; അതിനെ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ടായിരുന്നു. എനിക്കോർമ്മയുണ്ടു്, 1925 ൽ ചെൻചുയിങ്ങ്-മിങ്ങ് കൂട്ടാളികൾക്കെതിരായ സമരത്തിന്നിടയ്ക്കു്, സാംടൗവിൽ വെച്ചു ചിയാങ്ങ്കൈഷേക്കുകൂടിയും ഇങ്ങനെ പറയുകയുണ്ടായതു്: "ചൈനീസ്‌വിപ്ലവം ലോകവിപ്ലവത്തിൻെറ ഒരു ഭാഗമാകുന്നു."

ഞാനിപ്പറഞ്ഞ "ലോകവിപ്ലവം," എന്നോ കാലഹരണം വന്നുകഴിഞ്ഞ പഴയ ബൂർഷ്വാലോകവിപ്ലവമല്ല; പ്രത്യുത, പുതിയ ലോകവിപ്ലവമാണു്, സോഷ്യലിസ്ററുവിപ്ലവമാണു്. അതുകൊണ്ടു് സ്വാഭാവികമായിത്തന്നെ, നമ്മുടെ വിപ്ലവം ലോകവിപ്ലവത്തിൻെറ "ഭാഗ"മെന്നു പറയുമ്പോൾ, അതു പഴയ ബൂർഷ്വാവിപ്ലവത്തിൻെറ ഭാഗമല്ല, നേരേമറിച്ചു പുതിയ സോഷ്യലിസ്ററുവിപ്ലവത്തിൻെറയാണെന്നർത്ഥം. ചൈനീസ്‌ചരിത്രത്തിലോ, ലോകചരിത്രത്തിലോ മുമ്പുണ്ടായിട്ടില്ലാത്തത്ര മഹത്തരവും അനുപമവുമായ ഒരു മാററമാണിതു്.

സ്റ്റാലിൻെറ ശരിയായ വിപ്ലവസിദ്ധാന്തത്തിലടിയുറച്ചുനിന്നും അതിനെ അടിസ്ഥാനപ്പെടുത്തിയുമാണു ചൈനീസ്‌കമ്മ്യൂണിസ്ററുകാർ ഈ ശരിയായ തത്വം മുന്നോട്ടു കൊണ്ടുവന്നതു്.

1918-ൽതന്നെ, അത്രമുമ്പുതന്നെ, ഒക്ടോബർവിപ്ലവത്തിൻെറ ഒന്നാംവാർഷികംപ്രമാണിച്ചുള്ള തൻെറ ലേഖനത്തിൽ, സ്റ്റാലിൻ ഇങ്ങനെയെഴുതി:

"ഒക്ടോബർവിപ്ലവത്തിൻെറ സാർവ്വദേശീയപ്രാധാന്യം മുഖ്യമായും താഴെപ്പറയുന്ന പരമാർത്ഥങ്ങളിലാണു കിടക്കുന്നതു്.

1) ദേശീയപ്രശ്നത്തിൻെറ പരിധിയെ അതു വിപുലപ്പെടുത്തി: ദേശീയമർദ്ദനത്തെ ചെറുക്കുകയെന്ന ആ പ്രത്യേകപ്രശ്നത്തെ, മർദ്ദിതരാഷ്ട്റങ്ങളെ, കോളണികളേയും അർദ്ധകോളണികളേയും സാമ്രാജ്യത്വത്തിൽനിന്നും മോചിപ്പിക്കുകയെന്ന പൊതുപ്രശ്നമാക്കി ഉയർത്തി.

2) അതു വമ്പിച്ച സാദ്ധ്യതകളെ അഴിച്ചുവിട്ടു; മോചനം നേടുന്നതിനുള്ള ശരിയായ വഴി തുറന്നുകാട്ടി; പാശ്ചാത്യവും പൗരസ്ത്യവുമായ മർദ്ദിതരാഷ്ട്റങ്ങളെയെല്ലാം സാമ്രാജ്യത്വത്തിനെതിരായ പൊതുസമരമാർഗ്ഗത്തിലേക്കാകർഷിച്ച്, അതുവഴി അവയുടെ വിമോചനപ്രസ്ഥാനത്തെ വളരെയധികം സഹായിച്ചു.

3) പാശ്ചാത്യതൊഴിലാളിവർഗ്ഗത്തിൽനിന്നു തുടങ്ങി, റഷ്യൻ വിപ്ലവത്തിലൂടെ കടന്ന്, പൌരസ്ത്യമർദ്ദിതരാഷ്ട്റങ്ങൾവരെ, ലോകസാമ്രാജ്യത്വത്തിന്നെതിരായി വിപ്ലവത്തിൻെറ ഒരു പുതിയ സമരമുന്നണി സൃഷ്ടിച്ചുകൊണ്ട്, സോഷ്യലിസ്റ്റ് പാശ്ചാത്യലോകവും അടിമത്തത്തിലാണ്ട പൌരസ്ത്യലോകവും തമ്മിൽ ഇങ്ങനെ, അതൊരു പാലം സൃഷ്ടിച്ചു."

പ്രസ്തുത ലേഖനത്തിൻെറ പ്രസിദ്ധീകരണത്തിനുശേഷം കോളണികളിലേയും അർദ്ധകോളണികളിലേയും വിപ്ലവസിദ്ധാന്തത്തെ പഴയതരം വിപ്ലവങ്ങളിൽനിന്ന് അതിന്നുണ്ടായിട്ടുള്ള വിഭിന്നസ്വഭാവത്തെ സംബന്ധിച്ചും തൊഴിലാളിസോഷ്യലിസ്ററുവിപ്ലവത്തിലേക്കുള്ള അതിൻെറ പരിവർത്തനത്തെ പുരസ്കരിച്ചും മററുമൊക്കെയുള്ള തത്വങ്ങളെ സ്റ്റാലിൻ പിന്നേയും പിന്നേയും വളരെയധികം വളർത്തുകയും വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, സ്റ്റാലിൻ ഇതു് ഏററവും വ്യക്തമായും വിശദമായും വിവരിച്ചുപറഞ്ഞതു്, യൂഗോസ്ലാവിയൻദേശീയവാദികളുമായി നടത്തിക്കൊണ്ടിരുന്ന വാദപ്രതിവാദത്തിനിടയ്ക്കാണ്. 1925 ജൂൺ 30-ാംനു- എഴുതിയ "ദേശീയപ്രശ്നത്തെപ്പററി വീണ്ടും" എന്ന രേഖയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:

1912-ൻെറ അവസാനത്തിൽ സ്റ്റാലിനെഴുതിയ 'മാർക്സിസവും ദേശീയപ്രശ്നവു'മെന്ന ലഘുലേഖയിലൊരുഭാഗം സ: സെമിച്ച് ഉദ്ധരിക്കുന്നു. അതിൽ പ്രസ്താവിച്ചിരുന്നു, 'ദേശീയസമരം......ബൂർഷ്വാവർഗ്ഗങ്ങൾ തമ്മിൽത്തമ്മിൽ നടത്തുന്ന ഒരു സ

മരമാണെന്നു്. ഇതു് ഉദ്ധരിച്ചുകൊണ്ടു് ഇദ്ദേഹം സ്ഥാപിക്കാൻ ശ്രമിക്കുന്നതു്, നവീനചരിത്രപരിതഃസ്ഥിതിയിൽ ദേശീയപ്രസ്ഥാനത്തിൻെറ സാമൂഹ്യാൎത്ഥം തിട്ടപ്പെടുത്തിക്കൊണ്ടുള്ള തൻെറ സ്വന്തം നിൎവ്വചനമാണു ശരിയെന്നത്രെ. പക്ഷേ, സ്റ്റാലിൻെറ ലഘുലേഖ എഴുതപ്പെട്ടതു്, സാമ്രാജ്യത്വയുദ്ധത്തിനു മുമ്പാണു്; ദേശീയപ്രശ്നത്തിനു മാർക്സിസ്റ്റ്കാരുടെ ദൃഷ്ടിയിൽ അഖിലലോകപ്രാധാന്യം ഉണ്ടായിക്കഴിയുന്നതിനു മുമ്പാണു്; മാർക്സിസ്ററുകാർ മൌലികമായാവശ്യപ്പെട്ടിരുന്ന സ്വയംനിർണ്ണയാവകാശ്യം തൊഴിലാളിവിപ്ലവത്തിൻെറ ഭാഗമല്ല, പ്രത്യുത ബൂഷ്വാജനാധിപത്യവിപ്ലവത്തിൻെറ ഭാഗമാണു് എന്നു കരുതപ്പെട്ടിരുന്ന കാലത്താണു്. എന്നാൽ, അതിനുശേഷം സാൎവ്വദേശീയപരിതഃസ്ഥിതിയുടെ അടിസ്ഥാനംതന്നെ മാറിയിട്ടുണ്ടെന്നും, ഒരു വശത്തുനിന്നു യുദ്ധയും മറുവശത്തുനിന്നു റഷ്യൻ ഒക്ടോബർവിപ്ലവവുംകൂടി ബൂഷ്വാജനാധിപത്യവിപ്ലവത്തിൻെറ ഒരു ഭാഗമെന്നതിൽനിന്നു് ദേശീയപ്രശ്നത്തെ തൊഴിലാളിസോഷ്യലിസ്റ്റ്വിപ്ലവത്തിൻെറ ഒരു ഭാഗമാക്കി ഉയൎത്തിയിട്ടുണ്ടെന്നും വിസ്മരിക്കുന്നതു മൂഢതയായിരിക്കും. 1916 ഒക്ടോബറിൽത്തന്നെ, 'സ്വയംനിർണ്ണയാവകാശം സംബന്ധിച്ച വാദപ്രതിവാദസംഗ്രഹം' എന്ന തൻെറ ലേഖനത്തിൽ ലെനിൻ പറഞ്ഞു: ദേശീയപ്രശ്നത്തിൻെറ മൂലതത്വമായ സ്വയംനിർണ്ണയാവകാശം, പൊതുജനാധിപത്യപ്രസ്ഥാനത്തിൻെറ ഭാഗമല്ലാതായിക്കഴിഞ്ഞിരിക്കുന്നു; നേരെമറിച്ചു് അതു പൊതുവിലുള്ള തൊഴിലാളിസോഷ്യലിസ്ററുവിപ്ലവത്തിൻെറ അഭേദ്യഭാഗമായി മാറിയിരിക്കുന്നു. ലെനിനും റഷ്യൻകമ്മ്യൂണിസത്തിൻെറ മററു പ്രതിനിധികളും ദേശീയപ്രശ്നത്തെക്കുറിച്ചു പിന്നീടെഴുതിയിട്ടുള്ള കൃതികളിലേക്കു ഞാൻ കടക്കുന്നില്ല. ഇതെല്ലാംവെച്ചുനോക്കിയാൽ, റഷ്യൻ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ കാലത്തു സ്റ്റാലിൻ എഴുതിയ ഒരു ലഘുലേഖയിലൊരുഭാഗത്തിന്മേൽ, അതും, പുതിയ ചരിത്രപരിതഃസ്ഥിതിയുടെ ഫലമായി നാമൊരു പുതിയ കാലഘട്ടത്തിലേക്കു്, ലോകതൊഴിലാളിവിപ്ലവത്തിൻെറ ഘട്ടത്തിലേക്കു്, പ്രവേശിച്ചിരിക്കുന്ന ഈ അവസരത്തിൽ, സ: സെമിച്ച് പിടികൂടുന്നുവെന്നതിന്നു് എന്തു വ്യാഖ്യാനമാണു നാം നൽകേണ്ടതു്? ഇതിന്നു നൽകാവുന്ന ഒററ വ്യാഖ്യാനം ഇതു

മാത്രമാണ്: യഥാർത്ഥചരിത്രപരിതഃസ്ഥിതി, ദിക്ക്, കാലം എന്നിവയോടൊന്നും യാതൊരു ബന്ധവുംകൂടാതെയാണ് സ: സെമിച്ച് തൻെറ പ്രമാണങ്ങളുദ്ധരിക്കുന്നത്; അതുകൊണ്ടദ്ദേഹം, വൈരുദ്ധ്യാധിഷ്ഠിതവീക്ഷണത്തിൻെറ പ്രാഥമികതത്വങ്ങളെയാണവഹേളിക്കുന്നത്; ഒരു പ്രത്യേക ചരിത്രപരിതഃസ്ഥിതിയിൽ ശരിയായിരുന്നത് മററൊരു ചരിത്രപരിതഃസ്ഥിതിയിൽ തെററായിത്തീരാമെന്ന പരമാർത്ഥം പരിഗണിക്കാതിരിക്കുകയാണ ചെയ്യുന്നത്......" (ജെ. വി. സ്റ്റാലിൻ, "ദേശീയപ്രശ്നത്തെപ്പററി വീണ്ടും" മാർക്സിസവും ദേശീയകൊളോണിയൽപ്രശ്നവും, ലാറൻസ് ആൻഡ് വിഷാർട്ട്, 1947, പേജ് 225-226)

മേലെഴുതിയതിൽനിന്നു നമുക്ക് വ്യക്തമായി കാണാൻ കഴിയുന്നുണ്ട്, രണ്ടുതരം വിപ്ലവങ്ങളുണ്ടെന്ന്. ആദ്യത്തേത്, ബൂർഷ്വാ, അല്ലെങ്കിൽ മുതലാളിത്ത,പന്തിയിൽപെട്ടത്. എന്നാൽ, 1914 ലെ ഒന്നാം ലോകമഹായുദ്ധത്തോടുകൂടി, വിശേഷിച്ചും 1917-ലെ ഒക്ടോബർവിപ്ലവത്തോടുകൂടി, അതിൻെറ കാലം അവസാനിച്ചു. അതുമുതൽ രണ്ടാമത്തെതരം ലോകവിപ്ലവം ആരംഭിക്കുന്നു; അതായത്, മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം മുഖ്യശക്തിയായിട്ടുള്ളതും കോളണികളിലേയും അർദ്ധകോളണികളിലേയും മർദ്ദിതജനത സമരബന്ധുക്കളായിട്ടുള്ളതുമായ ലോകതൊഴിലാളി, അല്ലെങ്കിൽ സോഷ്യലിസ്ററു,വിപ്ലവം. മർദ്ദിതരാഷ്ട്രങ്ങളിലെ വിപ്ലവത്തിൽ പങ്കുകൊള്ളുന്ന അവിടത്തെ ജനങ്ങൾ ഏതു വർഗ്ഗത്തിലും പാർട്ടിയിലും ഉൾപ്പെട്ടുകൊള്ളട്ടെ, ബോധപൂർവ്വമോ അല്ലാതെയോ ആവട്ടെ, അതിൻെറ പ്രാധാന്യം മനസ്സിലാക്കുന്നത് വ്യക്തിനിഷ്ഠമായോ മറിച്ചോ ആയിക്കൊള്ളട്ടെ—എന്നാൽ, അവർ സാമ്രാജ്യവിരോധികളായിരിക്കുന്നേടത്തോളംകാലം അവരുടെ വിപ്ലവം ലോകതൊഴിലാളിസോഷ്യലിസ്ററുവിപ്ലവത്തിൻെറ ഭാഗമായിത്തീരുന്നത് അനിവാര്യമാണ്; അവർതന്നെ ആ വിപ്ലവത്തിൻെറ സമരസഖാക്കളാണ്.

മുതലാളിത്തത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ കുഴപ്പങ്ങൾ ലോകത്തെ പടിപടിയായി ഒരു രണ്ടാംലോകമഹായുദ്ധത്തിലേക്കു വലിച്ചിഴച്ചിരിക്കുന്ന ഒരു ഘട്ടത്തിലാണ്, സോവിയററുയൂനിയൻ സോഷ്യലിസം വിജയിപ്പിച്ചു കമ്മ്യൂണിസത്തിലേക്കു കടന്നുകൊണ്ടിരിക്കുകയും തൊഴിലാളിവർഗ്ഗത്തേയും മർദ്ദിതജനതയേയും ലോകത്തിലെ

വിപ്ലവകാരികളായ ബഹുജനങ്ങളേയും നയിക്കുവാനും സഹായിക്കുവാനും കഴിവുള്ള ഒരു ശക്തിയായി അതു വളൎന്നുപൊങ്ങുകയും ചെയ്തിരിക്കുന്നുവെന്ന ഒരവസ്ഥയിലാണ്, വിവിധ മുതലാളിത്തരാജ്യങ്ങളിലേയും തൊഴിലാളിവൎഗ്ഗശക്തികൾ അധികമധികം ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയിലാണ്, ഇവിടെയാണെങ്കിൽ കമ്യൂണിസ്റ്റുപാൎട്ടി, തൊഴിലാളിവൎഗ്ഗം, കൎഷകവിഭാഗം, ബുദ്ധിജീവികൾ, പെററിബൂൎഷ്വാസി (ഇടത്തരക്കാർ) എന്നിവർ കമ്യൂണിസ്റ്റുപാൎട്ടിയുടെ നേതൃത്വത്തിൽ സുശക്തവും സ്വതന്ത്രവുമായ ഒരു രാഷ്ട്രീയശക്തിയായി ഏകോപിച്ചിരിക്കുന്ന അവസരത്തിലാണ്, ഇവിടുത്തെ ഈ വിപ്ലവം നടക്കുന്നതെന്നതു ചൈനീസ് വിപ്ലവത്തിൻെറ പ്രാധാന്യം വളരെയധികം വൎദ്ധിപ്പിക്കുന്നു. ഇങ്ങനെയെല്ലാമുള്ള പരിതഃസ്ഥിതിയിൽ ചൈനീസ് വിപ്ലവത്തിൻെറ വമ്പിച്ച ലോകപ്രാധാന്യം അങ്ങേയററംവരെ വൎദ്ധിച്ചിട്ടുണ്ടെന്നു നാം കണക്കാക്കണ്ടേ? നിശ്ചയമായും. ചൈനീസ് വിപ്ലവം ലോകവിപ്ലവത്തിൻെറ മേന്മയേറിയതും അതിപ്രധാനവുമായ ഒരു ഭാഗമാണ്.

ഇങ്ങനെയാണ് ചൈനീസ് വിപ്ലവത്തിൻെറ ഒന്നാംഘട്ടത്തെ (ഇതിനെത്തന്നെ അനേകം ചെറുഘട്ടങ്ങളായി വേൎതിരിക്കാം) വിശകലനം ചെയ്യേണ്ടതു്. സാമൂഹ്യസ്വഭാവപ്രകാരം ഇതു പുതിയ തരത്തിൽപെട്ട ബൂൎഷ്വാജനാധിപത്യവിപ്ലവമാണ്; അല്ലാതെ, വളരെ മുമ്പേതന്നെ ഇതു് തൊഴിലാളിവിപ്ലവത്തിൻെറ ഒരു ഭാഗവും വലിയ സമരസുഹൃത്തുമായിത്തീൎന്നിരിക്കുന്നുവെങ്കിൽക്കൂടിയും, ഏററവും പുതിയ തരത്തിൽപ്പെട്ട തൊഴിലാളിസോഷ്യലിസ്റ്റുവിപ്ലവമല്ല. എന്നിരുന്നാലും ഇതിൻെറ ഒന്നാമത്തെ കാൽവെപ്പിൻെറ, വിപ്ലവത്തിൻെറ ആദ്യത്തെ ഘട്ടത്തിൻെറ, ഫലമായി ഉണ്ടാവാൻപോവുന്നതു്, ബൂൎഷ്വാസിയുടെ കീഴിലുള്ള മുതലാളിത്തസമുദായമായിരിക്കില്ല; അങ്ങനെ ആവാൻ അതിന്നു കഴിയുകയുമില്ല. പിന്നെയോ? പല വിപ്ലവവൎഗ്ഗങ്ങളുടേയും ഏകീകൃതഭരണത്തിൻകീഴിലുള്ള ഒരു പുതിയ ജനാധിപത്യമായിരിക്കും ആദ്യഘട്ടത്തിൽപ്പോലും ഇതിൻെറ ലക്ഷ്യം. ഒന്നാംഘട്ടം ഇങ്ങനെ പൂൎണ്ണമായാൽ വിപ്ലവത്തിൻെറ വളൎച്ച പിന്നീട് രണ്ടാംഘട്ടത്തിലേക്ക്, ചൈനയിൽ സോഷ്യലിസ്റ്റുസമുദായം സൃഷ്ടിക്കുന്നതിലേക്ക്, പുരോഗമിക്കുകയായി.

അപ്പോൾ ഇതാണ് ഇന്നത്തെ ചൈനീസ് വിപ്ലവത്തിൻെറ മൗലികമായ പ്രത്യേകത—മേയ് 4 പ്രസ്ഥാനം തുടങ്ങി ഇന്നുവരെയുള്ള 20

കൊല്ലത്തെ പുതിയ വിപ്ലവപ്രവർത്തനത്തിൻെറ സംക്ഷിപ്തവിവരവും സജീവവും സുസ്പഷ്ടവുമായ ഉള്ളടക്കവും.

V

## പുതിയ ജനാധിപത്യത്തിൻെറ രാഷ്ട്റീയബന്ധങ്ങൾ

ചൈനീസ് വിപ്ലവത്തെ രണ്ടു ഘട്ടങ്ങളായി വേർതിരിക്കാമെന്നും, അതിൽ ആദ്യത്തെ ഘട്ടം പുതിയ ജനാധിപത്യവിപ്ലവമാണെന്നും, അതാണു ചൈനീസ് വിപ്ലവത്തിൻെറ ചരിത്രപരമായ പുതിയ പ്രത്യേകതയെന്നും നാം കണ്ടു. എന്നാൽ, ഈ പുതിയ പ്രത്യേകത ചൈനയുടെ രാഷ്ട്റീയവും സാമ്പത്തികവുമായ ആഭ്യന്തര ബന്ധങ്ങളിൽ സ്വയം പ്രകാശിക്കുന്നതെങ്ങനെയാണെന്നു നമുക്കു പരിശോധിക്കേണ്ടിയിരിക്കുന്നു.

1919 മേയ് 4 പ്രസ്ഥാനത്തിനുമുമ്പ് (ഇതുണ്ടായതു് 1914 ഒന്നാംലോകമഹായുദ്ധത്തിനും 1917-ലെ റഷ്യൻ ഒക്ടോബർവിപ്ലവത്തിനും ശേഷമാണല്ലോ.) ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ രാഷ്ട്റീയനേതൃത്വം ചൈനീസ് പെററിബൂർഷ്വാസിയുടേയും ബൂർഷ്വാസിയുടേയും (അവരുടെ ബുദ്ധിജീവിവിഭാഗത്തിൻെറ) കയ്യിലായിരുന്നു. അന്നു് ചൈനീസ് തൊഴിലാളിവർഗ്ഗം, വർഗ്ഗബോധത്തോടുകൂടിയ, സ്വതന്ത്രമായ, ഒരു വർഗ്ഗശക്തിയായി രാഷ്ട്റീയരംഗത്തു പങ്കെടുത്തിരുന്നില്ല. പെററിബൂർഷ്വാസിയുടേയും ബൂർഷ്വാവർഗ്ഗത്തിൻേറയും അനുയായികളെന്ന നിലയ്ക്കു മാത്രമായിരുന്നു അവർ അതിൽ സംബന്ധിച്ചിരുന്നതു്. ഇതായിരുന്നു 1911-ലെ വിപ്ലവത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ അനുഭവം.

എന്നാൽ, മേയ് 4 പ്രസ്ഥാനത്തിനുശേഷം, ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ രാഷ്ട്റീയനേതാക്കൾ ബൂർഷ്വാവർഗ്ഗം മാത്രമല്ലാതായി; വിപ്ലവത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന തൊഴിലാളിവർഗ്ഗപ്രതിനിധികളിൽ ചിലരുടേതുകൂടിയായി. ഇക്കാലത്തു ചൈനീസ് തൊഴിലാളിവർഗ്ഗം, അതിൻെറ സ്വന്തം വളർച്ചയും റഷ്യൻവിപ്ലവത്തിൻെറ സ്വാധീനശക്തിയുംകൊണ്ടു് സ്വതന്ത്രമായ, വർഗ്ഗബോധത്തോടുകൂടിയ, ഒരു രാഷ്ട്രീയശക്തിയായി അതിവേഗം വളർന്നുവന്നു.

“സാമ്രാജ്യത്വം നശിക്കട്ടെ” എന്ന മുദ്രാവാക്യവും ചൈനീസ്ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൻെറ പൂർണ്ണമായ പരിപാടിയും ആവിഷ്കരിച്ചതു ചൈനീസ് കമ്മ്യൂണിസ്ററുപാർട്ടിയാണെന്നു മാത്രമല്ല, കാർഷികവിപ്ലവം നടപ്പിലാക്കാൻ മുൻകൈയെടുത്തതു കമ്മ്യൂണിസ്ററുകാരൊററയ്ക്കു നിന്നാണെന്നതുകൂടി പ്രത്യേകം സ്മരിക്കേണ്ടതാണ്.

ചൈനീസ്ബൂർഷ്വാസിയെന്നുവച്ചാൽ കൊളോണിയൽ-അർദ്ധകൊളോണിയൽബൂർഷ്വാസിയാണ്; സാമ്രാജ്യത്വമർദ്ദനമനുഭവിക്കുന്നവരാണ്. അതുകൊണ്ട്, സാമ്രാജ്യത്വകാലഘട്ടത്തിൽപോലും, ചില പ്രത്യേകപരിതഃസ്ഥിതികളിൽ, ഒരതിർത്തിവരെ, സാമ്രാജ്യത്വത്തേയും സ്വന്തം നാട്ടിലെ ഔദ്യോഗികമേധാവിത്വ-യുദ്ധപ്രഭുത്വാധിപത്യഗവമ്മെണ്ടിനേയും എതിർക്കുകയെന്ന വിപ്ലവസ്വഭാവം അതു നിലനിത്തുന്നുണ്ട്. ഇതുകൊണ്ടാണ്, മുതലാളികൾക്കുകൂടി ചെറുക്കാനുള്ളവക്കെതിരായി മുതലാളികളും തൊഴിലാളിവർഗ്ഗവും പെററിബൂർഷ്വാസിയും തമ്മിൽച്ചേർന്നൊരു സഖ്യം സാദ്ധ്യമായിത്തീരുന്നതു്. ഇതാണു വാസ്തവത്തിൽ, ബൂർഷ്വാസിക്ക് അധികാരം കയ്യിൽ കിട്ടുന്നതിനുമുമ്പു നടന്ന 1911-ലെ വിപ്ലവത്തിലും വടക്കൻയുദ്ധയാത്രയിലും ഉണ്ടായതു്. ഇതാണ് ചൈനീസ്ബൂർഷ്വാസിയും സാറിസ്ററുറഷ്യയിലെ ബൂർഷ്വാസിയും തമ്മിലുള്ള വ്യത്യാസം. സാറിസ്ററുറഷ്യ, സ്വയം മററുരാജ്യങ്ങളെ ആക്രമിച്ചിരുന്ന ഒരു പട്ടാളമേധാവിത്വ-അർദ്ധനാടുവാഴിത്ത-സാമ്രാജ്യത്വരാജ്യമായിരുന്നു. റഷ്യൻബൂർഷ്വാസിയെ സംബന്ധിച്ചിടത്തോളം ഇതിന്നെതിരായി വിപ്ലവകരമായ യാതൊന്നുമില്ലാതിരുന്നതുകൊണ്ട്, അവിടത്തെ തൊഴിലാളികളുടെ കടമ, മുതലാളികളുമായി യോജിക്കലല്ലായിരുന്നു; അവരെ എതിക്കലായിരുന്നു. എന്നാൽ ഇവിടെ, കൊളോണിയൽ-അർദ്ധകൊളോണിയൽസ്വഭാവത്തോടുകൂടിയതും മററുള്ളവരാൽ മർദ്ദിക്കപ്പെടുന്നതുമായ ഈ ചൈനയിൽ, ചില പരിതഃസ്ഥിതികളിൽ ഒരതിർത്തിവരെ, ബൂർഷ്വാസി വിപ്ലവകാരിയായതുകൊണ്ട് ഇവിടത്തെ തൊഴിലാളിവർഗ്ഗത്തിൻെറ കടമ, ബൂർഷ്വാസിയുടെ ആ വിപ്ലവസ്വഭാവവും സാമ്രാജ്യത്വത്തിനും ഔദ്യോഗികമേധാവിത്വ-യുദ്ധപ്രഭുത്വാധിപത്യഗവമ്മെൻറിനുമെതിരായ സമരത്തിൽ അവരുമായി ഒരു ഐക്യമുന്നണി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയും അവഗണിക്കാതിരിക്കലാണ്.

എന്നാൽ ഇതോടൊപ്പംതന്നെ, ചൈനീസ്ബൂർഷ്വാസി ഒരു കൊളോണിയൽ-അർദ്ധകൊളോണിയൽരാജ്യത്തെ രാഷ്ട്റീയമായും

സാമ്പത്തികമായും അങ്ങേയററം ദുർബ്ബലമായ ഒരു ബൂർഷ്വാവർഗ്ഗമായതുകൊണ്ടു് മററുചില സ്വഭാവവിശേഷതകൾകൂടി, അതായതു് വിപ്ലവത്തിൻെറ ശത്രുക്കളുമായി സന്ധിചെയ്യാനുള്ള വാസനകൂടി, അതു പ്രകടിപ്പിക്കുമെന്ന കാര്യവും മറക്കരുതു്. ചൈനീസ് മുതലാളികൾ വിശേഷിച്ചും വൻകിടമുതലാളികൾ, വിപ്ലവപ്രവർത്തനത്തിലായിരിക്കുമ്പോൾകൂടിയും, സാമ്രാജ്യത്വവുമായി തികച്ചും തെററിപ്പിരിയാനിഷ്ടപ്പെടുന്നില്ല; മാത്രമല്ല, നാട്ടിൻപുറങ്ങളിലെ ജന്മിത്തചൂഷണവുമായി അവർ വളരെയധികം ബന്ധപ്പെട്ടുനില്ക്കുന്നു; തന്നെയുമല്ല, സാമ്രാജ്യത്വത്തെയും നാടുവാഴിത്തത്തെയും പൂർണ്ണമായവസാനിപ്പിക്കാൻ അവർക്കു സമ്മതവുമില്ല, സന്നദ്ധതയുമില്ല. അതുകൊണ്ടാണു്, ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ മൌലികമായ രണ്ടു പ്രശ്നങ്ങൾക്കു്, അല്ലെങ്കിൽ കടമകൾക്കു്, യാതൊരു വിധത്തിലും പരിഹാരം കാണാൻ ബൂർഷ്വാസിക്കു കഴിയാഞ്ഞതു്. അതുമാത്രമല്ല, 1927 മുതൽ 1936 വരെയുള്ള നീണ്ട കാലഘട്ടത്തിൽ, അവർ സാമ്രാജ്യത്വത്തിനു് അടിവഴങ്ങുകയും നാടുവാഴിത്തവുമായി സഖ്യം പ്രഖ്യാപിക്കുകയും അങ്ങനെ, തങ്ങളുടെതന്നെ മുമ്പത്തെ വിപ്ലവകരമായ പരിപാടിയെയും വിപ്ലവകാരികളായ ബഹുജനങ്ങളെയും വഞ്ചിക്കുകയും ചെയ്തു. വീണ്ടും, ഇന്നത്തെ ഈ ജാപ്പ് വിരുദ്ധയുദ്ധത്തിലിതാ, വാങ് ചിങ്-വേയുടെ നേതൃത്വത്തിൽ വൻകിട ബൂർഷ്വാസിയിലൊരുവിഭാഗം ശത്രുവിനു കീഴടങ്ങി തൻെറ വർഗ്ഗത്തിൻേറതായ പുതിയൊരു വഞ്ചന നിർവ്വഹിച്ചിരിക്കുന്നു. ഇതാണു ചൈനീസ് മുതലാളിവർഗ്ഗവും വളർന്നുകഴിഞ്ഞ യൂറോപ്യൻ-അമേരിക്കൻരാജ്യങ്ങളിലെ, വിശേഷിച്ചും ഫ്റാൻസിലെ, മുതലാളിവർഗ്ഗവും തമ്മിലുള്ള വ്യത്യാസം. താന്താങ്ങളുടെ ബൂർഷ്വാജനാധിപത്യവിപ്ലവഘട്ടങ്ങളിൽ യൂറോപ്യൻ-അമേരിക്കൻരാജ്യങ്ങളിലെ, വിശേഷിച്ചും ഫ്റാൻസിലെ, മുതലാളിവർഗ്ഗം കാണിച്ച താരതമ്യേനയുള്ള വിട്ടുവീഴ്ചയില്ലായ്മകൂടി ചൈനീസ് മുതലാളിവർഗ്ഗത്തിനില്ല.

ഒരുവശത്തു വിപ്ലവസ്വഭാവം, മറുവശത്തു സന്ധിമനോഭാവം—ഇതാണു ചൈനീസ് ബൂർഷ്വാസിയുടെ ഇരട്ടസ്വഭാവം. ചരിത്രം പരിശോധിക്കുമ്പോൾ, യൂറോപ്യൻ-അമേരിക്കൻബൂർഷ്വാസിയുടെ ഇടയിലും ഈ ഇരട്ടസ്വഭാവമുണ്ടായിരുന്നിട്ടുള്ളതായിക്കാണാം. പ്രബലരായ ശത്രുക്കൾ മുമ്പിൽ നില്ക്കുമ്പോൾ, ശത്രുക്കളോടു പോരാടുവാൻവേണ്ടി തൊഴിലാളികളും കൃഷിക്കാരുമായി യോജിക്കുക; എന്നാൽ തൊഴിലാളികൾക്കും കൃഷിക്കാർക്കും രാഷ്ട്രീയമായ വർഗ്ഗബോധം

എപ്പോൾ ഉൽബുദ്ധമാകുന്നുവോ, അപ്പോൾ തൊഴിലാളികൾക്കും കൃഷിക്കാർക്കുമെതിരായി വീണ്ടും ശത്രുക്കളുമായി യോജിക്കുക—ഇതു ലോകത്തിലെല്ലായിടത്തും മുതലാളിവർഗ്ഗത്തിൻെറ ഒരു പൊതുനിയമമാണെന്നു പറയാം. പക്ഷേ, ചൈനീസ് ബൂർഷ്വാസി ഈ ദുർവ്വാസന ഏററവും നഗ്നവും വ്യക്തവുമായി പ്രദർശിപ്പിച്ചിട്ടുണ്ടെന്നതാണ് ഇവിടെ എടുത്തുപറയാനുള്ളതു്.

സാമ്രാജ്യത്വത്തേയും നാടുവാഴിതാല്പര്യങ്ങളേയും മറിച്ചിടാൻ വേണ്ടി നാട്ടുകാരെ നയിക്കുന്നതിൽ ആരാണോ യഥാർത്ഥകഴിവു പ്രദർശിപ്പിക്കുന്നതു്, അവരെയാണു നാട്ടുകാർ വിശ്വസിക്കുകയെന്നു നമുക്കിവിടെ ചൈനയിൽ കാണാൻ പ്രയാസമില്ല; കാരണം, സാമ്രാജ്യത്വവും നാടുവാഴിത്തവുമാണ്, വിശേഷിച്ചും ആദ്യം പറഞ്ഞതാണ്, നാട്ടുകാരുടെ മുഖ്യശത്രു. ഇന്നു ജാപ്പ് സാമ്രാജ്യവാദികളെ തോല്പിച്ചു ജനാധിപത്യം സുസ്ഥാപിതമാക്കാൻ ആർക്കാണോ കഴിവുള്ളതു്, അവരെയായിരിക്കും ജനങ്ങൾ തങ്ങളുടെ രക്ഷാകർത്താക്കളായി കണക്കാക്കുക. ചൈനീസ് ബൂർഷ്വാസിക്കു് ഈ കടമ നിർവ്വഹിക്കാൻ കെല്പുണ്ടെങ്കിൽ അതു തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. ഇല്ലാത്തപക്ഷം, അനിവാര്യമായും ആ കടമ ചൈനീസ് തൊഴിലാളിവർഗ്ഗത്തിൻെറ ചുമലിലാണു വന്നുവീഴുക.

അതുകൊണ്ടു്, എന്തായാലും, ഏതു പരിതഃസ്ഥിതിയിലായാലും ശരി, ചൈനയുടെ ഭാവി രൂപീകരിക്കാനുള്ള മൌലികശക്തികൾ ചൈനയിലെ തൊഴിലാളികളും, കൃഷിക്കാരും, ബുദ്ധിജീവികളും, മററു പെററിബൂർഷ്വാവിഭാഗങ്ങളുമാണു്. ഈ ബോധം ആ വർഗ്ഗങ്ങളിൽ ഒരു വിഭാഗത്തിന്നിതിനകംതന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. മററുവിഭാഗങ്ങൾക്കുണ്ടായിക്കൊണ്ടുമിരിക്കുന്നു. അനിവാര്യമായും, ഈ വർഗ്ഗങ്ങളായിരിക്കും ചൈനീസ് ജനാധിപത്യറിപ്പബ്ളിക്കിൻെറ ഭരണസംഘടനയുടേയും അധികാരപ്രയോഗത്തിൻേറയും മൂലക്കല്ലുകൾ. നാം കെട്ടിപ്പടുക്കാൻപോകുന്ന ജനാധിപത്യറിപ്പബ്ളിക്കൻചൈന, സാമ്രാജ്യത്വത്തിന്നും നാടുവാഴിത്തത്തിന്നുമെതിരായ എല്ലാജനങ്ങളുടേയും ഐകമത്യം ചേർന്ന ഭരണത്തിൻകീഴിലുള്ള ഒന്നാവാനേ തരമുള്ളു—എന്നുവെച്ചാൽ ഒരു പുതിയ ജനാധിപത്യറിപ്പബ്ളിക്കു്; ഡോ: സണ്ണിൻെറ വിപ്ലവകരമായ മൂന്നു നയങ്ങളുൾക്കൊള്ളുന്ന മൂന്നു ജനകീയതത്വങ്ങളെ (സേൻമിൻ ചുഐ) അടിസ്ഥാനപ്പെടുത്തിയുള്ള, യഥാർത്ഥമായ, വിപ്ലവകരമായ, റിപ്പബ്ളിക്കു്.

മുതലാളിവർഗ്ഗം ഭരിക്കുന്നതും ഇന്നു പ്രസക്തിയില്ലാത്തതുമായ പഴയ പാശ്ചാത്യരീതിയിലുള്ള മുതലാളിത്തറിപ്പബ്ലിക്കിൽനിന്നും വ്യത്യസ്തമാണ് ഈ പുതിയ ജനാധിപത്യറിപ്പബ്ലിക്ക്; ഇതുപോലെ തന്നെ, തൊഴിലാളിവർഗ്ഗം ഭരിക്കുന്നതും ഏററവും പുതിയ സോവിയററുരീതിയിലുള്ളതുമായ സോഷ്യലിസ്ററുറിപ്പബ്ലിക്കിൽനിന്നും ഇതു് വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ, ഒരു നിശ്ചിത ചരിത്രഘട്ടംവരെ, കോളണികളിലും അർദ്ധകോളണികളിലും സോവിയററുരീതിയിലുള്ള റിപ്പബ്ലിക്ക് പ്രായോഗികമായിരിക്കില്ല; അതുകൊണ്ടു് അവയുടെ ദേശീയനയം മൂന്നാമതൊരു രീതിയിലുള്ളതാവാനേ തരമുള്ളു—അതായതു്, പുതിയ ജനാധിപത്യറിപ്പബ്ലിക്ക്. ഒരു പ്രത്യേക ചരിത്രഘട്ടത്തിന്നനുയോജ്യമായ ഒരു ദേശീയഭരണരൂപമാണിതു്; അതുകൊണ്ടുതന്നെ, അതൊരു ഇടക്കാലഭരണരൂപമാണ്. എങ്കിൽകൂടി, ഇതൊരനിവാര്യവും അത്യന്താപേക്ഷിതവുമായ ഭരണരൂപമാണ്.

ഇങ്ങനെ, ലോകത്തിലുള്ള, വിവിധ ദേശീയഭരണരൂപങ്ങളെ അവയുടെ സാമൂഹ്യസ്വഭാവംനോക്കി, മൗലികമായി മൂന്നായി തരംതിരിക്കാം: ബൂർഷ്വാസർവ്വാധിപത്യറിപ്പബ്ലിക്ക്, തൊഴിലാളിസർവ്വാധിപത്യറിപ്പബ്ലിക്ക്, വിപ്ലവകരമായ പല വർഗ്ഗങ്ങളുടേയും കൂട്ടായുള്ള ഏകീകൃതസർവ്വാധിപത്യറിപ്പബ്ലിക്ക്.

പഴയ ജനാധിപത്യരാജ്യങ്ങളിൽ നിലവിലുള്ളതാണ് ഇതിലാദ്യം പറഞ്ഞതു്. ജന്മിമാരുടേയും മുതലാളിമാരുടേയും കൂട്ടായ ഭരണത്തിൻകീഴിലുള്ള ചില രാജ്യങ്ങളേയും ഈ പന്തിയിൽപ്പെടുത്താം.

സോവിയററുയൂനിയനിൽ ഇതിനകംതന്നെ നിലവിൽ വന്നുകഴിഞ്ഞതും പല മുതലാളിത്തരാജ്യങ്ങളിലും അധികം താമസിയാതെ വന്നേക്കാവുന്നതുമായ ഭരണരൂപമാണ് രണ്ടാമത്തേതു്. ഒരു ഘട്ടത്തിൽ മുഴുവൻ ലോകത്തിൻേറയും ഭരണരൂപം ഇതായിരിക്കും.

മൂന്നാമതുപറഞ്ഞതു്, വിപ്ലവകരമായ കോളണികളിലേയും അർദ്ധകോളണികളിലേയും ഇടക്കാലഭരണരൂപമാണ്: വിവിധ കോളണികൾക്കും അർദ്ധകോളണികൾക്കും വിവിധമായ ചില പ്രത്യേകതകളുണ്ടാവാം; പക്ഷെ ഈ വ്യത്യാസങ്ങളെല്ലാം കേവലം നിസ്സാരങ്ങളായിരിക്കും. കോളണികളും അർദ്ധകോളണികളും, അവയുടെ സ്വഭാവം നോക്കിയാൽ, വിപ്ലവകരമായിരിക്കുന്നേടത്തോളംകാലം, അവയുടെ ദേശീയവും ഭരണഘടനാപരവുമായ ഘടന മൗലികമായ ഒന്നുതന്നെയാ

യിരിക്കും—അതായതു്, പല സാമ്രാജ്യത്വവിരുദ്ധവർഗ്ഗങ്ങളുടേയും കൂട്ടായ ഭരണത്തിന്നു വിധേയമായ പുതിയ ജനാധിപത്യം. ആധുനിക ചൈനയിൽ ഈ ഭരണരൂപമാണു് ജപ്പാനെതിരായ ഐക്യമുന്നണിയുടെ രൂപത്തിൽ പ്രത്യക്ഷീഭവിക്കുന്നതു്. അതു ജപ്പാന്നും സാമ്രാജ്യത്വത്തിന്നും എതിരായ എല്ലാ വർഗ്ഗങ്ങളുടേയും സർവ്വാധിപത്യമാണു്; ഐക്യമുന്നണിയുടെ സർവ്വാധിപത്യമാണു്. പക്ഷേ, ചൈനയിൽ ചെറുത്തുനില്പുയുദ്ധംതുടങ്ങി വളരെയായിട്ടും രാഷ്ട്രത്തെ "ജനാധിപത്യവൽക്കരിക്കുക" എന്ന മൌലികമായ ജോലി ഇനിയും തുടങ്ങിയിട്ടില്ല. ഈ മൌലികമായ ദുർബ്ബലസ്ഥാനം ഉപയോഗപ്പെടുത്തി, ജാപ്പുസാമ്രാജ്യവാദികൾ രാജ്യത്തിൻെറ ഉള്ളിലേക്കു വളരെയധികം തള്ളിക്കയറിയിരിക്കുന്നു. ഈ ഗുരുതരമായ സ്ഥിതിയെപ്പററി നാം കാര്യമായാലോചിക്കാത്തപക്ഷം, നമ്മുടെ രാഷ്ട്രത്തിൻെറ ഭാവി കഷ്ടമാവും. ഇയ്യിടെയായി നാം ആരംഭിച്ചിട്ടുള്ള ഈ ജനാധിപത്യപ്രവർത്തനപ്രസ്ഥാനം (കോൺസ്റ്റിററ്യൂഷനൽ പൊളിററിക്സ് മൂവ്മെൻറ്) ഈ വിപത്തിനൊരു പരിഹാരമായിരിക്കുമെന്നു് നമുക്കുറപ്പിക്കാം.

നാമിവിടെ വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുന്ന ദേശീയനയത്തെസ്സംബന്ധിച്ച പ്രശ്നം, ചിങ്ങ് രാജവംശത്തിൻെറ അവസാനം മുതൽ എത്രയോ ദശവത്സരങ്ങളായി തുടൻവരുന്നതും എന്നാൽ ഇതുവരെയും യാതൊരു തീരുമാനത്തിലുമെത്താത്തതുമായ ഒരു തക്കവിഷയമാണു്. ഇതു വാസ്തവത്തിൽ രാജ്യത്തിലെ വിവിധ സാമൂഹ്യവർഗ്ഗങ്ങളുടെ, അവയിലോരോന്നിന്നുംവേണ്ടതായ, സ്ഥാനമാനത്തെസ്സംബന്ധിച്ച ഒരു പ്രശ്നമാണു്. മുതലാളിത്തം അതിൻെറ ഏകവർഗ്ഗസർവ്വാധിപത്യം മറച്ചുവെയ്ക്കാൻവേണ്ടി, അതിൻെറ വർഗ്ഗമേധാവിത്വം മൂടിവെയ്ക്കാൻവേണ്ടി, "രാഷ്ട്രം" എന്ന വാക്കുപയോഗിച്ചു് എപ്പോഴും ബഹുജനങ്ങളെ വഞ്ചിക്കുക പതിവാണു്. അങ്ങനെയുള്ള പൂഴ്ത്തിവെപ്പുകൊണ്ടു് വിപ്ലവകാരികളായ ബഹുജനങ്ങൾക്കു് യാതൊരു മെച്ചവുമില്ലാത്തതിനാൽ, അതു് വ്യക്തമായും തുറന്നുകാട്ടിയേ മതിയാവൂ. "രാഷ്ട്രം" എന്ന വാക്കുപയോഗിക്കുന്നതു് ചിലപ്പോഴെല്ലാം ആവശ്യമായേക്കാമെന്നതു് തീർച്ചതന്നെ; പക്ഷെ, വഞ്ചകർക്കും വിപ്ലവവിരോധികൾക്കും അതിൽ സ്ഥാനമുണ്ടാവാൻപാടില്ല. എന്നുവെച്ചാൽ, വഞ്ചകരുടേയും വിപ്ലവവിരോധികളുടേയും മീതെ വിപ്ലവകാരികളായ എല്ലാ ബഹുജനങ്ങളുടേയും വിപ്ലവകരമായ എല്ലാ വർഗ്ഗങ്ങളുടേയും ഏകീകൃതസർവ്വാധിപത്യമായിരിക്കണമെന്നു ചുരുക്കം. അതായിരിക്കണം നമ്മുടെ രാജ്യം.

1924-ൽ കൂടിയ ഒന്നാം കൂമിന്താങ്ങുസമ്മേളനം പുറപ്പെടുവിച്ച ഗംഭീരമായ പ്രഖ്യാപനം എടുത്തുകാട്ടുകയുണ്ടായി: "പല ആധുനിക രാഷ്ട്റങ്ങളിലുമുള്ള ജനാധിപത്യസമ്പ്രദായമെന്നു പറയപ്പെടുന്ന ആ വ്യവസ്ഥിതിയെ ബൂർഷ്വാസി കുത്തകയാക്കിയിരിക്കയാണ്. അങ്ങനെ അതു ബഹുജനങ്ങളെ അടിച്ചമർത്തുന്നതിനുള്ള ബൂർഷ്വാസിയുടെ ഉപകരണമായിരിക്കുകയാണ്. എന്നാൽ ജനാധിപത്യമെന്നു കൂമിന്താങ്ങു പ്രഖ്യാപിക്കുന്ന ആ തത്വം സാധാരണജനങ്ങളുടെ ഭരണത്തെയാണ് ഉദ്ദേശിക്കുന്നതു്; അതു് ഏതാനുംചിലരുടെ സ്വകാര്യസമ്പാദ്യമാവാൻ അനുവദിക്കുകയുമില്ല." കഴിഞ്ഞ പതിനാറുകൊല്ലമായി, ഭയങ്കരമായ ദേശീയവിപത്തിനിടയാക്കിക്കൊണ്ടു് കൂമിന്താങ്ങ് അതിൻെറ ഈ സ്വന്തം പ്രഖ്യാപനങ്ങൾക്കെതിരായാണു പ്രവർത്തിച്ചിട്ടുള്ളതു്. അത്യന്തം ഗൗരവാവഹമായ ഒരു തെററാണു കൂമിന്താങ്ങു ചെയ്തതു്. ഇതു് ഇന്നത്തെ ഈ ജാപ്പുവിരുദ്ധചെറുത്തുനില്പുയുദ്ധത്തിൻെറ കെടുതികൾക്കിടയ്ക്കെങ്കിലും തിരുത്തുമെന്നു നമുക്കു വിശ്വസിക്കുക. ഗവമെൻറു നയമെന്നാലെന്തെന്നതിനെപ്പററിയാണെങ്കിൽ, ഏതാനുംചില സാമൂഹ്യവർഗ്ഗങ്ങൾ തങ്ങളുടെ ശത്രുക്കൾക്കെതിരായും ആത്മരക്ഷയ്ക്കുവേണ്ടിയും ശക്തിസംഭരിക്കുവാനുപയുക്തമായ ഭരണത്തിൻെറ രൂപമെന്നോ, കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ ഗവമെൻറധികാരത്തെ ഉപയോഗപ്പെടുത്തുന്നതിന്നടിസ്ഥാനമായ ആ ഭരണസംഘടന എന്നോ, നമുക്കതിനെ വ്യാഖ്യാനിക്കാം. മതിയായ ഒരു ഗവമെൻറുസംഘടനയില്ലാതെ യാതൊരുരാജ്യവും ഭരിക്കാൻ കഴികയില്ല. ചൈനയിലാണെങ്കിൽ, നമുക്ക്, ദേശീയകോൺഗ്രസ്സുതൊട്ടു് അടിയിൽ വില്ലേജ്അസംബ്ളി വരെ വിവിധ നിലവാരത്തിലുള്ള ജനകീയകോൺഗ്രസ്സുകൾവഴി, ഗവമെൻറിൻെറ വിവിധ ഘടകങ്ങളെ തിരഞ്ഞെടുക്കാം; പക്ഷേ ലിംഗഭേദം, മതവ്യത്യാസം എന്നിവയോ സ്വത്തു്, വിദ്യാഭ്യാസം മുതലായവയിലുള്ള ഏററക്കുറച്ചിലുകളോ പരിഗണിക്കാത്ത യഥാർത്ഥവും സാർവ്വത്രികവുമായ പ്രായപൂർത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പു സാധിതപ്രായമാക്കിയാൽമാത്രമേ, എല്ലാ വിപ്ലവവർഗ്ഗങ്ങൾക്കും മതിയായ പ്രാതിനിധ്യവും, പൊതുജനാഭിപ്രായത്തിനു പൂർണ്ണമായ പ്രകാശനവും, വിപ്ലവസമരത്തിന്നു ശരിയായ നേതൃത്വവും, പുതിയ ജനാധിപത്യത്തിൻെറ കൃത്യമായ അർത്ഥസാഫല്യവും ലഭിക്കുകയുള്ളൂ. ഇത്തരമൊരു സമ്പ്രദായമാണു ജനാധിപത്യപരമായ കേന്ദ്രീകരണം. ഇത്തരമൊരു സമ്പ്രദായത്തിലധിഷ്ഠിതമായ ഒരു ഗവമെൻറുകൊണ്ടേ, വിപ്ലവജനതയുടെ ആശയങ്ങളേയും ആജ്ഞാശക്തിയേയും വളർത്തു

വാനും വിപ്ലവവിരോധികളെ വമ്പിച്ച വീറോടെ എതിക്കുവാനും നമുക്കു കഴിയൂ. "മുഴുവനും കുത്തകയാക്കാൻ ഏതാനുംചിലരെ അനുവദിക്കുകയില്ല" എന്ന തത്വമായിരിക്കണം ഗവർമ്മെൻറും പട്ടാളങ്ങളും രൂപീകരിക്കുന്നതിൻെറ മർമ്മം; ഒരു യഥാൎത്ഥജനാധിപത്യസമ്പ്രദായമില്ലാതെ ഈ ലക്ഷ്യം സാദ്ധ്യവുമല്ല. അല്ലാത്തപക്ഷം ദേശീയഭരണരൂപവും ഗവർമ്മെൻറുഘടനയും തമ്മിൽ വൈരുദ്ധ്യം വളരും. വിവിധ വിപ്ലവവർഗ്ഗങ്ങളുടെ കൂട്ടായ ഭരണത്തിൻേറതായ ഒരു ദേശീയഭരണരൂപവും ജനാധിപത്യകേന്ദ്രീകരണത്തിൻേറതായ ഒരു ഗവർമ്മെൻറുഘടനയും—ഇതാണു പുതിയ ജനാധിപത്യത്തിൻെറ രാഷ്ട്രീയാടിസ്ഥാനം. ഇതിനു ഞങ്ങൾ പുതിയ ജനാധിപത്യറിപ്പബ്ളിക്കെന്നു പറയും, ജാപ്പുവിരുദ്ധഐക്യമുന്നണിറിപ്പബ്ളിക്കെന്നു പറയും, ഡാ: സണ്ണിൻെറ വിപ്ലവകരമായ മൂന്നു നയങ്ങളടങ്ങുന്ന പുതിയ മൂന്നു ജനകീയതത്വങ്ങളിലധിഷ്ഠിതമായ റിപ്പബ്ളിക്കെന്നുപറയും—ഇതാണ് പേരിലും കാൎയ്യത്തിലും നാം നിർമ്മിക്കുവാൻപോകുന്ന ചൈനീസ്റിപ്പബ്ളിക്ക്. പേരിന്, ഇന്നും നമ്മുടെ രാജ്യം ഒരു റിപ്പബ്ളിക്കത്രെ; എന്നാൽ അതിൽ യാതൊരു വാസ്തവവുമില്ല. ആ പേരിൻെറ ശരിയായ അൎത്ഥം സ്ഥാപിക്കുകയെന്നതാണു നമ്മുടെ ഇന്നത്തെ പ്രവൎത്തനത്തിൻെറ ഉന്നം.

അപ്പോൾ ഒരു ജാപ്പുവിരുദ്ധ, വിപ്ലവകരമായ, ചൈന അവശ്യം സ്ഥാപിച്ചേ കഴിയൂ എന്നുള്ള ആഭ്യന്തരരാഷ്ട്രീയബന്ധമാണിതു്. ഇതുമാത്രമാണു ദേശീയപുനർനിൎമ്മാണമെന്ന നമ്മുടെ ഇന്നത്തെ പ്രവൎത്തനത്തിൻെറ ശരിയായ നേതൃത്വം.

## VI

## പുതിയ ജനാധിപത്യത്തിൻെറ സാമ്പത്തികഘടന

മേൽ പ്രസ്താവിച്ചതരത്തിൽ ചൈനയിലുണ്ടാവുന്ന ഒരു റിപ്പബ്ളിക്കിൻെറ രാഷ്ട്രീയബന്ധങ്ങൾ പുതിയ ജനാധിപത്യത്തിൻേറതാകുന്നപോലെ, അതിൻെറ സാമ്പത്തികബന്ധങ്ങളും പുതിയ ജനാധിപത്യത്തിൻേറതായിരിക്കും.

എല്ലാ വൻകിടബാങ്കുകളും, വൻകിടവ്യവസായങ്ങളും, വൻകിട കച്ചവടസ്ഥാപനങ്ങളും ഈ റിപ്പബ്ളിക്കിൻെറ ഉടമയിലായിരിക്കണം. "സ്വകാൎയ്യലാഭക്കൊള്ളയുടെ സ്വാധീനശക്തിയിൽനിന്നു

ജനങ്ങളുടെ ജീവസന്ധാരണസ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻവേണ്ടി, വിദേശികളുടേയും സ്വദേശികളുടേയും ഉടമയിലുള്ള എല്ലാ വൻകിടസ്ഥാപനങ്ങളും—അതായത്, ഒന്നുകിൽ കുത്തകസ്ഥാപനങ്ങളോ അല്ലെങ്കിൽ സ്വകാര്യമാനേജ്മെൻറിൻെറ കഴിവുകളെ അതിലംഘിക്കുന്നവയോ ആയ ബാങ്കുകൾ, റെയിൽവേകൾ, വിമാനങ്ങൾ മുതലായവ—ഗവമെമ്മൻറുതന്നെ ഏറെറടുത്തു നടത്തുകയും നിയന്ത്രിക്കുകയുംവേണം. ഇതാണു മുതലാളിത്തത്തെ നിയന്ത്രിക്കുക എന്ന സിദ്ധാന്തത്തിൻെറ സത്തു്." ഒന്നാം കൂമിന്താങ്ങുസമ്മേളനത്തിൻെറ ഗംഭീരപ്രഖ്യാപനത്തിൻെറ ഒരു ഭാഗമായ ഇതു് പുതിയ ജനാധിപത്യറിപ്പബ്ളിക്കിൻെറ സാമ്പത്തികാടിസ്ഥാനം നിർമ്മിക്കുന്നതിൽ ശരിയായ ഒരു നേതൃത്വമാണെന്നു കരുതേണ്ടിയിരിക്കുന്നു. മററു തരം സ്വകാര്യസ്വത്തുക്കളൊന്നും പുതിയ ജനാധിപത്യഗവമെമ്മൻറു കണ്ടുകെട്ടുകയില്ല; "ജനങ്ങളുടെ ജീവസന്ധാരണത്തിനു ഹാനിതട്ടാത്ത" മുതലാളിത്തപരമായ വളച്ചയെ അതു തടയുകയുമില്ല—കാരണം ചൈനയുടെ സാമ്പത്തികനില ഇന്നും വളരെ പിന്നണിയിലാണു്.

വൻകിടജന്മിമാരുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ പിടിച്ചെടുക്കാനും, ഭൂമി തീരെയില്ലാത്തവരോ പറയാൻമാത്രമില്ലാത്തവരോ ആയ കൃഷിക്കാക്കിടയിൽ അതു് വീതിച്ചുകൊടുക്കാനും പുതിയ ജനാധിപത്യറിപ്പബ്ളിക്കു് ചില അത്യാവശ്യനടപടികളെടുക്കും; "ഭൂമി കൃഷിക്കാരനു്" എന്ന ഡാ: സന്നിൻെറ മുദ്രാവാക്യം നടപ്പിൽവരുത്താനും നാട്ടിൻപുറത്തെ നാടുവാഴിത്തബന്ധങ്ങൾ ഉച്ചാടനംചെയ്യുവാനും അതു കൂടിയേ തീരൂ. എന്നാൽ സോഷ്യലിസ്റ്റ്കൃഷിവ്യവസ്ഥ നടപ്പിലാക്കുന്നതിൽനിന്നു വ്യത്യസ്തമാണു മേല്പറഞ്ഞതു്. ഭൂമി കൃഷിക്കാരുടെ സ്വകാര്യസ്വത്താക്കുന്ന ഒരു നടപടിമാത്രമാണിതു്. ധനികകൃഷിക്കാരുടെ കൃഷിനടത്തിപ്പിൻെറ സാമ്പത്തികരീതികൾ മുമ്പത്തേപ്പോലെ അനുവദിക്കപ്പെടുന്നതാകുന്നു. "ഭൂമിയുടമസ്ഥതയെ സമീകരിക്കുക"യെന്ന നയത്തിൻെറ ലക്ഷ്യമാണിതു്; ഇതു നടപ്പിൽവരുമ്പോഴത്തെ ശരിയായ മുദ്രാവാക്യം "ഭൂമി കൃഷിക്കാരനു്" എന്നതാവണം.

"മുതലാളിത്തത്തെ നിയന്ത്രിക്കുക," "ഭൂമിയുടമസ്ഥതയെ സമീകരിക്കുക" എന്നീ മാർഗ്ഗങ്ങളിലൂടെ ചൈനീസ് സാമ്പത്തികജീവിതം സഞ്ചരിച്ചേതീരൂ; ഉടമസ്ഥാവകാശം "ഒരുപിടി ആളുകളുടെ കുത്തക" യാകാൻ പാടില്ല "ജനങ്ങളുടെ ജീവസന്ധാരണസ്വാതന്ത്ര്യത്തെ നിഹനിക്കുവാൻ" ഒരുപിടി ജന്മി-മുതലാളിമാരെ അനുവദിക്കുവാനോ, യു

റോപ്യൻ-അമേരിക്കൻരീതിയിൽ ഒരു മുതലാളിത്തസമുദായം കെട്ടിപ്പടുക്കാനോ നമുക്കൊരിക്കലും നിവൃത്തിയില്ല. ആരാണോ ഈ വഴിയേ എതിക്കാൻ വേണ്ട ധിക്കാരമുള്ളത്, അവരുടെ ആ ശ്രമം നിശ്ചയമായും പരാജയപ്പെട്ടമെന്നുമാത്രമല്ല, അവരുടെ തല ചതഞ്ഞു ചമ്മന്തിയാവുകകൂടി ചെയ്യും.

ജപ്പാനെതിരായ ഒരു വിപ്ലവചൈന അനിവാര്യമാംവിധം കെട്ടിപ്പൊക്കേണ്ടതായ ആഭ്യന്തരസാമ്പത്തികഘടനയാണിതു്.

ഇതാണ പുതിയ ജനാധിപത്യത്തിൻെറ സാമ്പത്തികഘടന.

പുതിയ ജനാധിപത്യത്തിൻെറ ഈ സാമ്പത്തികബന്ധങ്ങളുടെ ക്രോഡീകൃതമായ പ്രകാശനമായിരിക്കും പുതിയ ജനാധിപത്യത്തിൻെറ രാഷ്ട്റീയബന്ധങ്ങൾ.

## VII

### ബൂർഷ്വാസർവ്വാധിപത്യ സിദ്ധാന്തത്തിൻെറ നിരാകരണം

പുതിയ ജനാധിപത്യത്തിൻേറതായ ഈ രാഷ്ട്രീയബന്ധങ്ങളോടും സാമ്പത്തികവ്യവസ്ഥയോടും കൂടിയ ഇത്തരമൊരു റിപ്പബ്ലിക്കിനു ചൈനീസ് ജനതയിൽ 90 ശതമാനത്തിൻെറയും അംഗീകാരം ലഭിക്കുമെന്നതു നിശ്ചയമാണ്. ഡാ: സൺ പറഞ്ഞതുപോലെ, "പ്രപഞ്ചനിയമങ്ങൾക്കും, മനുഷ്യരുടെ കാര്യബോധത്തിനും ലോകത്തിൻെറ ഗതിക്കും ജനങ്ങളുടെ ആവശ്യത്തിനും ഒത്തിണങ്ങിയതും പിന്നീട്ട വരുന്നവർ നിശ്ചയദാർഢ്യത്തോടെ തുടന്നു കെട്ടിപ്പടുക്കുന്നതും, അതുകൊണ്ട നിസ്സംശയമാംവിധം വിജയപൂർണ്ണമാകുന്നതുമായ ഒന്നാണിതു്." ഇതൊന്നേയൊന്നുമാത്രമല്ലാതെ, മററു യാതൊരു മാർഗ്ഗവുമില്ല നമുക്ക്.

ബൂർഷ്വാസിയുടെ ഭരണത്തിൻകീഴിലുള്ളമുതലാളിത്തസമുദായത്തിൻെറ വഴിയിലൂടെ നമുക്ക് മുന്നോട്ട പോകാമോ? യൂറോപ്യൻ-അമേരിക്കൻ മുതലാളിവർഗ്ഗം സഞ്ചരിച്ചുകഴിഞ്ഞ പഴയവഴിയാണതെന്നതിൽ ഇവിടെ സംശയമില്ല; പക്ഷേ, ദേശീയവും സാർവ്വദേശീയവുമായ പരിതഃസ്ഥിതികാരണം, ചൈനയ്ക്കു് ഇതു പിന്തുടരാൻ വയ്യാ.

സാർവ്വദേശീയപരിതഃസ്ഥിതിവച്ചുനോക്കിയാലും അങ്ങനെയൊരു വഴി ഇന്നു് അപ്രായോഗികമാണ്. ഒന്നാമതു്, സാർവ്വദേശീയ മുതലാളിത്തമോ, സാമ്രാജ്യത്വമോ ഇതനുവദിക്കുകയേയില്ല. ചൈനയുടെ

No. 4740

ആധുനികചരിത്രം സാമ്രാജ്യത്വആക്രമണത്തിന്റെയും, ചൈനയുടെ സ്വാതന്ത്ര്യമാർഗ്ഗത്തിലും ചൈനീസ്മുതലാളിത്തത്തിന്റെ വളർച്ചയുടെ വഴിയിലും സാമ്രാജ്യത്വം വലിച്ചുവെയ്ക്കുന്ന എതിർപ്പുകളുടെയും ചരിത്രമല്ലാതെ മറെറാന്നുമല്ല. ഒന്നിനു പുറകെ മറെറാന്നായി എത്രയോ ചൈനീസ്‌വിപ്ലവങ്ങൾ പരാജയപ്പെട്ടിട്ടുണ്ടു്; എല്ലാററിനേയും സാമ്രാജ്യത്വം അടിച്ചമർത്തി, തങ്ങളുടെ പണി പൂർത്തിയാക്കാതെതന്നെ എണ്ണമററ ദേശാഭിമാനികൾ രക്തസാക്ഷികളാവേണ്ടിവന്നു. വീണ്ടും ഇപ്പോഴിതാ, കരുത്തേറിയ ജാപ്പുസാമ്രാജ്യത്വം ചൈനയെ തന്റെ കോളണിയാക്കാൻവേണ്ടി നമ്മെ ആക്രമിച്ചുകയറുന്നു. ചൈനയിൽ തങ്ങളുടെമുതലാളിത്തം വികസിപ്പിക്കുകയെന്നതല്ലാതെ, ചൈനയ്ക്കു് അതിന്റെ സ്വന്തമായ ഒരു മുതലാളിത്തം വളർത്താൻ അനുവദിക്കുകയെന്നതല്ലതന്നെ ജപ്പാന്റെ ലക്ഷ്യം. ചൈനീസ്‌ബൂർഷ്വാസിയെ ഇവിടെ ഭരിക്കാനനുവദിക്കുകയല്ല, പ്രത്യുത ചൈനയിൽ തങ്ങളുടെ സ്വന്തം ബൂർഷ്വാസിയുടെ സർവ്വാധിപത്യം സ്ഥാപിക്കുകയാണു ജപ്പാൻ ചെയ്യുന്നതു്. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ, ചാക്കടുത്ത സാമ്രാജ്യത്വത്തിന്റെ മരണപ്പിടച്ചിലിന്റെ ഘട്ടമാണു് ഇതു്. “സാമ്രാജ്യത്വം, മുതലാളിത്തത്തിന്റെ മരണരൂപമാകുന്നു,” അതുകൊണ്ടുതന്നെ അതു കോളണികളിന്മേലും അർദ്ധകോളണികളിന്മേലും അധികമധികം കടിച്ചുതൂങ്ങുന്നു; അവയുടെ സ്വന്തം ബൂർഷ്വാസിയുടെ ഭരണത്തിൻകീഴിലുള്ള ഒരു സമുദായം സൃഷ്ടിക്കുവാൻ ഒട്ടുംതന്നെ അനുവദിക്കുകയില്ലെന്നകാര്യം കൂടുതൽ സ്പഷ്ടമാകുന്നു. ഗൗരവാവഹമായ ഒരു രാഷ്ട്രീയ-സാമ്പത്തികക്കുഴപ്പം അഭിമുഖീകരിക്കേണ്ടിവന്നതുകൊണ്ടുതന്നെയാണു്, എന്നുവെച്ചാൽ അതിന്റെ ചാക്കടുത്തിരിക്കുന്നതുകൊണ്ടുതന്നെയാണു്, ചൈനയെ ആക്രമിച്ചു കീഴടക്കി തന്റെ കോളണിയാക്കാനും, ചൈനയുടെ സ്വന്തമായ ഒരു ദേശീയമുതലാളിത്തവളർച്ചയോ ബൂർഷ്വാസർവ്വാധിപത്യസ്ഥാപനമോ സാധിക്കുന്നതിൽനിന്നു് അതിനെ തടയാനും ജപ്പാൻ നിശ്ചയിച്ചിരിക്കുന്നതു്.

രണ്ടാമതു്, ഇങ്ങനെയൊരു വഴി സോഷ്യലിസവും സമ്മതിക്കുന്നില്ല. നാം യഥാർത്ഥവിമോചനം കാംക്ഷിക്കുന്നുവെങ്കിൽ, സോഷ്യലിസ്ററുരാജ്യത്തിൽനിന്നോ സാർവ്വദേശീയതൊഴിലാളിവർഗ്ഗസഹായത്തിൽനിന്നോ അകന്നുനില്ക്കുക നമുക്കു സാദ്ധ്യമല്ല. മറെറാരു വാചകത്തിൽ പറയുകയാണെങ്കിൽ സോവിയററുയൂണിയന്റെ സഹകരണത്തിൽനിന്നോ, ജപ്പാൻ, ഗ്രെയിററുബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ജ

മ്മനി തുടങ്ങിയ മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തിൻെറ മുതലാളിത്തവിരുദ്ധസമരങ്ങളുടെ വിജയത്തിൽനിന്നോ അകന്നുനില്ക്കുക നമുക്കസാദ്ധ്യമാണ്. അവരുടെ വിജയം നമ്മുടെ വിജയമാണ്. പ്രസ്തുത രാജ്യങ്ങളിൽ മുഴുവനുമോ, അതില്ലെങ്കിലും അവയിൽ ഒന്നുരണ്ടെണ്ണത്തിലെങ്കിലുമോ നമുക്കുമുമ്പു വിപ്ലവമുണ്ടാകണമെന്നോ അതിൻെറ ഫലമായി ചൈനയും ജയിച്ചുകൊള്ളണമെന്നോ ഇല്ലെങ്കിൽക്കൂടിയും അവരുടെ സഹായത്തോടുകൂടിയല്ലാതെ നമുക്കു ജയിക്കാൻ കഴികയില്ലെന്നതു സംശയരഹിതമാണ്. ചൈനയുടെ ചെറുത്തുനില്പുയുദ്ധത്തിൻെറ അവസാനവിജയത്തിനു വേണ്ടതായ അത്യന്താപേക്ഷിതവും അഭേദ്യവുമായ സാഹചര്യമാകുന്ന സോവിയററുയൂണിയൻെറ സഹായത്തിൻെറ കാര്യത്തിൽ ഇതു വിശേഷിച്ചും വ്യക്തമായിക്കാണാം. സോവിയററുസഹായം നാം നിരസിക്കുകയെന്നതിൻെറ അനിവാര്യഫലം നിശ്ചയമായും വിപ്ലവത്തിൻെറ പരാജയമായിരിക്കും. 1927-നുശേഷം ചൈനയിൽ നടന്ന സോവിയററുവിരോധപ്രചാരവേലയുടെ ഭവിഷ്യത്തുക്കളോത്താൽ ഇതു വ്യക്തമല്ലേ? യുദ്ധങ്ങളുടേയും വിപ്ലവങ്ങളുടേയുമായ ഈ കാലഘട്ടത്തിൽ, സോഷ്യലിസത്തിനു പൂർണ്ണമായ അഭിവൃദ്ധി സുനിശ്ചിതമായ ഈ അവസരത്തിൽ, സാമ്രാജ്യത്വത്തിൻെറയും നാടുവാഴിത്തത്തിൻെറയും മീതെ വിജയം വരിച്ചുകഴിഞ്ഞതശേഷം ചൈനയ്ക്കു തൻെറ സ്വന്തം ബൂർഷ്വാസിയുടെ ഭരണത്തിൻകീഴിൽ ഒരു ബൂർഷ്വാസമുദായം സ്ഥാപിക്കാമെന്നു കരുതുന്നതു വ്യാമോഹമല്ലെങ്കിൽ പിന്നെ മറെറന്താണ്?

ഒന്നാംലോകമഹായുദ്ധത്തിനും റഷ്യൻ ഒക്ടോബർവിപ്ലവത്തിനുംശേഷം, ബൂർഷ്വാഭരണത്തിനു വിധേയമായ ഒരു ചെറിയ കമാലിസ്റ്റുതുർക്കി നിലവിൽവരാൻ കഴിഞ്ഞുവെങ്കിൽ അതു ചില പ്രത്യേകപരിതഃസ്ഥിതികളുടെ ഫലമായാണ്. (അതായതു്, തുർക്കിയിൽ ഗ്രീക്ക് അക്രമികളെ പരാജയപ്പെടുത്തി ബൂർഷ്വാസിശക്തിപ്പെട്ടപ്പോൾ തൊഴിലാളിവർഗ്ഗം മതിയായ കരുത്തു സമ്പാദിച്ചുകഴിഞ്ഞിരുന്നില്ല.) എന്നാൽ, രണ്ടാംലോകമഹായുദ്ധത്തിനും സോവിയററുയൂണിയൻെറ സോഷ്യലിസ്റ്റ്നിർമ്മാണവിജയത്തിനുംശേഷം, വിശേഷിച്ചും നമ്മെ സംബന്ധിച്ചിടത്തോളം ഇവിടെയുള്ളതു 45 കോടി ജനതയുടെ "തുർക്കി"യാണെന്നിരിക്കെ, അതൊരിക്കലും ആവർത്തിക്കപ്പെടാൻപോകുന്നില്ല. ചൈനയുടെ പ്രത്യേകപരിതഃസ്ഥിതികൾവെച്ചു നോക്കുമ്പോൾ, അതു ബൂർഷ്വാസിയുടെ സന്ധിമനോഭാവവും തൊഴിലാളിവർഗ്ഗത്തിൻെറ

സാർവ്വത്രികമായ ശക്തിപ്രവാഹവുമായിരിക്കെ, അത്ര എളുപ്പമൊന്നു മല്ല ചൈനയെ തൂക്കിയാക്കുക. 1927-ലെ മഹത്തായ വിപ്ലവത്തിന്റെ പരാജയത്തോടുകൂടി ചൈനീസ് ബൂർഷ്വാസി ഉറക്കെ നീട്ടിവലിച്ചുപാടിയിരുന്നില്ലേ "കെമാലിസ"ത്തിന്റെ പാട്ട്? എന്നാൽ എവിടെയാണ് ഇന്ന് ആ ചൈനയിലെ കെമാൽ? ചൈനീസ് ബൂർഷ്വാസിയുടെ ഭരണത്തിൻകീഴിലുള്ള മുതലാളിത്തസമുദായവും ഇന്നെവിടെയുണ്ട്? ഇരുപതാംനൂററാണ്ടിന്റെ നാലും അഞ്ചും ദശകത്തിലെ ഇന്നത്തെ ഈ സാർവ്വദേശീയപരിതഃസ്ഥിതിയിൽ, കോളണികളിലേയും അർദ്ധകോളണികളിലേയും സകല "വീരരും" ഈ രണ്ടിലൊരു ഭാഗത്ത് ഉറച്ചുനിന്നേ മതിയാകൂ. ഒന്നുകിൽ സാമ്രാജ്യത്വമുന്നണിയിൽ ചേർന്ന് ലോകത്തിലെ എതിർവിപ്ലവത്തിന്റെ ഭാഗമാവുക; അതല്ലെങ്കിൽ സാമ്രാജ്യത്വവിരുദ്ധമുന്നണിയിൽ ചേർന്ന് ലോകവിപ്ലവത്തിൽ പങ്കുകൊള്ളുക. ഇവയല്ലാതെ, മൂന്നാമതൊരുവഴി ഇല്ലേയില്ല.

നമ്മുടെ രാജ്യത്തിലെ ആഭ്യന്തരസംഭവങ്ങളിൽനിന്നു ചൈനീസ് ബൂർഷ്വാസി അസംഖ്യം അത്യാവശ്യപാഠങ്ങൾ പഠിച്ചിരിക്കേണ്ടതായിരുന്നു. തൊഴിലാളികളുടേയും കൃഷിക്കാരുടേയും പെററിബൂർഷ്വാസിയുടേയും ശക്തികണ്ടമ്പരന്നു ചൈനീസ് ബൂർഷ്വാസിവിപ്ലവത്തിന്റെ വിജയഭാഗത്തുവച്ച് ആ ജനങ്ങളെ ആട്ടിപ്പായിച്ച് വിപ്ലവത്തിന്റെ ഫലം സ്വയം കൊയ്തെടുക്കാൻ തുടങ്ങിയില്ലേ? മാത്രമല്ല ഇതിനെത്തുടർന്ന് പത്തുകൊല്ലം നീണ്ടുനിന്നതും ബൂർഷ്വാസി അതിന്റെ മുഴുവൻ ശക്തിയും അഴിച്ചുവിടപ്പെട്ടതുമായ "കമ്മ്യൂണിസ്റ്റ്കാരെ കൊന്നൊടുക്കൽ"പ്രസ്ഥാനവും അതു നടത്തിനോക്കി. എന്നാൽ ഇതൊക്കെയായിട്ടും അതു് എന്തുനേടി? അപ്പോൾ, സുശക്തമായ ഒരു ശത്രു നമ്മുടെ നാട്ടിന്റെ ഉള്ളിലേക്കു വളരെദൂരം തള്ളിക്കയറിവന്നിട്ടും, രണ്ടുകൊല്ലമായി നാം ആ ശത്രുവിനെ ചെറുത്തുനില്ക്കാൻ തുടങ്ങിയിട്ടും, ഇനിയും നാം ആ പഴയ, കാലഹരണംവന്ന, പടിഞ്ഞാറൻബൂർഷ്വാപരിപാടി അനുകരിക്കണമെന്നാണോ പറയുന്നതു്? പത്തുകൊല്ലത്തെ കമ്മ്യൂണിസ്റ്റ്‌വിരുദ്ധ ആഭ്യന്തരയുദ്ധത്തിനുപോലും സാക്ഷാൽക്കരിക്കപ്പെടാൻ കഴിയാത്ത ആ ബൂർഷ്വാഭരണത്തിൻകീഴിലുള്ള സമുദായത്തെക്കുറിച്ച് ഇനിയും സ്വപ്നം കാണണമെന്നുണ്ടോ, കൂട്ടരെ?

ശരിയാണ്; പത്തുകൊല്ലത്തെ കമ്മ്യൂണിസ്റ്റ്‌വിരുദ്ധപ്രസ്ഥാനത്തിന്റെ ഫലമായി ഒരു ഏകകക്ഷിസർവ്വാധിപത്യം വളർന്നുവന്നു.

പക്ഷെ, അതും ഒരു അർദ്ധകൊളോണിയൽ–അർദ്ധനാടുവാഴിത്തസവ്വാധിപത്യമല്ലേ. കമ്യൂണിസ്റ്റ്‌വിരുദ്ധപ്രസ്ഥാനത്തിൻെറ 1927 മുതൽ 1931 സെപ്തംബർ 18 വരെയുള്ള, ആദ്യത്തെ നാലുകൊല്ലത്തെ പ്രവത്തനത്തിൻെറ ഫലമായി ഒരു "മഞ്ചുകോ" ഉണ്ടായി; പിന്നത്തെ ആറുകൊല്ലത്തെ കമ്യൂണിസ്റ്റ്‌വിരുദ്ധപ്രവത്തനം ജാപ്പ്‌സാമ്രാജ്യത്വവാദികളെ ചൈനയുടെ ഉള്ളിലേക്കു ക്ഷണിച്ചുവരുത്തി. ഇനിയും ഒരു പത്തുകൊല്ലത്തേക്കുകൂടി ആരെങ്കിലും ഇതു പുതുക്കാനാഗ്രഹിക്കുന്നുവെങ്കിൽ പഴയതരത്തിൽനിന്നു പലതരത്തിലും വ്യത്യസ്തമായ കമ്യൂണിസ്റ്റ്‌വിരോധപ്രവത്തനമാവണം അതു്. ഇതിനകംതന്നെ അതിധീരതയോടേയും അതിവേഗത്തിലും ഈ പുതിയതരം കമ്യൂണിസ്റ്റ്‌വിരോധപ്രസ്ഥാനം ഏറെറടുക്കുകയും അതുംപേറി വലിഞ്ഞുനടക്കുകയും ചെയ്യു ഒരു "ഓട്ടക്കാരൻ" ഇപ്പോൾതന്നെ ഇവിടെയില്ലേ? സുപ്രസിദ്ധ കമ്യൂണിസ്റ്റ്‌വിരുദ്ധകരിശുയുദ്ധത്തലവനായ വേങ്ങ്ചിങ്ങ്-വേയ് അല്ലാതെ മററാരുമല്ല അതു്. ഈ വേങ്ങ്ചിങ്ങ്-വേയുമായി കൂട്ടുപിടിക്കാനുദ്ദേശിക്കുന്നവർക്കങ്ങനെയാവാം. പക്ഷെ, അതോടുകൂടി ബൂർഷ്വാസവ്വാധിപത്യം, മുതലാളിത്തസമുദായം, കെമാലിസം, ആധുനികരാഷ്ട്രം, "ഏകകക്ഷി, ഏകകക്ഷിപ്രമാണം" മുതലായവയെപ്പററി പിന്നീടു മിണ്ടാൻ അവക്കു കുറെ വിഷമം നേരിടുകില്ലേ? വേങ്ങ്ചിങ്ങ്-വേയുടെ കൂടെച്ചേരാൻ മനസ്സില്ലാത്ത ഏതൊരാളും ജാപ്പുവിരുദ്ധജനതയുടെ ഭാഗത്തു നില്ക്കുണ്ടിയിരിക്കുന്നു. അങ്ങനെയിരിക്കെ, ജാപ്പുവിരുദ്ധചേരിയിൽ ചേന്നുകഴിഞ്ഞിട്ടുള്ള ഒരാൾ അതിനുശേഷം, ജാപ്പുവിരുദ്ധയുദ്ധത്തിൻെറ നേട്ടങ്ങളെ തനിച്ചു തട്ടിയെടുക്കാൻവേണ്ടി ജനങ്ങളെ ചവിട്ടിപ്പുറത്താക്കാൻ ശ്രമിക്കാനോ, ഒരിക്കൽകൂടി "ഏകകക്ഷിസവ്വാധിപത്യം നീണാൾ വാഴട്ടെ" എന്ന രാഗമാലപിക്കാനോ ആണു് ആഭാവമെങ്കിൽ അയാളെ ഇപ്പോഴും വ്യാമോഹത്തിൽ കഴിഞ്ഞുകൂടുന്ന ഒരാളെന്നല്ലാതെ മറെറാന്നും പറയാനില്ല.

ഹും! ജപ്പാനെതിരായ യുദ്ധത്തിൻെറ അഭിമാനമർഹിക്കുന്നതാരാണു്? തൊഴിലാളികൾ, കൃഷിക്കാർ, പെററിബൂർഷ്വാസി എന്നിവരെക്കൂടാതെ ഒരടി മുമ്പോട്ടുനീങ്ങാൻ നിങ്ങൾക്കു കഴിയുകയില്ല. ജനങ്ങളെ ചവിട്ടിപ്പുറത്താക്കാൻ ധൈയ്യപ്പെടുന്നവർ ആദ്യം തങ്ങളുടെ പാദം സൂക്ഷിച്ചോട്ടെ. ഇതൊരു സാധാരണബുദ്ധി മാത്രമാണു്, അല്ലേ? എന്നാൽ ചൈനീസ്ബൂർഷ്വാസിയിലെ മൂരാച്ചികൾ (ഞാനിവിടെ മൂരാച്ചികൾ എന്നതിലാണൂന്നുന്നതു്) കഴിഞ്ഞ 20 കൊ-

ല്ലത്തെ അനുഭവങ്ങളിൽനിന്നു യാതൊന്നും പഠിച്ചതായി കാണുന്നില്ല: "കമ്യൂണിസ്റ്റുകാരെ നിയന്ത്രിക്കണം", "കമ്യൂണിസ്റ്റുകാരെ പിരിച്ചുവിടണം", "കമ്യൂണിസ്റ്റുകാരെ എതിർക്കണം" എന്നും മററും ഇന്നും അട്ടഹസിക്കാറുള്ളതു നിങ്ങൾക്കു കേൾക്കാമല്ലോ? "എതിർകക്ഷിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള നിയമസംഹിത"യുടെ ആവിഷ്കരണംകൊണ്ടും തൃപ്തിപ്പെടാതെ, അവർ പിന്നേയും "എതിർകക്ഷിയുമായി ഇടപെടാനുള്ള നിയമസംഹിത"യും, "എതിർകക്ഷിയുടെ പരിപാടികളുമായി ഇടപെടാനുള്ള പ്രായോഗികപദ്ധതി"യും അടിച്ചേല്പിച്ചിരിക്കുന്നു. ഈ "നിയന്ത്രണ"വും "ഇടപെടലും" ഇങ്ങനെ തുടരെത്തുടരെ അടിച്ചേല്പിച്ചുകൊണ്ട്, ഈശ്വരാ, നമ്മുടെ രാഷ്ട്രത്തിന്നെന്തുവിധിയാണ് ഇവർ വരുത്തിവയ്ക്കാൻപോകുന്നതാവോ! ആത്മാർത്ഥമായി ഞങ്ങളാ മാന്യന്മാരോടഭ്യർത്ഥിക്കുന്നു, ഒന്നു കണ്ണു തുറന്നു ചൈനയേയും ലോകത്തേയുമൊക്കെ ഒന്നു നോക്കുവാനും യഥാർത്ഥസ്ഥിതിഗതികളെന്തെന്നു ശരിയായി ഒന്നു മനസ്സിലാക്കുവാനും. ദയവായി ആ പഴയ തെററുകൾ ഇനിയും ആവർത്തിക്കരുതു്. നിങ്ങളതാവർത്തിക്കുന്നതുകൊണ്ട്, നമ്മുടെ രാഷ്ട്രത്തിന്നു വിനാശകരമെന്നതല്ലാതെ, നിങ്ങൾക്കും അതുകൊണ്ടു യാതൊരു നേട്ടവും കിട്ടാൻപോകുന്നില്ല. ചൈനീസ് ബൂർഷ്വാസിയിലെ മൂരാച്ചികൾ ഇനിയും മിഴി തുറക്കുന്നില്ലെങ്കിൽ, അവർക്കൊരു മണ്ണും ഗുണമില്ലെന്നു മാത്രമല്ല അവർ തുലഞ്ഞുപോവാവേണ്ടിവരികകൂടി ചെയ്യുമെന്നതു ഖണ്ഡിതമാണ്, നിശ്ചയമാണ്. ഇതുകൊണ്ടാണു ഞങ്ങൾ വിശ്വസിക്കുന്നതു്, ജാപ്പുവിരുദ്ധ ഐക്യമുന്നണി ഏതെങ്കിലും ഒരു പ്രത്യേകകക്ഷിവിഭാഗത്തിൻെറ അധികാരക്കുത്തകയിൽ കലാശിക്കാതെ, ജാപ്പുവിരുദ്ധയുദ്ധത്തിൻെറ വിജയമെന്ന ലക്ഷ്യംവെച്ചു് എല്ലാവരുടേയും സഹകരണത്തോടുകൂടി മുന്നോട്ടു നീങ്ങുകതന്നെ ചെയ്യുമെന്നും വിജയം കൈവരിക്കുമെന്നും. ഇതാണ്, ഇതുമാത്രമാണ്, ഏററവും ശരിയായ നയം. മററവയെല്ലാം അസാദ്ധ്യമായ വ്യാമോഹങ്ങൾ മാത്രമാണ്. അതുകൊണ്ട് കമ്യൂണിസ്റ്റുകാരായ ഞങ്ങളുടെ, വിനീതമായ അഭ്യർത്ഥന ഇതുമാത്രമാണ്: "കാലേക്കൂട്ടി നിങ്ങളെ താക്കീതുചെയ്തില്ല എന്നു ഞങ്ങളെ ആക്ഷേപിക്കരുതേ."

"ഉള്ളചോറു പങ്കുവെച്ചു് എല്ലാവരുംകൂടി ഭക്ഷിക്കുക." സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ടു ലി യുവാൻ-ഹാങ്ങിൻെറ ഈ പഴയ അഭിപ്രായത്തിൽ വളരെ കാര്യമുണ്ട്. ശത്രുവിന്നെതിരായി തോളോടുതോൾ ചേ

ന്നുനിന്നുപടവെട്ടുന്ന നമ്മൾ ഉള്ളചോറ് ഒന്നിച്ചിരുന്ന് ഉണ്ണണമെന്നതും ഉള്ളജോലി എല്ലാവരുംകൂടി ചെയ്യണമെന്നതും പഠിക്കാനുള്ളതു് ഒത്തുചേർന്നു പഠിക്കണമെന്നതും കേവലം യുക്തിപരംമാത്രമാണ്. "ഉള്ളതെല്ലാം എനിക്കു്", "എന്നെത്തൊടാൻ ഒരുത്തനും കഴിയില്ല" എന്നെല്ലാമുള്ള ആ മനോഭാവം നാടുവാഴിത്തജന്മിപ്രഭുക്കളുടെ തുലഞ്ഞ സമ്പ്രദായമായിരുന്നു. 20-ാം നൂററാണ്ടിൻെറ നാലു്-അഞ്ചു ദശകങ്ങളിലുണ്ടോ അതു വിലപ്പോകുന്നു.

കീഴടങ്ങലിന്നെതിരായി നിലകൊള്ളുന്നവരും കമ്മ്യൂണിസ്ററുവിരോധികളല്ലാത്തവരുമായ വിപ്ലവജനതയിൽ യാതൊരു വിഭാഗത്തേയും കമ്മ്യൂണിസ്ററുകാരായ ഞങ്ങൾ ഒരിക്കലും നിരാകരിക്കുകയില്ല. ജപ്പാനെ എതിർക്കാനും ഐക്യമുന്നണിയിൽ അണിചേർന്നു നില്ക്കാനും ദൃഢനിശ്ചയം ചെയ്തിട്ടുള്ള എല്ലാ വർഗ്ഗങ്ങളും, വിഭാഗങ്ങളും, രാഷ്ട്റീയകക്ഷികളും, കക്ഷിവിഭാഗങ്ങളും, വ്യക്തികളുമായി ഒരു നീണ്ടകാലംവരെ സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷെ, ഞങ്ങളെ ഒഴിച്ചുനിർത്താനോ, ഐക്യമുന്നണിയെ പൊളിക്കാനോ ഞങ്ങളനുവദിക്കുകയില്ല. ചൈന അടിയുറച്ചുനിന്നു ശത്രുവിനെ ചെറുക്കണം, അങ്ങേയററംവരെ ഏകോപിക്കണം, പുരോഗമിച്ചുകൊണ്ടേയിരിക്കണം. കീഴടങ്ങാനോ, ഭിന്നിപ്പിക്കാനോ, പുറകോട്ടടിക്കാനോ നില്ക്കുന്ന ഒരുത്തനേയും ഞങ്ങൾ വെറുതേ വിടുകയില്ല.

## VIII

## "ഇടതുപക്ഷ" പ്രമാണോദ്ധാരണവാദനിരാകരണം

മുതലാളിത്തത്തിൻേറയും ബൂർഷ്വാസർവ്വാധിപത്യത്തിൻേറയും വഴിക്കുപോവാൻ പ്രയാസമാണെങ്കിൽ, നമുക്കെന്തു സോഷ്യലിസത്തിൻേറയും തൊഴിലാളിസർവ്വാധിപത്യത്തിൻേറയും വഴിക്കുപോവാൻ കഴിയില്ലേ? ഇല്ല; ഈ ഘട്ടത്തിൽ അതു സാദ്ധ്യമല്ല.

ഇന്നത്തെ ഈ ഘട്ടം വിപ്ലവത്തിൻെറ ഒന്നാംഘട്ടം മാത്രമാണെന്നും രണ്ടാംഘട്ടത്തിലേക്കു്, അതായതു് സോഷ്യലിസ്ററുഘട്ടത്തിലേക്കു്, അനിവാര്യമായും അതു വളരുമെന്നുമുള്ളതു് എടുത്തുപറയേണ്ടതില്ലല്ലോ. ആ സോഷ്യലിസ്ററുഘട്ടത്തിലെത്തുമ്പോൾ മാത്രമേ ചൈന യഥാർത്ഥമായും സുഖസമൃദ്ധമെന്നു പറയാനൊക്കുകയുള്ളു. പക്ഷെ, ഇന്നു സോ

ഷ്യലിസം പ്രയോഗിക്കാനുള്ള അവസരമല്ല. ചൈനീസ് വിപ്ലവത്തിൻെറ ഇന്നത്തെ കടമ സാമ്രാജ്യത്വത്തിൽനിന്നും നാടുവാഴിത്തത്തിൽനിന്നും വിടുതി നേടുകയെന്നതാണു്; ഇതു പൂർണ്ണമാവാതെ സോഷ്യലിസത്തിൻെറ സാക്ഷാല്ക്കാരത്തെക്കുറിച്ചുള്ള സംസാരം വെറും പൊള്ളയായ പേച്ചുമാത്രമാണു്. ചൈനീസ് വിപ്ലവം രണ്ടു ഘട്ടങ്ങളായിട്ടേ വിജയത്തിലെത്തുകയുള്ളൂ. ഒന്നാമതു പുതിയ ജനാധിപത്യഘട്ടവും പിന്നെ സോഷ്യലിസ്ററുഘട്ടവും. എന്നല്ല, ഒന്നാംകാലഘട്ടത്തിൻെറ നീളം യാതൊരുവിധത്തിലും ചെറിയ ഒന്നെന്നു പറയാൻ നിവൃത്തിയില്ല. ഒററരാത്രികൊണ്ടു നേടാൻകഴിയുന്ന ഒന്നല്ല അതു്. ഞങ്ങൾ സാങ്കല്പികസ്വപ്നവാദികളൊന്നുമല്ല; ഞങ്ങളുടെ കൺമുമ്പിലുള്ള യഥാർത്ഥ സ്ഥിതിഗതികളിൽനിന്നു വിട്ടുനില്ക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല.

"ഒററഘട്ടത്തിൽ മുഴുവിപ്ലവം" എന്ന തെററായ സിദ്ധാന്തവും പേറി ചില കള്ളപ്രചാരകന്മാർ ഈ രണ്ടു ഘട്ടങ്ങളേയും കരുതിക്കൂട്ടി കൂട്ടിക്കുഴയ്ക്കാറുണ്ടു്; എല്ലാ വിപ്ലവങ്ങളുടേയും ഉള്ളടക്കം മൂന്നു ജനകീയതത്വങ്ങളിലടങ്ങിയിരിക്കുന്നുവെന്നും അതുകൊണ്ടു കമ്മ്യൂണിസത്തിനു നിലനില്ക്കാനർഹതയില്ലെന്നും വരുത്തുകയാണത്രേ, അവരിതുകൊണ്ടുദ്ദേശിക്കുന്നതു്. "ഈ സിദ്ധാന്ത"മെടുത്തൊരു കുന്തമുനയായിപ്പിടിച്ചുംകൊണ്ടു് കമ്മ്യൂണിസത്തേയും കമ്മ്യൂണിസ്ററുപാർട്ടിയേയും എട്ടാം റൂട്ട് പടയേയും പുതിയ നാലാംപടയേയും ഷാൻസി-കാൻസു-നിങ്ങ്സിയാ അതിർത്തിമേഖലയേയും അവർ ശരിക്കും എതിർക്കുന്നു. ഇതുകൊണ്ടെല്ലാം അവരുടെ അടിയിലുള്ള ഉദ്ദേശമാകട്ടെ, എല്ലാവിധ വിപ്ലവങ്ങളെയും മൌലികമായി ഇല്ലായ്മചെയ്യലാണു്, ബൂർഷ്വാജനാധിപത്യവിപ്ലവത്തെ ശരിക്കും നടപ്പിൽവരുത്തുന്നതിനെ എതിർക്കലാണു്, ജാപ്പുവിരുദ്ധചെറുത്തുനില്പുയുദ്ധത്തെ തകർക്കലാണു്, അവസാനം ജാപ്പുകവച്ചക്കാർക്കു കീഴടങ്ങുകയെന്ന അവരുടെ ഭാവിപരിപാടിക്കുവേണ്ട "പൊതുജനാഭിപ്രായം" സൃഷ്ടിക്കലാണു്.

ജപ്പാൻകാരുടെ സംഘടിതമായ, കരുതിക്കൂട്ടിയ, കടിഞ്ഞാണുണ്ടു് ഇതിൻെറ പുറകിൽ. വു-ഹാൻ പിടിച്ചടക്കിയതിനുശേഷവും, പട്ടാളശക്തികൊണ്ടുമാത്രം ചൈനയെ കീഴടക്കാൻ കഴിയുകയില്ലെന്നും രാഷ്ട്ീയാക്രമണത്തിൻേറയും സാമ്പത്തികച്ചൂണ്ടലിൻേറയും സഹായത്തോടുകൂടിയ മററുചില തന്ത്രപരമായ ഇടപാടുകളെക്കൂടി ആശ്രയിക്കണമെന്നുമുള്ള അവരുടെ അടവിൻെറ ഭാഗമാണിതു്. ജാപ്പുവിരുദ്ധമുന്നണിക്കകത്തെ ചഞ്ചലഹൃദയന്മാരെ

കീശയിലാക്കുകയും, ഐക്യമുന്നണിയെ ഭിന്നിപ്പിക്കുകയും, ക്ലമിന്താങ്ങും കമ്മ്യൂണിസ്റ്റ് സഹകരണത്തിൻെറ അടി തുരക്കുകയുമാണ് അവരുടെ രാഷ്ട്രീയാക്രമണമെങ്കിൽ, സാമ്പത്തികച്ചൂഷണത്തിൻെറ സ്വഭാവം, "വ്യാവസായികസഹകരണ"മാണ്. മദ്ധ്യചൈനയിലും തെക്കൻചൈനയിലും 51 ശതമാനവും വടക്കൻചൈനയിൽ 49 ശതമാനവുംവീതം ഈ "സഹകരണാടിസ്ഥാനത്തിലുള്ള" വ്യവസായത്തിൽ മൂലധനമിറക്കാൻ ജാപ്പുകവച്ചക്കാർ ചൈനീസ്മുതലാളിമാരെ അനുവദിച്ചിട്ടുണ്ട്; തന്നെയുമല്ല, ചൈനീസ് മുതലാളിമാരിൽനിന്നു പിടിച്ചെടുത്തു ജപ്പാൻ കൈവശപ്പെടുത്തിവച്ചിട്ടുള്ള ആ പഴയ സ്വത്തുക്കൾ അവരുടെ മൂലധനത്തിൻെറ ഷെയറായി തിരിച്ചുകൊടുത്തുകൊള്ളാമെന്നും ജപ്പാൻ വാഗ്ദാനംചെയ്യുന്നു. ഈ സൂത്രംകേട്ട് വായിൽ വെള്ളം നിറഞ്ഞുകഴിഞ്ഞ വേങ്ങ്ചെങ്ങ്-വേയുടെ നേതൃത്വത്തിൻകീഴിലുള്ള മനസ്സാക്ഷിയില്ലാത്ത ഒരു മുതലാളിവിഭാഗം സ്വകാര്യലാഭത്തിൻെറ മുമ്പിൽ നീതിയും ന്യായവുമെല്ലാം മറന്ന് കെണിയിൽവീണ് ശത്രുവിന്നു കീഴടങ്ങുന്നു. മറെറാരു വിഭാഗം ജാപ്പുവിരുദ്ധപാളയത്തിനകത്തുതന്നെ പതിയിരുന്നു ഇതോല്ത്തു നൊട്ടിനുണയുകയാണ്. പക്ഷേ, കമ്മ്യൂണിസ്ററുകാർ അവരുടെ ഇത്തരം സംരംഭങ്ങളെ ശക്തിയായെതിക്കുമെന്നും സാധാരണനാട്ടുകാരവരെ ശരിക്കും രാജ്യദ്രോഹികളായി ചുട്ടുവെയ്ക്കുമെന്നുമുള്ള പേടി അവക്കു വല്ലാതെയുണ്ട്. അതുകൊണ്ട് അവർ തങ്ങളുടെ കൂട്ടാളികളെയെല്ലാം വിളിച്ചുകൂട്ടി തീരുമാനങ്ങളെടുക്കുകയാണ്, എന്നുവെച്ചാൽ സാംസ്കാരികരംഗത്തിലും പത്രപ്രവത്തനമണ്ഡലത്തിലും മുൻകൂട്ടി ചില കരുതൽപ്രവൃത്തികൾ ചെയ്തുവെയ്ക്കുകയാണ്. അങ്ങനെയുള്ള ചില പദ്ധതികളുമായി അവർ ഉറക്കമൊഴിച്ചുപണിയെടുക്കുന്നുണ്ട്. കുറേ "ആദ്ധ്യാത്മികഭൃതങ്ങ"ളെ അവർ അണിനിരത്തിയിരിക്കുന്നു; കമ്മ്യൂണിസ്ററുകാരുടെ നേരേ പൂരപ്പാട്ടു പാടാനും കുരച്ചുചാടാനുമായി കുറേ ട്രോട്സ്കിസ്ററുകളെ കൂലിക്കെടുത്തിരിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി "ഒററഘട്ടത്തിൽ മുഴുവിപ്ലവം" സാദ്ധ്യമാണ്, കമ്മ്യൂണിസം ചൈനയ്ക്കു പററിയതല്ല, കമ്മ്യൂണിസ്ററുപാർട്ടി നിലനില്ക്കുന്നതിൻെറ ആവശ്യമില്ല, എട്ടാംറൂട്ടുസേനയും പുതിയ നാലാംപടയും ചെയ്യുന്നതു ചെറുത്തുനില്പിനെ നശിപ്പിക്കുകയും ഗെറില്ലായുദ്ധത്തെ തുരങ്കംവെയ്ക്കുകയുമാണ്, ഷെൻസി-കാൻസു-നിങ്ങ്സിയാഅതിത്തിമേഖലയിലുള്ളതു നാടുവാഴിത്തരീതിയിലുള്ള ഒരു വിഭജനമാണ്, കമ്യൂണിസ്ററുപാർട്ടിക്കു ഗവമെൻറിനോടു കൂറില്ല, ഐക്യം പൊളിക്കുന്നു, കുത്തിത്തിരിപ്പുകൾ സൃഷ്ടിക്കുന്നു, കുഴപ്പം വരുത്തുന്നു ഇങ്ങനെയിങ്ങനെ, അവർ, യ

ഥാർത്ഥ സ്ഥിതിഗതികൾ ശരിക്കു നിശ്ചയമില്ലാത്തവരെ കബളിപ്പിക്കുവാനും, പററിയ അവസരം വരുമ്പോൾ മുഴുവൻരാഷ്ട്രത്തിൻേറയും ചിലവിൽ അവരുടെ 49-ം 51-ം ശതമാനം ഷെയറുകളാസ്വദിക്കാനുള്ള കാരണങ്ങൾക്കും ന്യായീകരണങ്ങൾക്കും യാതൊരു കുറവും വരാതിരിക്കാനുമായി കുറേ "സിദ്ധാന്ത"ങ്ങളിറങ്ങിയിട്ടുണ്ട്. ശത്രുവിൻെറ മുമ്പിൽ അടിപണിയാൻ പോകുന്നതിൻെറ ആരംഭമായുള്ള "പൊതുജനാഭിപ്രായ"രൂപീകരണവും അതിനു പററിയവിധം ജനങ്ങളുടെ ചിന്തയെ കരുപ്പിടിപ്പിക്കലുമല്ലാതെ മറെറാന്നുമല്ല ഈ വിദ്യ. "ഒററഘട്ടത്തിൽ മുഴുവിപ്ലവ"മെന്ന ആ "സിദ്ധാന്തം" അടിച്ചുവിടുമ്പോഴും കമ്മ്യൂണിസത്തേയും കമ്മ്യൂണിസ്ററുപാർട്ടിയേയും എതിർക്കുമ്പോഴും ഈ മാന്യന്മാർക്ക് എന്തുമാത്രം ഗൗരവമനോഭാവവും ഉത്സാഹവുമാണെന്നോ. കാരണമെന്താണ്? തങ്ങളുടെ ആ 49-ം 51-ം ശതമാനം ഷെയറുകൾ അടിച്ചെടുക്കാനുള്ള വെമ്പലും വിറളിയുംതന്നെ! അവരെന്തുമാത്രം തലപുകഞ്ഞിട്ടില്ല! "ഒററഘട്ടത്തിൽ മുഴുവിപ്ലവ"മെന്ന സിദ്ധാന്തത്തിൻെറ അർത്ഥം, ഒരിക്കലും "ഒരു വിപ്ലവവും വേണ്ട" എന്ന സിദ്ധാന്തമാണ്. അപ്പോൾ, അതാണ് ആ ജന്തുവിൻെറ യഥാർത്ഥപ്രകൃതം.

ദുരുദ്ദേശമില്ലാത്തവരായ മററുചിലരും "ഒററഘട്ടത്തിൽ മുഴുവിപ്ലവ"മെന്ന സിദ്ധാന്തത്തിൽ മയങ്ങിപ്പോവുകയും "രാഷ്ട്രീയവിപ്ലവവും സാമൂഹ്യവിപ്ലവവും ഒന്നിച്ച്, ഒററയടിക്ക്, നടത്തിക്കളയാ"മെന്ന അയഥാർത്ഥവാദത്തിനും വ്യക്തിനിഷ്ഠമായ ചിന്തയ്ക്കും സ്വയം വിധേയമാവുകയും ചെയ്യുന്നുണ്ട്. വിപ്ലവം രണ്ടു ഘട്ടങ്ങളായാണു വളരുന്നതെന്ന് അവർ തീരെ മനസ്സിലാക്കുന്നില്ല. നമുക്ക് ഒരു വിപ്ലവത്തിൽനിന്നു മറേറതിലേക്കു കടന്നുചെല്ലാമെന്നല്ലാതെ, "എല്ലാതും ഒററയടിക്കു" നടത്താൻ ആർക്കും കഴിയുകയില്ല. അവരുടെ ഈ വിനാശകരമായ വീക്ഷണഗതി അനിവാര്യമായും വിപ്ലവത്തിൻെറ വിവിധഘട്ടങ്ങളെ കൂട്ടിക്കുഴയ്ക്കുന്നു, ഇന്നു ചെയ്തുതീർക്കേണ്ട കടമകളുടെ പ്രാധാന്യം വെട്ടിച്ചുരുക്കുന്നു, അതുകൊണ്ടുതന്നെ വിപ്ലവത്തിനു ദ്രോഹംചെയ്യുന്നു. ആദ്യത്തെ വിപ്ലവം രണ്ടാമത്തേതിൻെറ അടിത്തറയാവണം, ഒരു ബൂർഷ്വാസർവ്വാധിപത്യത്തെ ഇടയ്ക്കുവന്നു വീഴാനനുവദിക്കാതെ ഒന്നു മറേറതിനെ ഉടനെ പിന്തുടരണം—ഇതാണു ശരി, ഇതാണു വിപ്ലവത്തിൻെറ വളർച്ചയെക്കുറിച്ചുള്ള മാർക്സിസ്ററുസിദ്ധാന്തം. നേരേമറിച്ച്, ജനാധിപത്യവിപ്ലവത്തിനു സ്വന്തമായി വ്യക്തമായ യാതൊരു കടമകളും കാലനിർണ്ണയവുമില്ലെന്നും, സാമൂഹ്യവിപ്ലവം മുതലായി മററു ഘട്ട

ങ്ങളിൽമാത്രം നടപ്പിൽവരുത്താൻ കഴിയുന്ന കടമകൾകൂടി ജനാധിപ ത്യവിപ്ലവത്തിന്റെ കടമകളായി ഉൾപ്പെടുത്തണമെന്നും മററുമുള്ള ആ പൊള്ളയായ ആശയങ്ങൾ, "എല്ലാം ഒററയടിക്കു നടത്താ"മെന്നു പറയപ്പെടുന്ന "നയം", യഥാർത്ഥവിപ്ലവകാരികളാരും അംഗീകരിക്കു കയില്ല.

## IX

### മുതലാളിത്തമുരാച്ചിക ളുടെ പാപ്പരത്തം

അപ്പോൾ ബൂർഷ്വാസിയിലെ അരുമുരാച്ചികൾ മുന്നോട്ടുവന്ന് ഇങ്ങനെ വാദിച്ചേക്കാം: "ആട്ടെ, കമ്മ്യൂണിസ്ററുകാരായ നിങ്ങൾ നിങ്ങളുടെ സോഷ്യലിസത്തിന്റെ സാമൂഹ്യവ്യവസ്ഥ പിന്നീടൊരുഘട്ടത്തിലേക്കു നീട്ടിവെയ്ക്കുകയും, 'മൂന്നു ജനകീയതത്വങ്ങൾ നടപ്പിൽ വരുത്തലാണ് ഇന്നാവശ്യം, അവ അങ്ങേയററംവരെ നടപ്പിലാക്കാൻ ഞങ്ങളുടെ പാർട്ടി ഉറച്ചിരിക്കുന്നു' എന്നു പ്രഖ്യാപിക്കുകയുംചെയ്യുന്നുവല്ലോ. എന്നാൽ എന്തുകൊണ്ടും നിങ്ങളുടെ കമ്മ്യൂണിസം കുറേക്കാലത്തേക്കു കെട്ടുകെട്ടിക്കൂടാ?" "ഏകകക്ഷിപ്രമാണ"ത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ വാദം ഇയ്യിടെയായി ഭ്രാന്തുപിടിച്ച ഒരു അട്ടഹാസംതന്നെയായി വളർന്നിരിക്കുന്നു. ഈ ഭ്രാന്തുപിടിച്ച മുറവിളിയുടെ സ്വഭാവംതന്നെ ബൂർഷ്വാസർവ്വാധിപത്യപ്രമാണമാണ്. നാം ശാന്തമായ ഒരു മറുപടി പറയാനാണാഗ്രഹിക്കുന്നതെങ്കിൽ, തലച്ചോറില്ലായ്മയുടെ തകരാറാണതെന്നു നമുക്കതേപ്പററി അഭിപ്രായപ്പെടാവുന്നതാണ്.

തൊഴിലാളിവർഗ്ഗവീക്ഷണഗതിയാണ് കമ്മ്യൂണിസം; അതേസമയംതന്നെ അതൊരു പുതിയതരം സാമൂഹ്യവ്യവസ്ഥിതിയാണുതാനും. ഇതുവരെയുണ്ടായിട്ടുള്ള മറേറതു് ആശയസമുച്ചയത്തിൽനിന്നും സാമൂഹ്യവ്യവസ്ഥിതിയിൽനിന്നും വ്യത്യസ്തവും, ഏററവും സംപൂർണ്ണവും, ഏററവും പുരോഗമനപരവും, ഏററവും വിപ്ലവകരവും, മനുഷ്യചരിത്രത്തിൽ ഏററവുമധികം യുക്തിപരവുമാണ് അതു്. നാടുവാഴിത്തത്തിന്റേയും ചിലഭാഗങ്ങളിൽ (യു. എസ്സ്. എസ്സ്. ആറിൽ) മുതലാളിത്തത്തിന്റേയും ആശയ-സാമൂഹ്യവ്യവസ്ഥകൾ ചരിത്രാവശിഷ്ടങ്ങളുടെ കാഴ്ചബംഗ്ലാവിലേക്കു മാററപ്പെട്ടുകഴിഞ്ഞുവെന്നു നമുക്കറിയാം. മുതലാളിത്തത്തിന്റെ മററു ഭാഗങ്ങളിലാകട്ടെ, "അന്ത്യവായു വലിക്കുന്ന അ

സ്ഥമനസ്സയ്യൻമാതിരിയാണ്; ഉച്ചതിരിയുന്നതുവരെ നിലനില്ക്കാൻ സാധിക്കുമോ എന്നുപോലും നിശ്ചയമില്ലാത്തവിധമാണ് അതിൻെറ ഓരോ പ്രഭാതവും." കമ്മ്യൂണിസ്റ്റ് ആശയസമുച്ചയവും സാമൂഹ്യവ്യവസ്ഥിതിയും മാത്രമാണ്, മലകളെ മറിച്ചിടാനും മഹാനദികളെ മാററിമറിക്കാനും പുഞ്ചിരിക്കൊള്ളുന്ന യുവത്വം നിലനിത്താനും കഴിവുള്ള അജയ്യശക്തിയോടെ, ദിഗന്തങ്ങൾ മുഴക്കുന്ന ഊക്കോടെ, ലോകമാകമാനം വളന്നു പൊങ്ങിക്കൊണ്ടിരിക്കുന്നത്. ചൈനയിൽ ശാസ്ത്രീയകമ്മ്യൂണിസത്തിൻെറ ആവിർഭാവത്തോടുകൂടി ചൈനീസ്ജനതയുടെ വീക്ഷണഗതിതന്നെ വളരെയധികം വിപുലമായിരിക്കുന്നു; അവരുടെ പ്രകൃതംതന്നെ മാറിയിരിക്കുന്നു. കമ്മ്യൂണിസത്തിൻെറ നേതൃത്വമില്ലാത്തപക്ഷം, വിപ്ലവത്തിൻെറ അവസാനഘട്ടം പോയിട്ട് ചൈനയിലെ ജനാധിപത്യവിപ്ലവഘട്ടംപോലും വിജയത്തിലെത്തിക്കാൻ കഴിയുകയില്ല. ഇതാണ് ചൈനീസ്ബൂർഷ്വാസിയിലെ ആ മൂരാച്ചിവിഭാഗങ്ങളുടെ ഈ അട്ടഹാസത്തിൻെറയും കമ്മ്യൂണിസം "കെട്ടുകെട്ടണ"മെന്ന അവരുടെ ആവശ്യത്തിൻെറയും യഥാത്ഥകാരണം. ഒരിക്കൽ അതങ്ങനെ "കെട്ടിവെച്ചു"കഴിഞ്ഞാൽ അതോടുകൂടി ചൈന തുലഞ്ഞു. കമ്മ്യൂണിസം മാത്രമാണ് മുഴുവൻ ലോകത്തിനും ഇന്നുള്ള ഏകരക്ഷാമാർഗ്ഗം; ചൈനയ്ക്കും അതുതന്നെ.

എല്ലാവക്കും അറിവുള്ളതാണല്ലോ, സാമൂഹ്യക്രമത്തേയും ഇന്നത്തെ പ്രായോഗികപ്രവത്തനത്തേയും സംബന്ധിച്ച കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഒരു അടിയന്തിരപരിപാടിയും ഭാവിപരിപാടിയു—ഏററവും ചുരുങ്ങിയ പരിപാടിയും ഏററവും കൂടിയ പരിപാടിയു—മുണ്ടെന്ന്. ഇന്നത്തെ ഘട്ടത്തിൽ പുതിയ ജനാധിപത്യമാണ്, ഭാവിയിൽ സോഷ്യലിസമാണ്—ഇവ രണ്ടാണ്, മുഴുവൻ കമ്മ്യൂണിസ്റ്റ് ചിന്താഗതിയുടേയും പരിപൂർണ്ണനിയന്ത്രണത്തിനു വിധേയമായ മൗലികഘടകങ്ങൾ. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഈ ചുരുങ്ങിയ പരിപാടിയും മൂന്നു ജനകീയതത്വങ്ങളുടെ രാഷ്ട്രീയപ്രമാണങ്ങളും മൌലികമായി ഒന്നുപോലിരിക്കുന്നു എന്ന ഒററക്കാരണത്താൽ കമ്മ്യൂണിസം "കെട്ടുകെട്ടണ"മെന്നാവശ്യപ്പെടുന്നതു വങ്കത്തമല്ലെങ്കിൽ മറെറന്താണ്? കമ്മ്യൂണിസ്റ്റ്കാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം, മൂന്നു ജനകീയതത്വങ്ങളും കമ്മ്യൂണിസ്ററുപാർട്ടിയുടെ ഏററവും ചുരുങ്ങിയ പരിപാടിയുംകൂടി വെച്ചുനോക്കുമ്പോൾ ഒന്നുപോലിരിക്കുന്ന കുറെ കായ്യങ്ങളുള്ളതുകൊണ്ടാണ്, "മൂന്നു ജനകീയതത്വങ്ങൾ ജാപ്പുവിരുദ്ധഐക്യമുന്നണിയുടെ അടി

സ്ഥാനമായി കണക്കാക്കാനും" "ഇന്നത്തെ ചൈനയുടെ ഒരാവശ്യമാണ് ആ മൂന്നു ജനകീയതത്വങ്ങളെന്നും അതു പൂണ്ണമായി നടപ്പിലാക്കാൻ ഞങ്ങളുടെ പാർട്ടി അങ്ങേയററംവരെ പടവെട്ടാൻ തയ്യാറാണെന്നും പ്രഖ്യാപിക്കുവാനും" ഉള്ള സാദ്ധ്യത കാണുന്നതു്; ആ പൊരുത്തമില്ലായിരുന്നുവെങ്കിൽ ഈ സാദ്ധ്യതയുമുണ്ടാകില്ലായിരുന്നു. ജനാധിപത്യവിപ്ലവഘട്ടത്തിൽ കമ്മ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും തമ്മിൽ ഐക്യമുന്നണി എന്നു പറയുന്നതിൻെറ അത്ഥമിതാണു്; ഇത്തരമൊരൈക്യമുന്നണിക്കായ്ക്കും ചൂണ്ടിക്കാണിച്ചുകൊണ്ടാണു് ഡാഃ സൺ ഒരിക്കൽ പറഞ്ഞതു്: "കമ്മ്യൂണിസം മൂന്നു ജനകീയതത്വങ്ങളുടെ ഉററ ചങ്ങാതിയാണു്." കമ്മ്യൂണിസത്തെ നിഷേധിക്കുകയെന്നതിൻെറ അത്ഥം വാസ്തവത്തിൽ ഈ ഐക്യമുന്നണിയെത്തന്നെ നിഷേധിക്കലാണു്. യാഥാസ്ഥിതികന്മാർ അവരുടെ ആ "ഏകകക്ഷിപ്രമാണ"ത്തിൽ തന്നെ കടിച്ചുപിടിച്ചു കിടക്കുകയും അങ്ങനെ ഐക്യമുന്നണിയെത്തന്നെ നിഷേധിക്കുകയും ചെയ്യുന്നതുകൊണ്ടാണു് കമ്മ്യൂണിസം ഉപേക്ഷിക്കുക എന്നു തുടങ്ങിയ ഹിമാലയൻവങ്കത്തങ്ങൾ വിളിച്ചുകൂവാൻ അവക്കു് ഉളുപ്പില്ലാത്തതു്.

"ഏകകക്ഷി"സിദ്ധാന്തം മുന്നോട്ടുകൊണ്ടുവരുന്നതുതന്നെ തനി അയുക്തികമാണു്. ഒരു സമുദായത്തിൽ വിവിധവർഗ്ഗങ്ങൾ നിലനില്ക്കുന്ന കാലത്തോളം ആ വർഗ്ഗത്തിന്നോരോന്നിനും ഓരോ വ്യത്യസ്തസിദ്ധാന്തങ്ങളുമുണ്ടായിരിക്കും; എന്തിനു്, ആ ഓരോ വർഗ്ഗത്തിലുമുള്ള വിവിധ കക്ഷിവിഭാഗങ്ങൾക്കുപോലും അവയുടെ സ്വന്തമായ ഓരോ വിഭിന്ന സിദ്ധാന്തങ്ങളുണ്ടായിരിക്കും. നാടുവാഴിവർഗ്ഗത്തിന്നു നാടുവാഴിത്തം, മുതലാളികൾക്കു മുതലാളിത്തം, ബുദ്ധസന്ന്യാസികൾക്കു ബുദ്ധമതം, ക്രിസ്ത്യാനികൾക്കു ക്രിസ്ത്യാനിസം, കൃഷിക്കാക്കു ബഹുദൈവവാദം, ഇതിനും പുറമെ ഈയ്യിടെ താങ്ങിക്കൊണ്ടുവന്ന കെമാലിസം, ഫാസിസം, വെയ്-ഷേങ്ങിസം, "അദ്ധ്വാനത്തിനൊത്ത വിതരണതത്വം" ഇങ്ങനെയിങ്ങനെ എത്രയെത്ര? അപ്പോൾ തൊഴിലാളിവർഗ്ഗത്തിന്നു് എന്തുകൊണ്ടു് കമ്മ്യൂണിസം പാടില്ല? ഈ ഒരേ സമയത്തുതന്നെ മറെറത്രയോ പ്രമാണങ്ങൾ നിലവിലുള്ളപ്പോൾ അവർ എന്തുകൊണ്ടാണു് കമ്മ്യൂണിസംമാത്രം "കെട്ടിവെയ്ക്കണ"മെന്നാവശ്യപ്പെടുന്നതു്? ഉള്ള പച്ചപ്പരമാത്ഥം വെട്ടിത്തുറന്നു പറയാമല്ലോ: ഞങ്ങളെക്കൊണ്ടു് കമ്മ്യൂണിസം കെട്ടിവെയ്പിക്കാമെന്ന മോഹമങ്ങുകളഞ്ഞേക്കു. ഞങ്ങളോടു ഞങ്ങളുടെ കമ്മ്യൂണിസവുംകൊണ്ടു് അവരുടെ സിദ്ധാന്തങ്ങളുമായി ഒന്നു

ത്സരിക്കാൻ പറഞ്ഞാൽ അതു പിന്നേയും മനസ്സിലാക്കാമായിരുന്നു. കാരണം, ഞങ്ങളെ പരാജയപ്പെടുത്താൻ ആക്കെങ്കിലും കഴിവുണ്ടെങ്കിൽ അവർ മുന്നോട്ടുവന്നു് അതു നടത്തട്ടെ; അതു ഞങ്ങളുടെ കുററമാണെന്നു ഞങ്ങളപ്പോൾ സമ്മതിച്ചുതന്നേക്കാം. നേരേമറിച്ചാണെങ്കിലുണ്ടല്ലോ, നിങ്ങളുടെ ഈ ജനാധിപത്യവിരുദ്ധ "ഏകകക്ഷിപ്രമാണ"വ്യവസായം ഉടനെ കെട്ടുകെട്ടണം. എന്താ?

തെററിദ്ധാരണകൾ ഒഴിവാക്കാനും ആ മൂരാച്ചികളുടെ കണ്ണുതുറപ്പിക്കാനുംവേണ്ടി, കമ്മ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും തമ്മിൽ എന്തെന്തെല്ലാം കാര്യങ്ങളിൽ അടുപ്പവും അകൽച്ചയുമുണ്ടെന്നു് എടുത്തുകാണിക്കേണ്ടതു് അത്യാവശ്യമാണെന്നു ഞങ്ങൾ കരുതുന്നു.

കമ്മ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും തമ്മിൽ യോജിപ്പുള്ള ഭാഗങ്ങളും ഇല്ലാത്ത ഭാഗങ്ങളുമുണ്ടു്.

ഒന്നാമതായി, യോജിപ്പുള്ളവ എടുക്കാം. ബൂർഷ്വാജനാധിപത്യഘട്ടത്തിലെ മൗലികമായ രാഷ്ട്റീയപരിപാടികളെ സംബന്ധിച്ച രണ്ടു സിദ്ധാന്തങ്ങളിലുമുള്ള പൊരുത്തമാണിതു്. 1924-ൽ ഡാ: സൺ പുനർവ്യാഖ്യാനിച്ചവിധം മൂന്നു ജനകീയതത്വങ്ങളിലുള്ള വിപ്ലവകരമായ ദേശീയതത്വം, ജനാധിപത്യം, ജനങ്ങളുടെ ജീവിതസൗകര്യം എന്നീ മൂന്നു തത്വങ്ങളും ജനാധിപത്യവിപ്ലവഘട്ടത്തിലെ കമ്മ്യൂണിസ്ററുപരിപാടിയും അടിസ്ഥാനപരമായി ഒന്നാണു്. ഈ യോജിപ്പുള്ളതുകൊണ്ടാണു്, ഈ മൂന്നു നയങ്ങളുടെ പ്രായോഗീകരണത്തിനുവേണ്ടിയാണു്, ഈ രണ്ടു പാട്ടികളും രണ്ടു സിദ്ധാന്തങ്ങളും തമ്മിൽ ഐക്യമുന്നണി സാദ്ധ്യമാകുന്നതും അതുണ്ടാകുന്നതും. ഈ കാര്യം അവഗണിക്കുന്നതു വമ്പിച്ച തെററായിരിക്കും.

രണ്ടാമതായി യോജിപ്പില്ലാത്തവ:

1) ജനാധിപത്യവിപ്ലവഘട്ടത്തിലെ പരിപാടിയിലെ ചില ഇനങ്ങളെ സംബന്ധിച്ചുള്ള വ്യത്യാസമാണു്, ആദ്യത്തേതു്. കമ്മ്യൂണിസ്ററുപരിപാടിയിൽ, എട്ടുമണിക്കൂർ ജോലിവ്യവസ്ഥയും പൂണ്ണമായ കാർഷികവിപ്ലവപദ്ധതിയുമുണ്ടു; മൂന്നു തത്വങ്ങളിൽ ഇവയില്ല. അതുകൊണ്ടു്, ക്വമിന്താങ്ങ് ഈ കുറവുകൾ പരിഹരിക്കുകയും അവ നടപ്പിൽവരുത്തുന്നതിനുവേണ്ടി ഒരുങ്ങുകയും ചെയ്യുന്നില്ലെങ്കിൽ, ഞങ്ങൾക്കു പറയേണ്ടിവരും ഇരു ജനാധിപത്യപരിപാടികളും മൗലികമായി ഒന്നാണെങ്കിലും പൂണ്ണമായി ഒന്നല്ല എന്നു്.

2) വിപ്ലവത്തിൻെറ രണ്ടു ഘട്ടങ്ങളെക്കുറിച്ചുള്ള വ്യത്യാസമാണ്, രണ്ടാമത്തേതു്. കമ്മ്യൂണിസത്തെസംബന്ധിച്ചാണെങ്കിൽ, ജനാധിപത്യവിപ്ലവഘട്ടത്തിനു പുറമേ ഒരു സോഷ്യലിസ്ററുവിപ്ലവഘട്ടംകൂടിയുണ്ടു്; അതുകൊണ്ടുതന്നെ ഒരു ഏററവും ചുരുങ്ങിയ പരിപാടിക്കു പുറമേ ഏററവും കൂടിയ പരിപാടിയുമുണ്ടു്—അതായതു്, സോഷ്യലിസ്ററുവ്യവസ്ഥിതി നിലവിൽ വരുത്താനുള്ള പരിപാടി. മൂന്നു ജനകീയതത്വങ്ങളെസംബന്ധിച്ചാണെങ്കിൽ, ജനാധിപത്യവിപ്ലവഘട്ടം മാത്രമേയുള്ളൂ, സോഷ്യലിസ്ററുവിപ്ലവഘട്ടമില്ല. അതുകൊണ്ടുതന്നെ അതിന് ഏററവും ചുരുങ്ങിയ പരിപാടിയേ ഉള്ളൂ—സോഷ്യലിസ്ററുസമുദായം കെട്ടിപ്പടുക്കുന്നതിനുള്ള ഏററവും കൂടിയ പരിപാടിയില്ല.

3) പ്രപഞ്ചവ്യാഖ്യാനത്തെക്കുറിച്ചുള്ള വ്യത്യാസമാണ് ഇനിയത്തേതു്. കമ്മ്യൂണിസത്തിൻെറ മൗലികമായ തത്വശാസ്ത്രം വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദവും ചരിത്രപരമായ ഭൗതികവാദവുമാണെങ്കിൽ, മൂന്നു ജനകീയതത്വങ്ങളുടേതു ചരിത്രത്തിൻെറ ജീവിതവ്യാഖ്യാനമായ "വേയ്-ഷേങ്ങിസ"മാണ്. അവ അന്യോന്യം എതിരാണ്.

4) വിപ്ലവം നീക്കുപോക്കില്ലാതെ തുടൎന്നു നടത്തി പൂൎണ്ണമാക്കുകയെന്നതിനെ സംബന്ധിച്ച വ്യത്യാസമാണ് അടുത്തതു്. സിദ്ധാന്തവും പ്രയോഗവും തമ്മിൽ പൂൎണ്ണമായ ഐക്യത്തോടുകൂടിയാണു കമ്മ്യൂണിസം; നീക്കുപോക്കില്ലാതെ വിപ്ലവം തുടൎന്നു നടത്തി പൂൎണ്ണമാക്കുകയെന്നതിൽ നിർബന്ധമുള്ളവരാണ് കമ്മ്യൂണിസ്ററുകാർ. എന്നാൽ ക്ലമിന്താങ്ങിൻെറ ഭാഗത്തോ? വിപ്ലവത്തോടും സത്യത്തോടും വിശ്വസ്തമായി നിലക്കൊള്ളുന്ന ചുരുക്കംപേരെക്കഴിച്ചാൽ, മററുള്ളവരുടെ സിദ്ധാന്തവും പ്രയോഗവും തമ്മിൽ ഐക്യമില്ല; അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ ഇണക്കമില്ല; അതുകൊണ്ടു് അവൎക്കു നീക്കുപോക്കില്ലാതെ വിപ്ലവം നടത്താൻ കഴിവില്ല.

മേൽകൊടുത്ത സംഗതികളാണ്, കമ്മ്യൂണിസ്ററുകാരും ക്ലമിന്താങ്ങ്അംഗങ്ങളും തമ്മിലുള്ള വ്യത്യാസത്തിൻെറ മുഖ്യവശങ്ങൾ. അതുകൊണ്ടു് ഇരുകൂട്ടരും തമ്മിലുള്ള ഐക്യംകാണുകയും, വൈരുദ്ധ്യം കാണാതിരിക്കുകയും ചെയ്യുന്നതു തെററായിരിക്കും.

ഇതെല്ലാം മനസ്സിൽവെച്ചു നോക്കിയാൽ, നമുക്കെളുപ്പം കാണാൻ കഴിയും, എന്തുകൊണ്ടാണ് ബൂർഷ്വാസിയിലെ മുരാച്ചികൾ കമ്മ്യൂണിസം "കെട്ടുകെട്ടണ"മെന്ന മുറവിളി കൂട്ടുന്നതെന്ന്. എന്തായിരിക്കും

അവരുടെ ആ ആവശ്യത്തിന്റെ അർത്ഥം? ബൂർഷ്വാസിയുടെ സ്വേച്ഛാധിപത്യം സ്ഥാപിക്കലല്ല അവരുടെ ഉദ്ദേശമെങ്കിൽ, നിശ്ചയമായും തലയ്ക്കു ലക്കില്ലായ്മതന്നെ!

## X..........

### മൂന്നു ജനകീയതത്വങ്ങൾ:
### പഴയതും പുതിയതും.

ഈ മുതലാളിത്തമൂരാച്ചികൾ ചരിത്രത്തിലെ പരിവർത്തനങ്ങളെ തെല്ലും മനസ്സിലാക്കുന്നില്ല. "വട്ടപ്പൂജ്യത്തേക്കാൾ മോശം"—ഇതാണ് അവരുടെ അറിവിന്റെ നിലവാരത്തിന്ന് ഒരു ചിത്രീകരണം നൽകാനുള്ളതു്. മൂന്നു ജനകീയതത്വങ്ങളും കമ്മ്യൂണിസവും തമ്മിലും, മൂന്നു ജനകീയതത്വങ്ങൾതന്നെ അവയുടെ പഴയതും പുതിയതും തമ്മിലും ഉള്ള വ്യത്യാസങ്ങളെന്തെന്നുപോലും അവക്കറിയില്ല.

കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ, "ജാപ്പവിരുദ്ധദേശീയൈക്യമുന്നണിയുടെ രാഷ്ട്രീയാടിസ്ഥാനം മൂന്നു ജനകീയതത്വങ്ങ"ളാണെന്നു കണക്കാക്കുന്നു; "ചൈനയുടെ ഇന്നത്തെ സ്ഥിതിക്ക് അവ ഒരാവശ്യമാണെന്നും, അവ തികച്ചും സാധിക്കാനായി പാർട്ടി അങ്ങേയററംവരെ പടവെട്ടാൻ തയ്യാറാണെന്നും" ഞങ്ങൾ പ്രഖ്യാപിക്കുന്നു; അതുപോലെതന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഏററവും ചുരുങ്ങിയ പരിപാടിയും മൂന്നു ജനകീയതത്വങ്ങളുടെ സിദ്ധാന്തങ്ങളും മൗലികമായി പൊരുത്തമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ കമ്മ്യൂണിസ്റ്റുകാരംഗീകരിക്കുന്ന മൂന്നു ജനകീയതത്വങ്ങൾ ഏതാണ്? അതു് ഒന്നാം ക്വമിന്താങ്ങുകോൺഗ്രസ്സിന്റെ പ്രഖ്യാപനത്തിൽ ഡാ: സൺ പുനർപ്രഖ്യാപിച്ച മൂന്നു ജനകീയതത്വങ്ങളാണ്. "കമ്മ്യൂണിസ്റ്റുകാരെ നിയന്ത്രിക്കാ"നും "കമ്മ്യൂണിസ്റ്റുകാരെ പിരിച്ചുവിടാ"നും "കമ്മ്യൂണിസ്റ്റുകാരെ എതിർക്കാ"നും വേണ്ടിയുള്ള തങ്ങളുടെ ആ നിത്യകർമ്മങ്ങൾക്കുശേഷം കിട്ടുന്ന ഒഴിവുസമയങ്ങളിലെങ്കിലും ആ മൂരാച്ചിവിഭാഗത്തിൽപെട്ട മാന്യന്മാർ ആ പ്രഖ്യാപനമൊന്നെടുത്തു വായിച്ചുനോക്കട്ടെ. പ്രസ്തുത പ്രഖ്യാപനത്തിൽ ഡാ: സൺ പ്രത്യേകം എടുത്തു പറഞ്ഞു: "മൂന്നു ജനകീയതത്വങ്ങളുടെ ശരിയായ വ്യാഖ്യാനം ഇതാണ്." ഇതിൽനിന്നു നമുക്കു വ്യക്തമാണല്ലോ, ഒന്നാംക്വമിന്താങ്ങുസ-

മേളനത്തിൻെറ പ്രഖ്യാപനത്തിൽ ഡാ: സൺ വ്യാഖ്യാനിച്ചതാണ ശരിയായ മൂന്നു ജനകീയതത്വങ്ങളെന്നും മററുള്ള വ്യാഖ്യാനങ്ങളെല്ലാം കള്ളച്ചരക്കുകളാണെന്നും, ഇതു കമ്മ്യൂണിസ്ററുകാരുടെ "മേറെറാരു ഊഹാപോഹപ്രചരണ"മല്ല; കാരണം എന്നോടൊപ്പം അനേകം ക്കൂമിന്താങ്ങ് അംഗങ്ങൾ അതിൽ നേരിട്ടു പങ്കെടുത്തു പ്രഖ്യാപനം അംഗീകരിക്കുന്നതു കണ്ടിരുന്നിട്ടുണ്ട്.

ഒന്നാം ക്കൂമിന്താങ്ങുകോൺഗ്രസ്സിൻെറ പ്രസ്തുത പ്രഖ്യാപനമാണ് മൂന്നു ജനകീയതത്വങ്ങളുടെ രണ്ടു ചരിത്രഘട്ടങ്ങളേയും വ്യക്തമായും വിഭജിച്ചുകാട്ടിയതു്. പ്രഖ്യാപനത്തിനുമുമ്പ നിലവിലുണ്ടായിരുന്ന മൂന്നു ജനകീയതത്വങ്ങൾ പഴയ പരിധിയിൽപെടുന്നു. പഴയ അദ്ധകോളണികളുടേയും പഴയ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻേറയും പഴയ ജനാധിപത്യത്തിൻേറയും സിദ്ധാന്തമായിരുന്നു അവ. അവയെ പഴയ മൂന്നു ജനകീയതത്വങ്ങൾ എന്നു വിളിക്കാം.

ആ പ്രഖ്യാപനത്തിനുശേഷം മൂന്നു ജനകീയതത്വങ്ങൾ പുതിയ പരിധിയിൽ പെടുന്നു; പുതിയ അദ്ധകോളണികളുടേയും പുതിയ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻേറയും പുതിയ ജനാധിപത്യത്തിൻേറയും സിദ്ധാന്തമാകുന്നു ഇതു്. പുതിയ മൂന്നു ജനകീയതത്വങ്ങൾ എന്നിതിനെ വിളിക്കണം. പുതിയ പരിതഃസ്ഥിതിയിലേക്കനുയോജ്യമായ വിപ്ലവകരമായ മൂന്നു ജനകീയതത്വങ്ങളായിരിക്കാൻ അർഹതയുള്ളതു് ഈ പുതിയ മൂന്നു ജനകീയതത്വങ്ങൾക്കാണ്.

പുതിയ പരിതഃസ്ഥിതിക്കനുയോജ്യമായ, യഥാർത്ഥമായ, ഈ പുതിയ മൂന്നു ജനകീയതത്വങ്ങളാണ് സോവിയററുയൂനിയനുമായി സഖ്യം, കമ്മ്യൂണിസ്ററുകാരുമായി സഹകരണം, കൃഷിക്കാരുടേയും തൊഴിലാളികളുടേയും താല്പര്യസംരക്ഷണം എന്നിങ്ങനെയുള്ള ഡാ: സണ്ണിൻെറ വിപ്ലവകരമായ മൂന്നു നയങ്ങൾ ഉൾക്കൊള്ളുന്നതു്. ഈ മൂന്നു നയങ്ങളില്ലാത്ത, വേണ്ട അവയിൽ ഏതെങ്കിലുമൊന്നു നഷ്ടപ്പെട്ടുന്ന, മൂന്നു ജനകീയതത്വങ്ങൾ കള്ളച്ചരക്കാണ്; കൊള്ളരുതാത്തതാണ്: അപൂർണ്ണമാണ്.

ഒന്നാമതായി, വിപ്ലവകരമായ, യഥാർത്ഥമായ ഈ പുതിയ മൂന്നു ജനകീയതത്വങ്ങൾ സോവിയററുയൂനിയനുമായി സ്വയം ബന്ധുത്വം പ്രഖ്യാപിക്കുന്ന ഒന്നായിരിക്കണം. നമ്മുടെ നാട്ടിൻെറ വളരെയേറെ ഉള്ളിലേക്കു കടന്നുകേറി വന്നിരിക്കുന്ന ഒരു സാമ്രാജ്യത്വശക്തി

യുമായാണ് നാമിന്നു സമരം ചെയ്യുന്നതു്. അപ്പോൾ, സോവിയററു യൂനിയൻെറ സഹായം കൂടാതെ അവസാനവിജയം അചിന്ത്യമാണ്. സോവിയററുയൂനിയനുമായി സഖ്യമെന്ന നയം കളഞ്ഞുകുളിച്ചു പകരം സാമ്രാജ്യത്വവുമായാണു നാം സഹകരിക്കാൻ പോകുന്നതെങ്കിൽ, "വിപ്ലവം" എന്ന വാക്കു വലിച്ചെറിയപ്പെടലും മൂന്നു ജനകീയതത്വങ്ങൾ ഒരു പിന്തിരിപ്പൻപ്രമാണമായിത്തീരലുമായിരിക്കും ഫലം. നിഷ്പക്ഷമായ മൂന്നു ജനകീയതത്വങ്ങൾ എന്ന ഒന്നില്ല: ഒന്നുകിൽ വിപ്ലവകരമായതു്; അല്ലെങ്കിൽ എതിർവിപ്ലവകരമായതു്. മുമ്പൊരിക്കൽ വേങ്ങ് ചെങ്ങ്-വേയ് ജല്പിച്ച മാതിരി "ഇരുഭാഗങ്ങളിൽനിന്നുമുള്ള ആക്രമണങ്ങൾക്കെതിരായി സമരംചെയ്യുക" എന്ന നയമനുസരിച്ചാണു നിങ്ങൾ നീങ്ങുന്നതെങ്കിൽ, കമ്മ്യൂണിസത്തേയും സാമ്രാജ്യത്വത്തേയും ഒപ്പം എതിക്കാൻപററിയ ഒരു മൂന്നു ജനകീയതത്വങ്ങളാണു നിങ്ങളുണ്ടാവാനാണാഗ്രഹിക്കുന്നതെങ്കിൽ, നിശ്ചയമായും അതൊരു വലിയ ധൈര്യംതന്നെയാണേ! എന്നാൽ, ഈ അടവിൻെറ നിർമ്മാതാവും കണ്ടുപിടിത്തക്കാരനുമൊക്കെയായ ആ വഞ്ചകൻ വേങ്ങ്ചെങ്ങ്-വേയ്തന്നെ തൻെറ ആ ഇരുതലയുള്ള മൂന്നു ജനകീയതത്വങ്ങളുപേക്ഷിച്ച് (അല്ലെങ്കിൽ കെട്ടുകെട്ടി) സാമ്രാജ്യത്വവുമായി സഹകരിക്കാൻ പററിയ തരത്തിലുള്ള മറെറാന്നംഗീകരിക്കുകയാണുണ്ടായതെന്നതാണ് അതിലുള്ള അപഹാസ്യമായ പരമാർത്ഥം. അതുകൊണ്ടു വിപ്ലവകരമായ, യഥാർത്ഥമായ, പുതിയ മൂന്നു ജനകീയതത്വങ്ങൾ നിശ്ചയമായും സോവിയററുയൂനിയനുമായി സ്വയം സഖ്യം സ്ഥാപിക്കുന്ന ഒന്നായിരിക്കണം; സോവിയററുയൂനിയനെ എതിക്കാൻ സാമ്രാജ്യത്വത്തിൻെറ കൂടക്കൂടാത്ത ഒന്നാവണം.

രണ്ടാമതായി, വിപ്ലവകരമായ, യഥാർത്ഥമായ ഈ പുതിയ മൂന്നു ജനകീയതത്വങ്ങൾ കമ്മ്യൂണിസ്ററുകാരുമായി സഹകരിക്കുന്ന ഒന്നാവണം. കമ്മ്യൂണിസവുമായി സഹകരിക്കാതിരിക്കുക എന്നതിന്നർത്ഥം അതിനെ എതിക്കുക എന്നാണ്. കമ്മ്യൂണിസ്ററുവിരുദ്ധനയം ജാപ്പുസാമ്രാജ്യവാദികളും വേങ്ങ് ചെങ്ങ്-വേയും സ്വീകരിച്ചിട്ടുള്ള അതേ നയംതന്നെയാകയാൽ, കമ്മ്യൂണിസ്ററുവിരോധിയായ നിങ്ങളുടെ പേരു കേൾക്കേണ്ട താമസമേ വേണ്ടു, അവക്കു നിങ്ങളെ തങ്ങളുടെ "കമ്മ്യൂണിസ്ററുവിരോധ കള്ളക്കൂട്ടുകെട്ടി"ലേക്കു വിളിച്ചുവലിക്കാൻ. അപ്പോൾ അതു കുറച്ചു രാജ്യദ്രോഹപരമായിരിക്കും ഇല്ലേ? നിങ്ങൾ വാദിച്ചേക്കാം: "ഞാൻ ജപ്പാൻകാരുടെ കൂടെ ചേരുന്നില്ല

ല്ലോ.” അപ്പോഴും വൃത്തികേടിനും ചെററത്തരത്തിനും യാതൊരു വ്യത്യാസവുമില്ല. നിങ്ങൾ ആരെ പിന്തുടരുന്നുവെന്നതല്ല ഇവിടെ പ്രശ്നം; കമ്മ്യൂണിസ്ററുവിരോധിയായിരിക്കുന്ന കാലത്തോളം നിങ്ങൾ രാജ്യദ്രോഹിയാണ്; കാരണം കമ്മ്യൂണിസ്ററുവിരോധിയാകുന്നതോടു കൂടി നിങ്ങൾക്കു ജപ്പാനെ ചെറുക്കാൻ കഴിവില്ലാതാകുന്നു. “എനിക്കെന്തുകൊണ്ടു സ്വതന്ത്രമായി ജപ്പാനെ ചെറുത്തുകൂടാ?” ആ ചോദ്യമൊക്കെ വെറുതെയാണ്; സ്വപ്നത്തിൽകിടന്നുള്ള പേച്ചുകളാണ്. ഈ കൊളോണിയൽ-അർദ്ധകൊളോണിയൽ “വീരരെ”ങ്ങനെയാണു സാമ്രാജ്യത്വശക്തികളുടെ താങ്ങുംതണലുമില്ലാതെ ഇത്തരംവിലപ്പെട്ട എതിർവിപ്ലവപ്രവർത്തനങ്ങൾ നടത്തുക? ലോകത്തിലെങ്ങുമുള്ള സാമ്രാജ്യത്വശക്തികളുടെ പ്രായോഗികസഹായത്തോടുകൂടിയല്ലേ, നിങ്ങൾ പത്തുകൊല്ലക്കാലം, പാഴിലാണെങ്കിലും, കമ്മ്യൂണിസ്ററുകാരുടെ നേരേ പടവെട്ടിയതു്? ആ നിങ്ങൾക്കെങ്ങനെയാണ് ഇത്ര പെട്ടെന്ന് ഇങ്ങനെ “വേറിട്ടുനിന്നു” കമ്മ്യൂണിസ്ററുകാരെ എതിർക്കാൻ കഴിയുന്നതു്, കൂട്ടരേ? പുറമേയുള്ള ആരോ ഇങ്ങനെയൊരു പുതിയ ആശയം കണ്ടുപിടിച്ചിരിക്കുന്നതായി കേട്ടു: “കമ്മ്യൂണിസ്ററുകാരേ എതിർക്കുന്നതു കൊള്ളാം; പക്ഷേ അതിൽ ജയിക്കാൻ പോണില്ല.” ഇങ്ങനെ പറഞ്ഞുവെന്നതു നേരാണെങ്കിൽ, അതിൽ പകുതി തെററ പററിയിട്ടുള്ളു. കാരണം കമ്മ്യൂണിസ്ററുകാരെ എതിർക്കുന്നതു ‘കൊള്ളാവുന്ന”താവുക എങ്ങനെയാണ്? അതു തെററു്. എന്നാൽ മറേറ പകുതി ശരിയാണ്; എന്തുകൊണ്ടെന്നാൽ, വാസ്തവം പറഞ്ഞാൽ യാതൊരുവിധകമ്മ്യൂണിസ്ററുവിരുദ്ധപ്രവർത്തനവും “ജയിക്കാൻ പോണില്ല.” എന്തുകൊണ്ടെന്നാൽ, കമ്മ്യൂണിസ്ററുകാരുടെ ഇടയിലല്ല, ജനങ്ങളുടെ ഇടയിലാണ് അതിന്റെ കാരണം കിടക്കുന്നതു്. ജനങ്ങൾ കമ്മ്യൂണിസ്ററുകാരെ ഇഷ്ടപ്പെടുന്നു. ജനങ്ങൾ അവരെ എതിർക്കാനാഗ്രഹിക്കുന്നില്ല. അവരെ എതിർക്കുന്നവരെ ജനങ്ങൾ വെറുതെ വിടുകയുമില്ല. ഒരു ദേശീയശത്രു നാട്ടിന്റെ ഉള്ളിലേക്കു തള്ളിക്കയറിവന്നിരിക്കുന്ന ഈ അവസരത്തിൽ നിങ്ങൾ കമ്മ്യൂണിസ്ററുകാരെ എതിർക്കാനാണു ഭാവമെങ്കിൽ ജനങ്ങൾ നിങ്ങളുടെ ‘അരി എത്തിച്ചു’കളയും. അതു പത്തുവട്ടം പരമാർത്ഥമാണ്, നിശ്ചയമാണ്. കമ്മ്യൂണിസ്ററുകാരെ എതിർക്കാൻ ആരൊക്കെ ഒരുങ്ങിവരുന്നുണ്ടോ, അവർ ആദ്യം സ്വയം ചാവാൻ തയ്യാറായിക്കൊള്ളട്ടെ. ഒരുങ്ങിക്കഴിഞ്ഞിട്ടില്ലെങ്കിൽ, സമയമതിക്രമിക്കുന്നതിനുമുമ്പ് കൈവലിക്കുകയാണു നല്ലതു്. കമ്മ്യൂണിസ്റ്റ് വിരുദ്ധധീരന്മാർക്ക് എനിക്കു നൽകാനുള്ള ആത്മാർത്ഥമായ ഒരു ഉപദേ

ശമാണിതു്. അപ്പോൾ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ചുകൊണ്ടുള്ളതാവണം ഇന്നത്തെ മൂന്നു ജനകീയതത്വങ്ങളെന്നതും അല്ലാത്തപക്ഷം ആ തത്വങ്ങളുടെ കൊലപാതകമായിരിക്കും നടക്കുകയെന്നതും, വളരെവളരെ വ്യക്തമല്ലേ? കമ്മ്യൂണിസ്റ്റുകാരോടുള്ള നയമാണു് ഇന്നു് ആ മൂന്നു ജനകീയതത്വങ്ങളുടെ മുന്നിലുള്ള ജീവിക്കണമോ മരിക്കണമോ എന്ന ചോദ്യം. കമ്മ്യൂണിസ്റ്റുകാരുമായി യോജിച്ചാൽ മൂന്നു ജനകീയതത്വങ്ങൾ നിലനിൽക്കും; കമ്മ്യൂണിസ്റ്റുകാരെ എതിർത്താൽ അവ പറപറക്കും. ആരുണ്ടു് ഇതു ശരിയല്ലെന്നു തെളിയിക്കാൻ?

മൂന്നാമതായി, വിപ്ലവകരമായ, യഥാർത്ഥമായ, ഈ പുതിയ മൂന്നു ജനകീയതത്വങ്ങൾ, കൃഷിക്കാരുടേയും തൊഴിലാളികളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയമുൾക്കൊള്ളുന്ന ഒന്നായിരിക്കണം. കൃഷിക്കാർക്കും തൊഴിലാളികൾക്കും യഥാർത്ഥമായ സഹകരണമെന്ന ഈ നയം ഉപേക്ഷിക്കുകയെന്നുവെച്ചാൽ, ഡാ: സണ്ണിന്റെ മരണപത്രികയിൽ പറഞ്ഞപ്രകാരമുള്ള "ജനങ്ങളെ തട്ടിയുണർത്തുക"യെന്ന കടമ നിരാകരിച്ചാൽ, അതിന്റെ ഫലം വിപ്ലവത്തിന്റേയും അതു ചെയ്യുന്നവരുടേയും പരാജയം ഉറപ്പിക്കലായിരിക്കും. സ്റ്റാലിൻ പറഞ്ഞിട്ടുണ്ടു്: "കോളണികളുടേയും അർദ്ധകോളണികളുടേയും പ്രശ്നത്തിന്റെ കാതൽ കർഷകപ്രശ്നമാണു്." എന്നുവെച്ചാൽ ചൈനീസ് വിപ്ലവം കൃഷിക്കാരുടെ ഒരു വിപ്ലവമാണു്; ജപ്പാനെതിരായ ഈ ചെറുത്തുനില്പുയുദ്ധം അതിന്റെ കാതൽവെച്ചുനോക്കിയാൽ കൃഷിക്കാരുടെ ചെറുത്തുനില്പുയുദ്ധമാണു്; പുതിയ ജനാധിപത്യത്തിന്റെ രാഷ്ട്രീയബന്ധങ്ങൾ, അതിന്റെ കാതൽവെച്ചുനോക്കിയാൽ, കൃഷിക്കാരുടെ കയ്യിലേക്കുള്ള അധികാരക്കൈമാററത്തിന്റേതാണു്; നവീനവും യഥാർത്ഥവുമായ മൂന്നു ജനകീയതത്വങ്ങൾ, അതിന്റെ കാതൽവെച്ചുനോക്കിയാൽ, കൃഷിക്കാരുടെ വിപ്ലവപ്രമാണമാണു്; ജനകീയസംസ്കാരത്തിന്റെ ഉള്ളടക്കം, അതിന്റെ കാതൽവെച്ചുനോക്കിയാൽ കൃഷിക്കാരുടെ സംസ്കാരനിലവാരമുയർത്താൻ എന്തു ചെയ്യണമെന്ന പ്രശ്നമാണു്; നിങ്ങൾ "മലകളിലേക്കു പോകുന്ന"തും ആ മലപ്രദേശങ്ങളിൽ പൊതുയോഗങ്ങൾ, പ്രവർത്തനങ്ങൾ, സ്ക്കൂളുകൾ, പ്രസിദ്ധീകരണങ്ങൾ, സാഹിത്യനിർമ്മാണങ്ങൾ, കലാപ്രകടനങ്ങൾ എന്നിവ നടത്തുന്നതുമെല്ലാം അതിന്റെ കാതൽവെച്ചുനോക്കിയാൽ, കൃഷിക്കാർക്കുവേണ്ടിയാണു്; അവസാനമായി ജപ്പാൻകാരെ എതിർക്കാനും ഞങ്ങളുടെ ജീവിതം നിലനിർത്താനും ഞങ്ങൾക്കു വേണ്ടതെന്തോ അതെല്ലാം തരുന്നതു്, അതിന്റെ കാതൽ

വെച്ചുനോക്കിയാൽ കൃഷിക്കാരാണ്. ഇവിടെ "കാതൽ" എന്നു പ്രയോഗിച്ചതു് എന്താണ്ട് "അടിസ്ഥാനം" എന്ന അർത്ഥത്തിലാണ്; എന്തുകൊണ്ടെന്നാൽ, മററു ശക്തികളെ ഞങ്ങൾ അവഗണിക്കുന്നില്ല. ഇക്കാര്യം സ്റ്റാലിൻതന്നെ വ്യക്തമാക്കീട്ടുള്ളതാണ്. ഏതൊരു പ്രാഥമിക സ്ക്കൂൾവിദ്യാർത്ഥിയുടേയും സാമാന്യജ്ഞാനമാണു ചൈനയിലെ ജനസംഖ്യയിൽ 80 ശതമാനവും കൃഷിക്കാരാണെന്നതു്. വൻകിടനഗരങ്ങൾ ശത്രുവിൻെറ കയ്യിലായതോടുകൂടി ഈ തോതു പിന്നേയും വർദ്ധിച്ചിരിക്കണം. അതുകൊണ്ടു ചൈനീസ് വിപ്ലവത്തിൻെറ മൗലികമായ പ്രശ്നം കർഷകപ്രശ്നവും, വിപ്ലവത്തിൻെറ മുഖ്യശക്തി കർഷകശക്തിയുമാകുന്നു. കൃഷിക്കാർ കഴിഞ്ഞാൽ, ചൈനീസ് ജനസംഖ്യയിലെ പിന്നത്തെ ഏററവും വലിയ വിഭാഗം തൊഴിലാളികളാണ്. ചൈനയിൽ അനേകലക്ഷം വ്യാവസായികതൊഴിലാളികളുണ്ടു്; അനേകകോടി കൈത്തൊഴിൽക്കാരും കാർഷികത്തൊഴിലാളികളുമുണ്ടു്. മേല്പറഞ്ഞ തൊഴിലാളികളെക്കൂടാതെ ചൈനയ്ക്കു നിലനില്ക്കാൻ കഴിയുകയില്ല; കാരണം, സാമ്പത്തികജീവിതത്തിൻെറ വ്യാവസായികവശം അവരുടെ കയ്യിലാണ്. അതുപോലെതന്നെ അവരെക്കൂടാതെ ചൈനീസ് വിപ്ലവം വിജയിക്കാൻ പോണില്ല; കാരണം അവരാണു വിപ്ലവത്തിൻെറ നേതാക്കളും ഏററവും വിപ്ലവകാരികളായ വിഭാഗവും. അപ്പോൾ വിപ്ലവകരമായ, യഥാർത്ഥമായ, ഈ പുതിയ മൂന്നു ജനകീയതത്വങ്ങൾ തൊഴിലാളികളേയും കൃഷിക്കാരേയും സംരക്ഷിക്കുന്നതും സഹായിക്കുന്നതുമായ ഒന്നായിരിക്കണമെന്നു നമുക്കു തീർത്തുപറയാം. നേരെമറിച്ച് ഈ നയമംഗീകരിക്കാത്തതായി, കൃഷിക്കാരേയും തൊഴിലാളികളേയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യാത്തതായി, "ജനങ്ങളെ തട്ടിയുണർത്തുക"യെന്നതു നടപ്പിൽവരുത്താത്തതായി, വല്ല മൂന്നു ജനകീയതത്വങ്ങളുമുണ്ടെങ്കിൽ അതു നിശ്ചയമായും നശിച്ചേ മതിയാകൂ.

മേലെഴുതിയതിൽനിന്നു നമുക്കു തീരുമാനിക്കാം: സോവിയററുയൂനിയനുമായി സഖ്യം, കമ്യൂണിസ്ററുകാരുമായി ഐക്യം, കൃഷിക്കാർക്കും തൊഴിലാളികൾക്കും സംരക്ഷണവും സഹായവും എന്നീ നയങ്ങളിൽനിന്നു പിൻവാങ്ങിനില്ക്കുന്ന ഏതു മൂന്നു ജനകീയതത്വങ്ങൾക്കും യാതൊരു ഭാവിയുമില്ലെന്ന്. മൂന്നു ജനകീയതത്വങ്ങളെ ബോധപൂർവ്വം അനുസരിക്കുന്ന ഏതൊരാളും സത്യസന്ധമായും ഗൗരവബുദ്ധിയോടെയും ശ്രദ്ധ പതിപ്പിക്കേണ്ടതായ ഒരു സംഗതിയാണിതു്.

വിപ്ലവകരമായ ഈ മൂന്നു നയങ്ങളോടുകൂടിയ വിപ്ലവകരമായ, യഥാൎത്ഥമായ, ഈ പുതിയ മൂന്നു ജനകീയതത്വങ്ങളാണു പുതിയ ജനാധിപത്യത്തിൻെറ മൂന്നു ജനകീയതത്വങ്ങൾ—പഴയ മൂന്നു ജനകീയതത്വങ്ങളൂടേതന്നെ വളൎന്നുവന്ന രൂപമായ മൂന്നു ജനകീയതത്വങ്ങൾ. ഡാ: സണ്ണിൻെറ മഹത്തായ നേട്ടവും ചൈനീസ് വിപ്ലവം ലോകസോഷ്യലിസ്റ്റുവിപ്ലവത്തിൻെറ ഒരു ഭാഗമെന്നു കണക്കാക്കപ്പെടുന്ന ഒരു ഘട്ടത്തിൻെറ സന്തതികളുമായ മഹനീയമായ മൂന്നു ജനകീയതത്വങ്ങൾ. ഇപ്രകാരമുള്ള മൂന്നു ജനകീയതത്വങ്ങളെ മാത്രമാണു്, "ഇന്നത്തെ ചൈനയുടെ ആവശ്യമായി" കമ്മ്യൂണിസ്റ്റുകാരംഗീകരിക്കുന്നതു്; "പൂൎണ്ണമായി നടപ്പിലാക്കാനായി പടവെട്ടാൻ തയ്യാറാണെന്നു പ്രഖ്യാപിക്കുന്നതു്." ഇപ്രകാരമുള്ള മൂന്നു ജനകീയതത്വങ്ങൾ മാത്രമാണു കമ്മ്യൂണിസ്റ്റുപാൎട്ടിയുടെ ഏററവും ചുരുങ്ങിയ പരിപാടിയുമായി, ജനാധിപത്യഘട്ടത്തിൽ കമ്മ്യൂണിസ്റ്റുപാൎട്ടി വെയ്ക്കുന്ന രാഷ്ട്രീയപരിപാടിയുമായി, പൊരുത്തപ്പെടുന്നതു്.

പഴയ മൂന്നു ജനകീയതത്വങ്ങൾ ചൈനീസ് വിപ്ലവത്തിൻെറ പഴയ കാലഘട്ടത്തിൻെറ സന്തതികളാണു്. അവയിൽ റഷ്യയുമായി സഖ്യത്തിനു സ്ഥാനമില്ല; കാരണം അന്നു റഷ്യ ഒരു സാമ്രാജ്യത്വരാഷ്ട്രമായിരുന്നു. അവയിൽ കമ്മ്യൂണിസ്റ്റുകാരുമായി ഐക്യമെന്നൊന്നുമുണ്ടായിരുന്നില്ല; കാരണം അന്നു ചൈനയിൽ കമ്മ്യൂണിസ്റ്റുപാൎട്ടിയുണ്ടായിരുന്നില്ല. അവയിൽ തൊഴിലാളികൾക്കും കൃഷിക്കാൎക്കും സംരക്ഷണവും സഹായവുമെന്ന വ്യവസ്ഥയുമുണ്ടായിരുന്നില്ല; കാരണം, അന്നു രാഷ്ട്രീയരംഗത്തിൽ തൊഴിലാളി-കൎഷകപ്രസ്ഥാനങ്ങളുടെ പ്രാധാന്യം പ്രകടമായിരുന്നില്ല. അതുകൊണ്ടു്, 1924-ൽ ക്വമിന്താങ്ങു പുനഃസംഘടിപ്പിക്കുന്നതിനുമുമ്പുണ്ടായിരുന്ന മൂന്നു ജനകീയതത്വങ്ങൾ പഴയ പരിധിയിൽ പെട്ടവയായിരുന്നു; കാലഹരണംവന്ന ഒന്നായിരുന്നു. അവയെ മൂന്നു ജനകീയതത്വങ്ങളായി പരിപോഷിപ്പിച്ചില്ലായിരുന്നുവെങ്കിൽ, ക്വമിന്താങ്ങിനു പിന്നെ ഒരടി മുന്നോട്ടുനീങ്ങാൻ കഴിയുമായിരുന്നില്ല. ദീൎഘദൎശിയായ ഡാ: സൺ ഇതു കണ്ടു; ലെനിൻെറയും ചൈനീസ് കമ്മ്യൂണിസ്റ്റുപാൎട്ടിയുടേയും സഹകരണത്തോടുകൂടി, പുതിയ ചരിത്രപരമായ സവിശേഷതകളുടെ വെളിച്ചത്തിൽ, അദ്ദേഹം അതിനു പുതിയ വ്യാഖ്യാനം നൽകി; മൂന്നു ജനകീയതത്വങ്ങളും കമ്മ്യൂണിസവുംതമ്മിലും ക്വമിന്താങ്ങും കമ്മ്യൂണിസ്റ്റുകാരുംതമ്മിലുംഒരൈക്യമുന്നണിയുണ്ടാക്കി; ഈ അടിസ്ഥാനത്തിലും നാട്ടിലെ ബഹുജനങ്ങ-

ളുടെ പിൻതുണയോടുകൂടിയും ഒന്നാം മഹനീയവിപ്ലവം അഴിച്ചുവിടുകയുംചെയ്തു.

പഴയ മൂന്നു ജനകീയതത്വങ്ങൾ പഴയഘട്ടത്തിൽ വിപ്ലവകരമായിരുന്നു. കാരണം, പഴയ കാലഘട്ടത്തിൻെറ ചരിത്രപരമായ പ്രത്യേകതകൾ അതിൽ പ്രതിഫലിച്ചിരുന്നു. എന്നാൽ, പുതിയ ഘട്ടത്തിനു പററിയവിധം പുതിയ മൂന്നു ജനകീയതത്വങ്ങളാവിർഭവിച്ചതിനുശേഷവും ഒരാൾ ആ പഴയ പ്രമാണത്തിൽതന്നെ പിടിച്ചുതൂങ്ങുന്നപക്ഷം, അല്ലെങ്കിൽ സോവിയററുരാഷ്ട്രം സ്ഥാപിതമായതിനുശേഷവും റഷ്യയുമായുള്ള സഖ്യത്തെ എതിക്കുന്നപക്ഷം, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ്പാട്ടി നിലവിൽ വന്നശേഷവും കുമിന്താങ്ങ-കമ്മ്യൂണിസ്റ്റ്ഐക്യത്തിനു കൂട്ടാക്കാതിരിക്കുന്നപക്ഷം, അല്ലെങ്കിൽ അധ്വാനിക്കുന്ന ജനങ്ങൾ ഉണൎന്ന് ഉൽബുദ്ധരായി തങ്ങളുടെ അജയ്യമായ രാഷ്ട്രീയശക്തി പ്രകടമാക്കിയതിനുശേഷവും തൊഴിലാളി-കർഷകസംരക്ഷണത്തിനും സഹായത്തിനും തയ്യാറാവാത്തപക്ഷം, നിശ്ചയമായും അയാളൊരു പ്രതിവിപ്ലവകാരിയാണ്; അല്ലാത്തപക്ഷം നീതിന്യായബുദ്ധിയുടെ നേരിയൊരംശംപോലും ഇല്ലാത്തയാളാണ്. ഈ ബുദ്ധികേടിൻെറ പ്രതിഫലമായിരുന്നു, 1927-നുശേഷമുണ്ടായ പിൻതിരിപ്പൻനം. ഒരു പഴമൊഴിയുണ്ട്: "ചരിത്രഗതിയറിഞ്ഞു വിധിപറയാൻ കഴിവുള്ളവരാണു ബുദ്ധിശാലികൾ." മൂന്നു ജനകീയതത്വങ്ങളുടെ യോദ്ധാക്കളെല്ലാം ഇന്ന് ഇതോൎമ്മവെയ്ക്കുന്നതാവശ്യമാണ്.

പഴയ മൂന്നു ജനകീയതത്വങ്ങളും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഏററവും ചുരുങ്ങിയ പരിപാടിയുംതമ്മിൽ യാതൊരു താരതമ്മ്യവുമില്ല; കാരണം, പഴയ കാലഘട്ടത്തിൻേറതാണ്, കാലഹരണംവന്നതാണ്, അന്നത്തെ ആ മൂന്നു ജനകീയതത്വങ്ങൾ. സോവിയററുയൂനിയനേയും കമ്മ്യൂണിസ്റ്റ്കാരേയും തൊഴിലാളി-കർഷകരേയും എതിക്കുന്ന ഏതെങ്കിലും മൂന്നു ജനകീയതത്വങ്ങൾ ഇന്നും ബാക്കി നില്പുണ്ടെങ്കിൽ അവ മൂന്നു പിന്തിരിപ്പൻതത്വങ്ങളാവാനേ തരമുള്ളൂ. അവയ്ക്കു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഏററവും ചുരുങ്ങിയ പരിപാടിയുമായി യാതൊരു ബന്ധവുമുണ്ടാവാൻ തരമില്ലെന്നു മാത്രമല്ല, ആ പരിപാടിയുടെ ബദ്ധശത്രുക്കൂടിയായിരിക്കും അവ. കമ്മ്യൂണിസ്റ്റ്പരിപാടിയും ആ തത്വങ്ങളുംതമ്മിൽ സന്ധിയെന്ന പ്രശ്നമേയില്ല. ഇതു മൂന്നു ജനകീയതത്വങ്ങളുടെ ആരാധകന്മാർ ഓൎമ്മവെയ്ക്കേണ്ടതാണ്.

ഏതായാലും, സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായ കടമകൾ നിറവേററിക്കഴിയുന്നതിനുമുമ്പ് ഈ പുതിയ മൂന്നു ജനകീയ തത്വങ്ങളെ ഉൽബുദ്ധമായ യാതൊരു ജനവിഭാഗവും തള്ളിക്കളയാൻ പോകുന്നില്ല. വേങ്ങ് ചെങ്ങ്-വേയെപ്പോലുള്ളവർ മാത്രമാണും അതു നിരാകരിക്കുന്നതു്. വേങ്ങ് ചെങ്ങ്-വേയും ലി ചെങ്ങ്-വേയും അതുപോലുള്ള മറേറതു ചെങ്ങ്-വേയ്മാരും തങ്ങളുടെ സോവിയററുവിരുദ്ധ-കമ്മ്യൂണിസ്റ്റ്വിരുദ്ധ-തൊഴിലാളി-കൃഷകവിരുദ്ധ കുടിലതത്വങ്ങൾ മുന്നോട്ടുതള്ളാൻ എത്രമാത്രവും തലകുത്തിമറിഞ്ഞുകൊള്ളട്ടെ; നീതിബോധവും മനസ്സാക്ഷിയുമുള്ള മററെല്ലാവരുംതന്നെ ഡാ: സൺയാറ്റ്സെന്നിൻെറ ഈ യഥാർത്ഥമായ മൂന്നു ജനകീയതത്വങ്ങളെ തുറന്നനുകൂലിച്ചുകൊണ്ടിരിക്കുമെന്നതു വളരെ തീർച്ചയാണ്. 1927-ലെ പിന്തിരിപ്പൻമുന്നേററത്തിനുശേഷവും ചൈനീസ്വിപ്ലവമദ്ധ്യത്തിൽശരിയായ മൂന്നു ജനകീയതത്വങ്ങളിലടിയുറച്ചുനിന്ന് അവയ്ക്കുവേണ്ടി ഇടതടവില്ലാതെ പടവെട്ടിയ എണ്ണമററ ജനങ്ങളെ നാം കണ്ടിട്ടുണ്ടെങ്കിൽ ഒരു ദേശീയശത്രു നമ്മുടെ നെഞ്ചത്തു കയറിയിരിക്കുന്ന ഇന്ന് അത്തരക്കാർ ലക്ഷക്കണക്കിലുണ്ടാവുമെന്നതു തീർച്ചയല്ലേ. ശരിയായ ആ പുതിയ മൂന്നു ജനകീയതത്വങ്ങളിലടിയുറച്ചുനില്ക്കുന്നവരുമായി ഒരു നീണ്ടകാലംവരെ ഇടതടവില്ലാതെ സഹകരിക്കാൻ കമ്മ്യൂണിസ്റ്റ്കാരായ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. രാജ്യദ്രോഹികളേയും കമ്മ്യൂണിസ്റ്റ്വിരുദ്ധകഴുത്തറുപ്പന്മാരേയുമല്ലാതെ മററാരേയും ഞങ്ങളുപേക്ഷിക്കുന്നതല്ല.

## XI

### പുതിയ ജനാധിപത്യത്തിൻെറ സംസ്കാരം

പുതിയ കാലഘട്ടത്തിലെ ചൈനീസ് രാഷ്ട്റീയബന്ധങ്ങളുടെ ചരിത്രപരമായ പ്രത്യേകതയും പുതിയ ജനാധിപത്യറിപ്പബ്ളിക്കിൻെറ പ്രശ്നവും നാം മുകളിൽ വിവരിച്ചുവല്ലോ. ഇനി നമുക്കു സാംസ്കാരികപ്രശ്നത്തിലേക്കു കടക്കാം.

ഏതു സംസ്കാരവും ഒരു പ്രത്യേകസമുദായത്തിൻെറ രാഷ്ട്റീയ-സാമ്പത്തികബന്ധങ്ങളുടെ ആശയരൂപത്തിലുള്ള പ്രതിഫലനമാകുന്നു. ചൈനയിൽ സാമ്രാജ്യത്വത്തിൻെറ സാംസ്കാരികരൂപമുണ്ട്; ചൈനയുടെമീതെയുള്ള സാമ്രാജ്യത്വത്തിൻെറ മുഴുവനോ ഭാഗികമോ ആയ

രാഷ്ട്റീയ-സാമ്പത്തികനിയന്ത്രണത്തിൻെറ പ്രതിഫലനമാണത്: സാമ്രാജ്യത്വം നേരിട്ട നിയന്ത്രിക്കുന്ന സാംസ്കാരികസംഘടനകളും അവയ്ക്കുപുറമേ നാണംകെട്ട ഒരുവിഭാഗം ചീനക്കാരുമാണ് ഇത്തരം സംസ്കാരം പ്രചരിപ്പിക്കുന്നത്. "അടിമത്തപരമായ ആശയസമുച്ചയ"മടങ്ങുന്ന എല്ലാതരം സംസ്കാരങ്ങളും ഈ വകുപ്പിൽ ഉൾപ്പെടുന്നു. ഇതുപോലെതന്നെ ചൈനയിൽ, അർദ്ധനാട്ടുവാഴിത്തത്തിൻെറ സാമ്പത്തിക-രാഷ്ട്റീയബന്ധങ്ങളുടെ പ്രതിഫലനമായ അർദ്ധനാട്ടുവാഴിത്തസംസ്കാരവുമുണ്ട്. കൺഫ്യൂഷ്യസ്സിനെ (ചൈനയിലെ ഒരു പഴംചൻതത്വശാസ്ത്രജ്ഞൻ—പരിഭാഷകൻ) ആരാധിക്കണമെന്ന വാദിക്കുന്നവർ, പ്രാചീനധർമ്മസിദ്ധാന്തം പഠിക്കുന്നതിൽമാത്രം ബദ്ധശ്രദ്ധരായവർ, പുതിയ സംസ്കാരത്തേയും പുതിയ ചിന്താഗതിയേയും എതിർത്തുകൊണ്ട പഴയ സാമൂഹ്യബന്ധങ്ങളേയും ചിന്താഗതിയേയും പിന്താങ്ങുന്നവർ എന്നിവരെല്ലാമാണിതിൻെറ പ്രതിനിധികൾ. സാമ്രാജ്യത്വത്തിൻേറയും അർദ്ധനാട്ടുവാഴിത്തത്തിൻേറയും സംസ്കാരങ്ങൾ ഉററചങ്ങാതികളായാണ വർത്തിക്കുന്നത്. പുതിയസംസ്കാരത്തെ എതിർക്കുവാൻ വേണ്ടി ഈ രണ്ട പിന്തിരിപ്പൻസംസ്കാരങ്ങളും ഒരു സഖ്യം സ്ഥാപിച്ചിരിക്കയാണ്. ഈ രണ്ട സംസ്കാരങ്ങളേയും മറെറാന്നും ചിന്തിക്കാതെ കടപുഴക്കിയെറിയേണ്ടതുണ്ട്: കാരണം സാമ്രാജ്യത്വ-നാട്ടുവാഴിത്തവർഗ്ഗങ്ങളുടെ നന്മയ്ക്കുവേണ്ടിയാണവ നിലകൊള്ളുന്നത്. ഈ പിന്തിരിപ്പൻസംസ്കാരങ്ങളെ തുടച്ചുനീക്കാതെ പുതിയ സംസ്കാരം സ്ഥാപിക്കുവാനൊക്കുകയില്ലതന്നെ. വഴിമുടക്കുന്നതിനെ തടയാതെയോ തുരക്കാതെയോ പുതുതായൊന്നിനെ സ്ഥാപിക്കാനോ വിപുലമാക്കാനോ കഴിയുകില്ലല്ലോ. ഇവ രണ്ടുംതമ്മിലുള്ള സമരം ഒരു ജീവന്മരണസമരമാണുതാനും.

പുതിയ രാഷ്ട്റീയ-സാമ്പത്തികഘടനകളുടെ ആശയപരമായ പ്രതിഫലനവും ആ പുതിയ രാഷ്ട്റീയ-സാമ്പത്തികഘടനകളെ സേവിക്കുന്നതുമായ ഒന്നാണ പുതിയ സംസ്കാരം.

മൂന്നാമദ്ധ്യായത്തിൽ നാം ചൂണ്ടിക്കാട്ടിയപോലെ, ചൈനയിൽ മുതലാളിത്തപരമായ സാമ്പത്തികവ്യവസ്ഥ ആവിർഭവിച്ചതോടുകൂടി ചൈനീസ് സമുദായത്തിൻെറ സ്വഭാവം ക്രമേണ മാറാൻതുടങ്ങിയല്ലോ. നാട്ടുവാഴിത്തസാമ്പത്തികവ്യവസ്ഥയാണ പിന്നെയും മേധാവിത്വം വഹിക്കുന്നതെന്നിരുന്നാലും, അതോടുകൂടി ചൈന കേവലമൊരു ശുദ്ധനാട്ടുവാഴിസമുദായമല്ലാതാവുകയും അർദ്ധനാട്ടുവാഴിസമുദായമാവുകയും

ചെയ്തു. നാട്ടുവാഴിത്തസാമ്പത്തികഘടനയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മുതലാളിത്തസാമ്പത്തികഘടന ഒരു പുതിയതരം സാമ്പത്തികഘടനയാകുന്നു. ഈ മുതലാളിത്തപരമായ സാമ്പത്തികബന്ധങ്ങളുടെ വളർച്ചയോടുകൂടിയാണ് പുതിയ രാഷ്ട്രീയശക്തികൾ ഉയർന്നുവന്നത്—ബൂർഷ്വാസിയുടേയും പെററിബൂർഷ്വാസിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും ശക്തികൾ. ഉൽബുദ്ധമായിക്കൊണ്ടിരുന്ന ഈ ബൂർഷ്വാസിയുടേയും പെററിബൂർഷ്വാസിയുടേയും തൊഴിലാളിവർഗ്ഗത്തിൻേറയും രാഷ്ട്രീയപ്രതിനിധികളെന്നനിലയ്ക്കു് വിവിധ വിപ്ലവപ്പാർട്ടികളുമുണ്ടായി. കുമിന്താങ്ങും കമ്മ്യൂണിസ്റ്റ്പാർട്ടിയുമാണ് ഇവയിൽ പ്രധാനമായവ. പുതിയ സംസ്കാരമാവട്ടെ, ഈ പുതിയ രാഷ്ട്രീയ-സാമ്പത്തികശക്തികളുടെ ആശയപരമായ പ്രതിഫലനവും അവയെ സേവിക്കുന്നതുമാണ്. മുതലാളിത്തപരമായ സാമ്പത്തികബന്ധങ്ങളില്ലായിരുന്നുവെങ്കിൽ, ബൂർഷ്വാസിയും പെററിബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും നിലവിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ, ഈ വർഗ്ഗങ്ങളുടെ രാഷ്ട്രീയകക്ഷികളില്ലായിരുന്നുവെങ്കിൽ, പുതിയ ആശയസമുച്ചയത്തിന്നോ പുതിയ സാംസ്കാരികവളർച്ചയ്ക്കോ സാദ്ധ്യതയില്ലായിരുന്നു.

ഈ പുതിയ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികശക്തികളാണ് ചൈനയുടെ വിപ്ലവശക്തികൾ; കാരണം, പഴയ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികശക്തികളെ എതിർക്കുന്നവയാണവ. പഴയ ശക്തികൾ രണ്ടു വിഭാഗങ്ങളുടെ കൂട്ടുകെട്ടാണ്: ചൈനയിലെ അർദ്ധനാട്ടുവാഴിത്തരീതിയിലുള്ള നാടൻ രാഷ്ട്രീയ സാമ്പത്തിക-സാംസ്കാരികശക്തികളും സാമ്രാജ്യത്വത്തിൻെറ രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികശക്തികളും. ഇവയിൽ ഒടുവിൽ പറഞ്ഞതിന്നാണ് ഈ കൂട്ടുകെട്ടിൻെറ നിയന്ത്രണാധികാരം. ഇവയെല്ലാംതന്നെ പിന്തിരിപ്പനും കൊള്ളരുതാത്തതുമാണ്; ഇവയെ ഒട്ടാകെ തുരത്തണം. ബഹുജനങ്ങളുടെ (വിവിധ വിപ്ലവവർഗ്ഗങ്ങൾ) പുതിയ ശക്തികൾ ഒരുവശത്തും, സാമ്രാജ്യത്വ-നാട്ടുവാഴിത്തവർഗ്ഗങ്ങളുടെ പഴയ ശക്തികൾ മറുവശത്തുമായി നടക്കുന്ന സമരമാണ്, ചൈനീസ്സമുദായത്തിലിതുവരെയുണ്ടായിട്ടുള്ള, പുതിയതും പഴയതും തമ്മിലുള്ള സാമൂഹ്യസമരം. വിപ്ലവവും എതിർവിപ്ലവവും തമ്മിലുള്ള സമരമാണത്. അവീൻയുദ്ധംമുതൽ കഴിഞ്ഞ നൂറുകൊല്ലക്കാലമായും, നമുക്കോൎമ്മിക്കാൻകഴിയുന്ന 1911-ലെ വിപ്ലവംമുതൽ മുപ്പതുകൊല്ലക്കാലമായും തുടൎന്നുവരുന്നതാണ്.

P Narayan

എന്നാൽ, മുൻപുപറഞ്ഞതുപോലെ, പഴയ വിപ്ലവവും പുതിയ വിപ്ലവവും തമ്മിലും വ്യത്യാസമുണ്ട്. ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ പുത്തനായിരുന്നതു മറെറാന്നിൽ പഴഞ്ചനായി മാറും. ചൈനയിലെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ നൂറുകൊല്ലങ്ങളെ രണ്ടുഘട്ടങ്ങളായി വേർതിരിക്കാം—ആദ്യത്തെ 80 കൊല്ലവും പിന്നത്തെ 20 കൊല്ലവും. ഈ ഓരോ ഘട്ടത്തിനുമുണ്ട് അതിൻേറതായ, മൌലികമായ, ചരിത്രപരമായ പ്രത്യേകതകൾ. ആദ്യത്തെ 80 കൊല്ലത്തെ ചൈനീസ് ബൂർഷ്വാജനാധിപത്യവിപ്ലവം പഴയ പന്തിയിൽപ്പെടുന്നു. എന്നാൽ പിന്നത്തെ 20 കൊല്ലം, സാർവ്വദേശീയ-ദേശീയസ്ഥിതിഗതികളിലുണ്ടായ മാററത്തിൻെറ ഫലമായി, പുതിയ പരിധിയിലാണുൾപ്പെടുക. അങ്ങനെ, നമുക്കിവിടെ, ആദ്യത്തെ 80 കൊല്ലക്കാലത്തിൻെറ സവിശേഷതയായ പഴയ ജനാധിപത്യവും, പിന്നീടുള്ള 20 കൊല്ലക്കാലത്തിൻെറ സവിശേഷതയായ പുതിയ ജനാധിപത്യവുമുണ്ട്. ഈ വ്യത്യാസം രാഷ്ട്രീയരംഗത്തിലെന്നപോലെ സാംസ്കാരികരംഗത്തിലും ഒരുപോലെ പരമാർത്ഥമാണ്. ഈ പ്രത്യേകത സാംസ്കാരികമണ്ഡലത്തിൽ എങ്ങനെ സ്വയം പ്രകാശിച്ചുവെന്നു ചുവടെ പ്രതിപാദിക്കാം.

## XII

### ചൈനയിലെ സാംസ്കാരികവിപ്ലവത്തിൻെറ ചരിത്രപരമായ പ്രത്യേകതകൾ

സാംസ്കാരികാശയസമുച്ചയത്തിൻെറ രംഗത്തെ രണ്ടു ചരിത്രഘട്ടങ്ങളായി വേർതിരിക്കാവുന്നതാണ്—1919 മേയ് 4 പ്രസ്ഥാനത്തിനു മുമ്പും പിമ്പും.

മേയ് 4 പ്രസ്ഥാനത്തിനുമുമ്പ് ചൈനയിലെ സാംസ്കാരികമുന്നണിയിലെ സമരം ബൂർഷ്വാസിയുടെ പഴയ സംസ്കാരവും നാടുവാഴിവർഗ്ഗത്തിൻെറ പഴയ സംസ്കാരവും തമ്മിലുള്ള സമരമായിരുന്നു. ആധുനികസ്കൂൾസമ്പ്രദായവും പഴയ എഴുത്തുപരീക്ഷാസമ്പ്രദായവും തമ്മിലും, പുതിയ വിജ്ഞാനവും പഴയ വിജ്ഞാനവും തമ്മിലും, പാശ്ചാത്യപഠനവും നാടൻപഠനവും തമ്മിലും നടന്നിട്ടുള്ള സമരങ്ങളെല്ലാം മേല്പറഞ്ഞ സ്വഭാവം കൈക്കൊണ്ടിരുന്നു. സ്കൂളുകൾ എന്നു പറയപ്പെട്ടവയും പുതിയ വിജ്ഞാനവും പാശ്ചാത്യപഠനവുമെല്ലാം

Sarasamma

അന്നു മൗലികമായി ("മൌലികമെന്നാണ് ഇവിടെ ഊന്നുന്നതു്; കാരണം നാട്ടുവാഴിത്തത്തിൻെറ വിഷാംശങ്ങൾ പിന്നെയും അതിൽ കാണാമായിരുന്നു) ബൂർഷ്വാസിയുടെ പ്രകൃതിശാസ്ത്രവും സാമൂഹ്യശാസ്ത്രവുമായിരുന്നു. യെൻഫൂ (അന്നത്തെ ഒരു ചൈനീസ് പണ്ഡിതൻ) പ്രചാരത്തിൽ കൊണ്ടുവന്ന ഡാർവിൻെറ പരിണാമസിദ്ധാന്തം, ആഡംസ്മിത്തിൻെറ പ്രമാണപ്പെട്ട ധനശാസ്ത്രം, മിൽസിൻെറ തക്കശാസ്ത്രം, മോണ്ടെസ്ക്യൂവിൻെറ സമുദായസിദ്ധാന്തം എന്നിവയും പ്രകൃതിശാസ്ത്രപരമായ മററുചില ഗ്രന്ഥങ്ങളുമായിരുന്നു മേയ് 4 പ്രസ്ഥാനത്തിനുമുമ്പുണ്ടായിരുന്ന പുതിയ വിജ്ഞാനത്തിൻെറ പതാകാവാഹകന്മാരെ ഭരിച്ചിരുന്ന ചിന്താഗതി. അക്കാലത്തു് ഇവ നിശ്ചയമായും ഒരു വിപ്ലവകരമായ പങ്കാണു വഹിച്ചിരുന്നതു്; നാട്ടുവാഴിത്തചിന്താഗതികൾക്കെതിരായി ഇവ പോരാടി; പഴയ ബൂർഷ്വാജനാധിപത്യവിപ്ലവത്തെ ഇവ സഹായിച്ചു. എന്നിരുന്നാലും, ചൈനീസ് ബൂർഷ്വാസിയുടെ ദൌർബല്യവും ലോകം സാമ്രാജ്യത്വഘട്ടത്തിലെത്തിക്കഴിഞ്ഞുവെന്ന പരമാർത്ഥവും മൂലം ചൈനയിലെ ഈ ബൂർഷ്വാചിന്താഗതിക്കു നീണ്ടുനില്ക്കാൻ കഴിഞ്ഞില്ല; സാമ്രാജ്യത്വത്തിൻെറ അടിമത്തം പരത്തുന്ന ആശയവും പിന്നോട്ടു തിരിയുവാനാവശ്യപ്പെടുന്ന നാട്ടുവാഴിത്തചിന്താഗതികളുംകൂടിയുണ്ടാക്കിയ പ്രതിലോമകരമായ കൂട്ടുകെട്ടിൻെറ ആക്രമണത്തിൻെറ മുമ്പിൽ അതു തോല്പിക്കപ്പെട്ടു. ആ പിന്തിരിപ്പൻസഖ്യത്തിൻെറ ചെറിയൊരു പ്രത്യാക്രമണം മതിയായിരുന്നു, പുതിയ വിജ്ഞാനമെന്നു പറയപ്പെടുന്ന ഇതിനു് അതിൻെറ "കൊടിയും ചെണ്ടയുമെല്ലാമെടുത്തു കെട്ടുകെട്ടാ"നും സാർവ്വത്രികമായപിന്മാററം പ്രഖ്യാപിക്കുവാനും, അസ്ഥികൂടം അവിടെയിട്ടു് ആത്മാവു നഷ്ടപ്പെട്ടതാനും, സാമ്രാജ്യത്വഘട്ടത്തിൽ പഴയ ബൂർഷ്വാജനാധിപത്യവിപ്ലവസംസ്കാരം കൊള്ളരുതാത്തതും അശക്തവുമായിത്തീർന്നു. അതിൻെറ പരാജയം അനിവാര്യമായി മാറി.

എന്നാൽ മേയ് 4 പ്രസ്ഥാനത്തിനുശേഷം ഒരു പുതിയസ്ഥിതിയുളവായി. അതിനുശേഷം ചൈനയിലൊരു പുതിയ സാംസ്കാരികശക്തി രംഗപ്രവേശംചെയ്തു—ചൈനീസ് കമ്മ്യൂണിസ്ററുകാരുടെ നേതൃത്വത്തിൽ കമ്മ്യൂണിസത്തിൻെറ സാംസ്കാരികചിന്താഗതി, അതായതു്, സാമൂഹ്യവിപ്ലവത്തെ സംബന്ധിച്ച കമ്മ്യൂണിസ്ററുസിദ്ധാന്തവും കമ്മ്യൂണിസ്ററ് പ്രപഞ്ചവീക്ഷണവുമായിരുന്നു അതു്. 1919-ലെ മേയ് 4 പ്രസ്ഥാനം നടന്നതു (രണ്ടുകൊല്ലത്തിനുശേഷം, 1921-ൽ, കമ്മ്യൂണി

സ്ററുപാട്ടിയുടെ ഉൽഘാടനവും ചൈനയിലെ തൊഴിലാളിപ്രസ്ഥാനത്തിൻെറ ആരംഭവും) ഒന്നാം ലോകമഹായുദ്ധത്തിനും, ഒക്ടോബർ വിപ്ലവത്തിനും, അതായത്, ദേശീയപ്രശ്നവും കോളണികളിലെ പ്രസ്ഥാനങ്ങളും ലോകവളർച്ചയിൽ ഒരു പുതിയ പതനത്തിലേക്കുയന്നതിനും, തൊട്ടടുത്താണല്ലോ. ചൈനീസ്‌വിപ്ലവവും ലോകവിപ്ലവവും തമ്മിലുള്ള ഈ ബന്ധം ഏററവും വ്യക്തമാണ്. ചൈനയിലെ രാഷ്ട്രീയരംഗത്തിൽ ഒരു പുതിയ ശക്തി, ചൈനീസ്‌തൊഴിലാളിവർഗ്ഗവും ചൈനീസ്‌കമ്യൂണിസ്ററുപാട്ടിയും, അരങ്ങേറിയതോടൊപ്പംതന്നെ, പുതിയ അലങ്കാരത്തോടും ആയുധങ്ങളോടും കിട്ടാവുന്ന ബന്ധുക്കളുടെ അകമ്പടിയോടുംകൂടി ഒരു പുതിയ സാംസ്കാരികശക്തിയും നിലവിൽവന്നു; സാമ്രാജ്യത്വ-നാടുവാഴിത്തസംസ്കാരങ്ങളുടെ നേരെ ധീരമായ ഒരാക്രമണമഴിച്ചുവിട്ട് അതു തൻെറ അധികാരം പ്രഖ്യാപിച്ചു. പ്രകൃതിശാസ്ത്രങ്ങളിൽ അതിന്ന് അതിൻെറ അടിസ്ഥാനമുറപ്പിക്കാൻ വേണ്ട സമയം കിട്ടിയിരുന്നില്ലെങ്കിലും, അതുകൊണ്ടു താല്ക്കാലികമായെങ്കിലും അവയുടെ നിയന്ത്രണം ബൂർഷ്വാസിയുടേതന്നെ കയ്യിലിരിക്കുന്നതു കാണേണ്ടിവന്നുവെങ്കിലും, സാമൂഹ്യശാസ്ത്രങ്ങളുടെ രംഗങ്ങളിൽ, കൊളോണിയൽ-അർദ്ധകൊളോണിയൽവിപ്ലവങ്ങളുടെ ആഘട്ടത്തിൽ "ചിന്തയുടെ പടക്കോപ്പാ"യ ആ ഏററവും പ്രധാനപ്പെട്ട മണ്ഡലത്തിൽ, ഒരു വമ്പിച്ച വിപ്ലവംതന്നെ അഴിച്ചുവിടാൻ ഈ പുതിയശക്തിക്കു കഴിഞ്ഞു. സാമൂഹ്യശാസ്ത്രങ്ങളുടെ രംഗത്തിൽ, തത്വശാസ്ത്രം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ, യുദ്ധതന്ത്രം, ചരിത്രശാസ്ത്രം, സാഹിത്യവും കലയും—നാടകം, സിനിമ, സംഗീതം, പ്രതിമാനിർമ്മാണം, ചിത്രമെഴുത്ത് ആദിയായവ—തുടങ്ങിയ ഏതു രംഗത്തിലായാലും ശരി, നമുക്ക് അത്ഭുതാവഹമായ ഒരു വളർച്ചയുണ്ടായിട്ടുണ്ട്. ആശയത്തിലായാലും ശരി, രൂപ (ഭാഷ മുതലായവ) ത്തിലായാലും ശരി, ഇക്കഴിഞ്ഞ 20 കൊല്ലത്തിനുള്ളിൽ നമ്മുടെ ഈ പുതിയ സാംസ്കാരിക ബയനററു് എവിടെയെല്ലാമെത്തിയിട്ടുണ്ടോഅവിടെയെല്ലാംതന്നെ ഒരു വമ്പിച്ച വിപ്ലവം അഴിച്ചുവിട്ടിട്ടുണ്ട്. അതിൻെറ ശക്തിയുടെ ആധിക്യവും അതിന്ന് അണിനിരത്താൻ കഴിഞ്ഞതിൻെറ വൈപുല്യവും ചൈനീസ്‌ചരിത്രത്തിലെ മറേറതുഘട്ടത്തേയും അത്ഭുതാവഹമാംവിധം കുറച്ചുവെച്ചിട്ടുണ്ട്; ചരിത്രത്തിൽ ഇതിനോടു കിടപിടിക്കാവുന്ന ഒന്നില്ല. ലൂസിൻ ആയിരുന്നു ഈ പുതിയ സാംസ്കാരികശക്തിയുടെ ഏററവും മഹാനും ഏററവും ധീരനുമായ നേതാവു്. ചൈനയുടെ സാംസ്കാരികവിപ്ലവത്തിൻെറ 'പടത്തലവൻ' ആയിരുന്നു അദ്ദേഹം. മഹാനായ

ഒരു സാഹിത്യകാരൻ മാത്രമല്ല, മഹാനായ ഒരു ചിന്തകനും മഹാനായ ഒരു വിപ്ലവകാരിയുംകൂടിയായിരുന്നു, അദ്ദേഹം. തെല്ലുപോലും ചാഞ്ചല്യമോ കൂസലോ തീണ്ടാത്ത, പാറപോലെ ഉറച്ച, അദ്ദേഹത്തിന്റെ ആ മനോദാർഢ്യം, അദ്ദേഹത്തെ കൊളോണിയൽ-അർദ്ധകൊളോണിയൽജനതയുടെ ഏററവും വിലപ്പെട്ട ഗുണങ്ങളുടെ പതാകാവാഹകനാക്കി. ബഹുഭൂരിപക്ഷം ബഹുജനങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ട്, സാംസ്കാരികമുന്നണിയിൽ ശത്രുവിന്റെ നേക്ക് ആഞ്ഞുകയറിയ ഏററവും ശൂരനും, ഏററവും ദൃഢചിത്തനും, ഏററവും സത്യസന്ധനും, ഏററവും ശരിയായവനും, ഏററവും ഉന്മേഷവാനും, ചരിത്രത്തിൽ അനുപമനുമായ ഒരു ദേശീയവീരകേസരിയായിരുന്നു ലൂസിൻ. ലൂസിന്റെ നേതൃത്വമാണു ചൈനീസ്‌രാഷ്ട്രത്തിന്റെ പുതിയ സംസ്കാരത്തിന്റെ നേതൃത്വം.

മേയ് 4 പ്രസ്ഥാനത്തിനുമുമ്പ് ചൈനയിലെ പുതിയ സംസ്കാരം, പഴയ ജനാധിപത്യത്തിന്റെ സ്വഭാവം വഹിച്ചിരുന്നതും ലോകബൂർഷ്വാസിയുടെ മുതലാളിത്ത സാംസ്കാരികവിപ്ലവത്തിന്റെ ഒരു ഭാഗവുമായിരുന്നു. അതിന്നുശേഷമാകട്ടെ, അതു പുതിയ ജനാധിപത്യത്തിന്റെ സ്വഭാവമുൾക്കൊള്ളുന്നതും ലോകതൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യലിസ്ററുസാംസ്കാരികവിപ്ലവത്തിന്റെ ഒരു ഭാഗവുമാകുന്നു.

മേയ് 4 പ്രസ്ഥാനത്തിന്നുമുമ്പു പുതിയ സാംസ്കാരികപ്രസ്ഥാനത്തിന്റെ, സാംസ്കാരികവിപ്ലവത്തിന്റെ, നേതൃത്വം ബൂർഷ്വാസിക്കായിരുന്നു. ബൂർഷ്വാനേതൃത്വത്തിന്റെ പ്രാധാന്യം അക്കാലത്തു പിന്നെയും കുറേക്കൂടി അവശേഷിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ മേയ് 4 പ്രസ്ഥാനത്തിനു ശേഷമാകട്ടെ, ബൂർഷ്വാസിയുടെ സാംസ്കാരികചിന്താഗതി ബൂർഷ്വാരാഷ്ട്‌രചിന്താഗതിയെക്കാളും പുറകിലായിപ്പോയി; അതോടുകൂടി അതു സാംസ്കാരികപ്രസ്ഥാനത്തിന്റെ നേതാവല്ലാതായി. വിപ്ലവഘട്ടത്തിൽ, അതും ഒരതിർത്തിവരെ അതിന്നു സാംസ്കാരികസഖ്യത്തിലെ ഒരു സാധാരണാംഗമാവാമെന്നല്ലാതെ, നേതൃത്വത്തിന്നർഹതയില്ലായിരുന്നു. ആ സഖ്യത്തിന്റെ നേതൃത്വം തൊഴിലാളിവർഗ്ഗസാംസ്കാരികചിന്താഗതിക്കാണ്. ഉരുക്കുപോലെ ഉറച്ച ഒരു പരമാർത്ഥമാണിതു്. ഒരാൾക്കും നിഷേധിക്കാനാവില്ല.

പുതിയ ജനാധിപത്യസംസ്കാരമെന്നുവെച്ചാൽ സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധബഹുജന-ജനകീയസംസ്കാരമാണ്. ഇന്നതു ജാപ്പുവിരുദ്ധഐക്യമുന്നണിയുടെ സംസ്കാരമാണ്. അതിന്റെ നേതൃ

ത്വം തൊഴിലാളിവർഗ്ഗസാംസ്കാരികചിന്താഗതിയുടെ, അതായത്, കമ്മ്യൂണിസ്റ്റചിന്താഗതിയുടെ, ഹസ്തങ്ങളിലാവാനേ തരമുള്ളു; മററു യാതൊരു വർഗ്ഗത്തിൻെറ ചിന്താഗതിക്കും അതിനെ നയിക്കാൻ കഴിവില്ല. ഒററവാചകത്തിൽ പറഞ്ഞാൽ, "പുതിയ ജനാധിപത്യ സംസ്കാരം, തൊഴിലാളിവർഗ്ഗനേതൃത്വത്തിലുള്ളതും സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധവുമായ ബഹുജന-ജനകീയസംസ്കാരമാണ്."

## XIII

### നാലു ഘട്ടങ്ങൾ

ഏതൊരു സാംസ്കാരികവിപ്ലവവും ഒരു പ്രത്യേക രാഷ്ട്രീയ-സാമ്പത്തികവിപ്ലവത്തിൻെറ ആശയപരമായ പ്രതിഫലനവും അതിനെ സേവിക്കുന്നതുമാണ്. അതുകൊണ്ടു ചൈനയിൽ സാംസ്കാരികവിപ്ലവവും, രാഷ്ട്രീയരംഗത്തിലെന്നപോലെ ഒരൈക്യമുന്നണിയുടെ ആവശ്യം ഊന്നുന്നു.

കഴിഞ്ഞ 20 കൊല്ലത്തെ സാംസ്കാരികവിപ്ലവത്തിൻെറ ഐക്യമുന്നണിയുടെ ചരിത്രത്തെ നാലുഘട്ടമായി വിഭജിക്കാം—1919 മുതൽ 1921 വരെയുള്ള ഒന്നാംഘട്ടം; 1921 മുതൽ 1927 വരെയുള്ള രണ്ടാംഘട്ടം; 1927 മുതൽ 1936 വരെയുള്ള മൂന്നാംഘട്ടം; 1937 മുതൽ ഇന്നുവരെയുള്ള നാലാംഘട്ടം.

1919 മേയ് 4 പ്രസ്ഥാനംമുതൽ 1921-ൽ ചൈനീസ്കമ്മ്യൂണിസ്റ്റ്പാർട്ടി രൂപമെടുക്കുന്നതുവരെയുള്ള ഘട്ടമാണ് ഒന്നാംഘട്ടം; ഈ ഘട്ടത്തിൽ മേയ് 4 പ്രസ്ഥാനമായിരുന്നു സമരത്തിൻെറ പ്രധാന കൊടിക്കൂറ.

മേയ് 4 പ്രസ്ഥാനം സാമ്രാജ്യത്വത്തിന്നും നാടുവാഴിത്തത്തിന്നും എതിരായ ഒരു പ്രസ്ഥാനമായിരുന്നു. അതിൻെറ ചരിത്രപ്രാധാന്യം, 1911-ലെ വിപ്ലവത്തിന്നില്ലായിരുന്ന ഒരു പ്രത്യേകഗുണവിശേഷത അതിന്നുണ്ടായിരുന്നുവെന്നതാണ്—അതായത്, സാമ്രാജ്യത്വത്തിന്നും നാടുവാഴിത്തത്തിന്നുമെതിരായ സമരത്തിൽ അതു കാണിച്ച സന്ധിയില്ലായ്മയും പൂർണ്ണതയും. മേയ് 4 പ്രസ്ഥാനത്തിന്ന് ഈ സവിശേഷതയുണ്ടാവാനുള്ള കാരണമാകട്ടെ, അന്നു മുതലാളിത്തപരമായ സാമ്പത്തികഘടന അതിൻെറ വളർച്ചയിൽ ഒരു പുതിയ പടവു കടന്നുകഴിഞ്ഞി

തുന്നുവെന്നതും റഷ്യ, ജമ്മനി, ആസ്ട്രേലിയ എന്നീ മൂന്നു വൻകിടസാമ്രാജ്യത്വരാഷ്ട്റങ്ങളുടെ നാശവും ബ്രിട്ടൻ, ഫ്റാൻസ് എന്നിവയുടെ തകൎച്ചയും, റഷ്യൻതൊഴിലാളിവർഗ്ഗത്തിൻെറ സോഷ്യലിസ്റ്റ്രാഷ്ട്റനിമ്മാണവും, ജമ്മനിയിലും ആസ്ട്രിയാഹങ്കറിയിലും ഇററലിയിലും മററുമുണ്ടായ തൊഴിലാളിവിപ്ലവങ്ങളും ചൈനയിലെ വിപ്ലവകാരികളായ ബുദ്ധിജീവികളെ നേരിട്ടു പിടിച്ചുകുലുക്കിയെന്നതുമായിരുന്നു. ഇതെല്ലാംതന്നെ ചൈനീസ്രാഷ്ട്റത്തിൻെറ വിമോചനത്തെസ്സംബന്ധിച്ച് അവരിൽ പുതിയ ആശകൾ അങ്കുരിപ്പിച്ചു. ഇങ്ങനെ, ഈ ലോകവിപ്ലവവേലിയേററത്തിൻേറയും, ലെനിൻേറയും റഷ്യൻവിപ്ലവത്തിൻേറയും ആഹ്വാനമനുസരിച്ചും അക്കാലത്തെ തൊഴിലാളിവിപ്ലവത്തിൻെറ ഒരു ഭാഗമെന്ന നിലയ്ക്കുമാണ് മേയ് 4 പ്രസ്ഥാനം പൊട്ടിപ്പുറപ്പെട്ടതു്. മേയ് 4 പ്രസ്ഥാനത്തിൽ, അന്നു നമുക്കു് ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിയെന്ന നിലയ്ക്കു പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിലും (അന്നു പാർട്ടി ഉണ്ടായിക്കഴിഞ്ഞിരുന്നില്ലല്ലോ), കമ്മ്യൂണിസത്തിൻെറ പ്രാഥമികജ്ഞാനമുൾക്കൊണ്ടിരുന്നവരും റഷ്യൻവിപ്ലവത്തെ അംഗീകരിച്ചിരുന്നവരുമായ, വിപ്ലവകാരികളായ, ഒട്ടനേകംപേർ ആ ബുദ്ധിജീവികൾക്കിടയിലുണ്ടായിരുന്നു. ആരംഭത്തിൽ ഈ മേയ് 4 പ്രസ്ഥാനം മൂന്നുതരം ജനവിഭാഗങ്ങളുടെ, അതായതു് കമ്മ്യൂണിസ്റ്റ്ബുദ്ധിജീവിവിഭാഗം, പെററിബൂഷ്വാബുദ്ധിജീവിവിഭാഗം, ബൂഷ്വാബുദ്ധിജീവിവിഭാഗം (ഈ ഒടുക്കം പറഞ്ഞതു് അതിൻെറ വലതുപക്ഷമായിരുന്നു) എന്നിവയുടെ, ഒരു വിപ്ലവഐക്യമുന്നണിപ്രസ്ഥാനമായിരുന്നു. തൊഴിലാളികളും കൃഷിക്കാരുമില്ലാതെ, ബുദ്ധിജീവികൾമാത്രമേ അതിലുൾക്കൊണ്ടിരുന്നുള്ളുവെന്നതാണ് അതിൻെറ കുറവു്. എന്നാൽ ജൂൺ 3 പ്രസ്ഥാനമായി അതു വളർന്നതോടുകൂടി ബുദ്ധിജീവികൾക്കുപുറമേ തൊഴിലാളികൾ, പെററിബൂഷ്വാസി, ബൂഷ്വാസി എന്നിങ്ങനെ വിപുലമായ ബഹുജനങ്ങൾ അതിൽ പങ്കെടുക്കുകയും പ്രസ്ഥാനം ദേശവ്യാപിയായ ഒരു വിപ്ലവപ്രസ്ഥാനമായി മാറുകയും ചെയ്തു. മേയ് 4 പ്രസ്ഥാനത്തെപ്പോലെ നാടുവാഴിത്തസംസ്കാരത്തെ ഇത്ര നീക്കുപോക്കില്ലാതെ എതിർത്തതും പൂർണ്ണവും മഹനീയവുമായ ഒരു സാംസ്കാരികവിപ്ലവം ചൈനീസ്ചരിത്രത്തിലതുവരെയുണ്ടായിട്ടില്ല. താഴെക്കൊടുക്കുന്ന രണ്ടു മുദ്രാവാക്യങ്ങളിലാണ് അതു് ഇത്രയധികം വിജയം നേടിയതു്: പഴയ ധമ്മശാസ്ത്രത്തിനും സദാചാരബോധത്തിനും പകരം പുതിയ ധമ്മശാസ്ത്രവും സദാചാരബോധവും; പഴയ സാഹിത്യത്തിനു പകരം പുതിയ സാഹിത്യം. എന്നാൽ, തൊഴിലാളി-കർഷകബഹുജനങ്ങളുടെ ഇടയിൽ

ലേക്കിറങ്ങിച്ചെല്ലത്തക്ക വിശാലത അന്നത്തെ സാംസ്കാരികപ്രസ്ഥാനത്തിന്നില്ലായിരുന്നു. "ജനകീയസാഹിത്യം", "സാധാരണക്കാരുടെ സാഹിത്യം" എന്നീ മുദ്രാവാക്യങ്ങൾ അതു മുമ്പോട്ടു കൊണ്ടുവന്നിരുന്നില്ല; "സാധാരണക്കാരെ"ന്നു പറയപ്പെട്ടുന്നവരുടെ പരിധി യഥാർത്ഥത്തിൽ അന്നു നഗരപെററിബൂർഷ്വാസിയുടേയും ബൂർഷ്വാബുദ്ധിജീവിവിഭാഗത്തിൻേറയും മാത്രമായി ഒതുക്കി നിർത്തിയിരിക്കയായിരുന്നു. ഇങ്ങനെയായിട്ടുകൂടി മേയ് 4 പ്രസ്ഥാനം, 1921-ൽ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപനത്തിന്നു വേണ്ട ആശയങ്ങളേയും കേഡറുകളേ(പൂർണ്ണമായ അർത്ഥത്തിലുള്ള പ്രവർത്തകർ)യും സജ്ജമാക്കി; മേയ് 30 പ്രസ്ഥാനത്തിന്നും വടക്കൻയുദ്ധയാത്രയുടെ ആഗമനത്തിന്നും അതു വഴിവെട്ടിത്തന്നു. മേയ് 4 പ്രസ്ഥാനത്തിന്നിടയ്ക്കുതന്നെ ബൂർഷ്വാബുദ്ധിജീവികൾ അതിൻേറ വലതുപക്ഷമായിരുന്നുവെന്നു പറഞ്ഞുവല്ലോ. എന്നാൽ അതിൻേറ രണ്ടാംഘട്ടം വന്നതോടുകൂടി അവരിൽ ഭൂരിഭാഗവും ശത്രുവുമായി സന്ധിചെയ്തു പിന്തിരിപ്പന്മാരായി മാറി.

കമ്യൂണിസ്റ്റ്പാർട്ടിയുടെ സ്ഥാപനം 1925 മേയ് 30 പ്രസ്ഥാനം, വടക്കൻയുദ്ധയാത്ര—ഇതെല്ലാം രണ്ടാംഘട്ടത്തെക്കുറിക്കുന്നു. മേയ് 4 പ്രസ്ഥാനത്തോടുകൂടിയുണ്ടായ മൂന്നു വർഗ്ഗങ്ങളുടെ ഐക്യമുന്നണി ഈ ഘട്ടത്തിൽ പിന്നേയും തുടരുകയും വളരുകയും ചെയ്തു് രാഷ്ട്രീയരംഗത്തിൻേറ ഐക്യമുന്നണി സാദ്ധ്യമാക്കി: അതായതു്, ഒന്നാമത്തെ കൂമിന്താങ്ങ്-കമ്യൂണിസ്റ്റ്ഐക്യം. ഡാ: സൺ-യെററ്-സെന്നിൻേറ മഹിമ കിടക്കുന്നതു് 1911-ലെ വിപ്ലവം (അതു പഴയ ഘട്ടത്തിലെ ജനാധിപത്യവിപ്ലവമാണെന്നിരുന്നാലും) നയിച്ചുവെന്നതിൽ മാത്രമല്ല. പിന്നെയോ? "ലോകവളർച്ചയുടെ പൊതുപ്രവാഹത്തിന്നും ബഹുജനങ്ങളുടെ ആവശ്യത്തിന്നും ഒത്തവിധം സ്വന്തം നില മാററുവാൻ" അദ്ദേഹത്തിന്നു കഴിഞ്ഞുവെന്നതിൽക്കൂടിയാണ്; സോവിയററുയൂനിയനുമായി സഖ്യം, കമ്മ്യൂണിസ്ററുകാരുമായി ഐക്യം, തൊഴിലാളികൾക്കും കൃഷിക്കാർക്കും സംരക്ഷണവും സഹായവും എന്ന മൂന്നു വിപ്ലവകരമായ നയങ്ങളോടുകൂടി മൂന്നു ജനകീയതത്വങ്ങളെ തിരുത്തിയെഴുതിയെന്നതിൽക്കൂടിയാണ്. അന്നേവരെ വിദ്യാഭ്യാസകേന്ദ്രങ്ങളിലും സാംസ്കാരികസ്ഥാപനങ്ങളിലും യുവാക്കൾക്കിടയിലും ഈ മൂന്നു ജനകീയതത്വങ്ങൾക്കു് വലിയ സ്ഥാനമൊന്നുമുണ്ടായിരുന്നില്ല; കാരണം, സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധമുദ്രാവാക്യങ്ങളെ അതു മുന്നോട്ടുകൊണ്ടുപോയിരുന്നില്ല. ഏതാനും ചില ആളുകൾക്കു് അ

ധികാരം പിടിച്ചുപററാനോ, "ഉദ്യോഗസ്ഥമേധാവിതപമണ്ഡല ത്തിൽ കയറിക്കൂടാനോ" വേണ്ടിയുള്ള ഒരു കൊടിക്കൂറയായിമാത്രം ജനങ്ങളെ താല്ക്കാലികമായി ഉപയോഗപ്പെടുത്തുന്ന പഴയ മൂന്നു ജന കീയതതപങ്ങളായിരുന്നു അന്നേവരെ അതു്. മററൊരു വാചകത്തിൽ പറഞ്ഞാൽ അതുവരെയും ശുദ്ധരാഷ്ട്രീയപ്രവത്തനത്തിൻെറ കൊടി ക്കൂറയായി മാത്രമാണവ പരിഗണിക്കപ്പെട്ടിരുന്നതു്. എന്നാൽ പുതിയ മൂന്നു വിപ്ലവകരമായ നയങ്ങളോടുകൂടി അതു പുതുക്കിയെഴുതപ്പെട്ട തുമുതൽ, ക്കുമിന്താങ്ങ-കമ്മ്യൂണിസ്ററുഐക്യത്തിൻേറയും ഇരുകക്ഷി കളിലേയും അംഗങ്ങളുടെ അദ്ധ്വാനങ്ങളുടേയും ഫലമായി, രാഷ്ട്ര ത്തിലെ ബഹുജനങ്ങളുടെ ഇടയിൽ അതു വമ്പിച്ച തോതിൽ പടന്നു പിടിച്ചു; വിദ്യാഭ്യാസ-സാംസ്കാരിക കേന്ദ്രങ്ങളുടെ ഒരു വിഭാഗത്തി ലും വിപുലമായ യുവജനങ്ങളുടെയിടയിലും അതു വേരൂന്നിപ്പിടിച്ചു. പുതിയ ജനാധിപത്യത്തിൻെറ മൂന്നു ജനകീയതതപങ്ങളായതുകൊണ്ടാ ണു്, സാമ്രാജ്യതപ-നാടുവാഴിത്തവിരുദ്ധജനകീയതതപങ്ങളായതു കൊണ്ടാണു് അവയുണ്ടായിത്തു കഴിഞ്ഞതു്. ആ വികാസവും വളച്ചയും അ തിന്നില്ലായിരുന്നുവെങ്കിൽ, മൂന്നു ജനകീയതതപങ്ങളുടെ ആശയപ്രച രണം തികച്ചും അസാദ്ധ്യമായേനെ.

ഈ ഘട്ടത്തിലാവട്ടെ; വിപ്ലവകരമായ ഈ മൂന്നു ജനകീയതതപ ങ്ങൾ ക്കുമിന്താങ്ങ്-കമ്മ്യൂണിസ്ററുഐക്യത്തിൻേറയും മററുപല വി പ്ലവകാരിവഗ്ഗങ്ങളുടേയും ഏകീകരണത്തിൻേറയും രാഷ്ട്രീയാടി സ്ഥാനമായിത്തീന്നിരിക്കുന്നു. "കമ്മ്യൂണിസം മൂന്നു ജനകീയതതപങ്ങളു ടെ ഉററചങ്ങാതിയാണു്." ഈ രണ്ടു പ്രമാണങ്ങളും ഒരു ഐക്യമുന്ന ണിയായി ഏകീകരിച്ചു. വർഗ്ഗങ്ങളുടെ കൂട്ടുകെട്ടു നോക്കുകയാണെ ങ്കിൽ, മൂന്നു വഗ്ഗങ്ങളടങ്ങിയ ഒരു ഐക്യമുന്നണിയായിരുന്നു അതു്— തൊഴിലാളിവർഗ്ഗം, പെററിബൂർഷ്വാസി, ബൂർഷ്വാസി. ഷാങ്ങ്ഹാ യിലെ മിൻക്കുജിപാവ്നേയും മററു മുഖപത്രങ്ങളേയും ആയുധമായണി ഞ്ഞു് ഈ രണ്ടുപാർട്ടികളും കൂട്ടായി സാമ്രാജ്യതപവിരോധം പ്രചരിപ്പി ച്ചു; കൺഫ്യൂഷ്യസ്സിനെ പൂജിക്കുന്നതും ഇതിഹാസങ്ങളിലേക്കു മടങ്ങി പ്പോവാൻ പ്രേരിപ്പിക്കുന്നതും നാടുവാഴിത്തവിദ്യാഭ്യാസത്തെ എതിത്തു; പഴഞ്ചൻ നാടുവാഴിത്തസാഹിത്യത്തേയും പഴയ ശൈലിയിലുള്ള നാട്ടു കാർക്കു മനസ്സിലാവാത്ത പണ്ഡിതഭാഷയേയും എതിക്കുകയും പകരം സാമ്രാജ്യതപ-നാടുവാഴിത്തവിരുദ്ധസാഹിത്യവും പുതിയ പായ്-ഹ്വാ-ശൈലിയിലുള്ള നാട്ടുകാരുടെ ഭാഷയും മുന്നോട്ടു നീക്കുകയുംചെ

യ്തു. കേംങ്ങ്-ടാങ്ങ്യുദ്ധത്തിൻെറയും വടക്കൻയുദ്ധയാത്രയുടേയും അവസരത്തിൽ, ചരിത്രത്തിലാദ്യമായി പട്ടാളക്കാരുടെ ഇടയിലും സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധചിന്താഗതി കുത്തിവെച്ചു; അങ്ങനെ അവരെ മൌലികമായി മാററിയെടുത്തു. "നാണമില്ലാത്ത ഉദ്യോഗസ്ഥമേൽക്കോയ്മ നശിക്കട്ടെ", "ജന്മിമാരും ചോരകുടിയന്മാരും തുലയട്ടെ" എന്നീ മുദ്രാവാക്യങ്ങൾ ചരിത്രത്തിലൊന്നാമതായി കൃഷിക്കാരുടെ ഇടയിലേയ്ക്കു കടത്തിവിട്ട് അവിടെ എണ്ണമററ വിപ്ലവകരമായ കാർഷികസമരങ്ങൾ സംഘടിപ്പിച്ചു. ഇതെല്ലാംകൊണ്ടും, ഇതിന്നെല്ലാംപുറമേ സോവിയററുയൂണിയൻ നൽകിയ സഹായംകൊണ്ടും വടക്കൻയുദ്ധയാത്ര വിജയകരമായി. അധികാരത്തിലേക്കുയരാൻ തൊഴിലാളികളും കൃഷിക്കാരും ബൂർഷ്വാസിയെ സഹായിച്ചു; എന്നാൽ ബൂർഷ്വാസി വിപ്ലവത്തെ വിററുതിന്നു—അങ്ങനെ ഒരു പുതിയ രാഷ്ട്രീയപരിതഃസ്ഥിതിയുളവായി.

1927-മുതൽ 1936-വരെയുള്ള മൂന്നാംഘട്ടം ഒരു പുതിയ വിപ്ലവകാലഘട്ടമായിരുന്നു. രണ്ടാംഘട്ടത്തിൻെറ അവസാനത്തോടുകൂടിവിപ്ലവകാരികളുടെ ചേരിയിൽ ഒരു മാററം വന്നതു നാം മുമ്പുകണ്ടുവല്ലോ. ബൂർഷ്വാസി അതിൻെറ മുമ്പത്തെ ബന്ധുക്കളെയെല്ലാംവിട്ട് സാമ്രാജ്യത്വനാടുവാഴിത്തശക്തികളുടെ എതിർവിപ്ലവചേരിയിലേയ്ക്കു കാലുമാറി. മുമ്പു വിപ്ലവച്ചേരിയിൽ മൂന്നു വർഗ്ഗങ്ങളുണ്ടായിരുന്നുവെങ്കിൽ ഇന്നതു രണ്ടുവർഗ്ഗങ്ങളായി—തൊഴിലാളിവർഗ്ഗവും പെററിബൂർഷ്വാസിയും. (കൃഷിക്കാർ, വിപ്ലവകാരികളായ ബുദ്ധിജീവികൾ, മററു പെററിബൂർഷ്വാകൾ എന്നിവരെല്ലാം രണ്ടാമത്തു പറഞ്ഞതിലുൾപ്പെടുന്നു.) ഇതോടുകൂടി ചൈനീസ്‌വിപ്ലവം ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മാത്രം നേതൃത്വത്തിൻകീഴിൽ വളരാൻ കഴിയുന്ന ഒരു പുതിയ ഘട്ടത്തിലേക്കു കടക്കുന്നു. ഈ ഘട്ടത്തിനു വ്യക്തമായ രണ്ടു സവിശേഷതകളുണ്ട്: കമ്മ്യൂണിസ്റ്റുവിരോധപ്രസ്ഥാനം, കൊണ്ടുപിടിച്ചുനടക്കുന്നു; വിപ്ലവപ്രസ്ഥാനം കൂടുതൽകൂടുതൻ അണികളിലേക്കു പടന്നുപിടിക്കുന്നു. ഈ ഘട്ടത്തിൽ രണ്ടുതരം കമ്മ്യൂണിസ്റ്റുവിരോധപ്രവത്തനങ്ങളുണ്ടായിരുന്നു: പട്ടാളപരവും സംസ്കാരികവും. ഇതുപോലെതന്നെവിപ്ലവപ്രവാഹത്തിന്നും രണ്ടുമുഖങ്ങളുണ്ടായിരുന്നു: നാട്ടിൻപുറത്തെ ബഹുജനങ്ങളുടെ ഇടയിലേക്കുള്ള തുളഞ്ഞുകയററവും വമ്പിച്ച സാംസ്കാരികമുന്നേററവും. രണ്ടു മുഖങ്ങളുമുള്ള ഈ കമ്മ്യൂണിസ്റ്റുവിരുദ്ധപ്രസ്ഥാനത്തിനുവേണ്ടി ചൈനയിലേയും ലോകത്തിലേയും മുഴുവൻ പിന്തിരിപ്പൻശക്തികളും

സാമ്രാജ്യത്വചൊല്പടിക്കൊത്തു് അണിനിരന്നു; പത്തുകൊല്ലത്തോളം ഇതു നീണ്ടുനിന്നു. ചരിത്രത്തിലതുവരെ കാണാൻകഴിയാത്തത്ര ഭയങ്കരമായിരുന്നു അവരുടെ മൃഗീയതകളുടെ തോതു്. നൂറുനൂറുകണക്കിലാണ് കമ്മ്യൂണിസ്ററു് അംഗങ്ങളേയും വിദ്യാർത്ഥികളേയും അവർ കശാപ്പുചെയ്തതു്. ദശലക്ഷക്കണക്കിൽ തൊഴിലാളികളും കൃഷിക്കാരും അടിച്ചമർത്തപ്പെടുകയോ തുരത്തപ്പെടുകയോ ചെയ്തു. ഭരണാധികാരികളുടെ അന്നത്തെ കണക്കുകൂട്ടൽ ശരിയായിരുന്നെങ്കിൽ കമ്മ്യൂണിസവും കമ്മ്യൂണിസ്ററുകാരും നിശ്ശേഷം നാമാവശേഷമാവേണ്ടതായിരുന്നു. പക്ഷെ, സംഭവിച്ചതു നേരേമറിച്ചാണ്. അവരുടെ രണ്ടുതരം പ്രസ്ഥാനങ്ങളും ഒടുവിൽ തോററു തുന്നംപാടി. അവരുടെ ആ നീചമായ പട്ടാളാക്രമണത്തിൻെറ പ്രത്യാഘാതമെന്നോണം, ജപ്പാൻകാർക്കെതിരായി പടവെട്ടാനായി ചുവപ്പുസേന വടക്കോട്ടു മാർച്ചുചെയ്യുകയാണുണ്ടായതു്; അവരുടെ സാംസ്കാരികാക്രമണത്തിൻെറ പ്രത്യാഘാതമെന്നോണം ഡിസംബർ 9-ാം തീയതി ഒരു യുവജനപ്രസ്ഥാനം ഇരമ്പിക്കയറുകയാണുണ്ടായതു്; ചുരുക്കിപ്പറഞ്ഞാൽ സാർവ്വത്രികമായ ജനങ്ങളുടെ ഉയിർത്തെഴുന്നേല്പിന്ന് ഊക്കും ശീഘ്ററതയും നൽകുകയായിരുന്നു അവരുടെ ആക്രമണങ്ങളുടെയെല്ലാം പൊതുവായ അനുഭവം. മേല്പറഞ്ഞ ഫലങ്ങളെല്ലാം അവയുടെ സൃഷ്ടിപരമായ അർത്ഥത്തിലാണ്, കേട്ടോ. എന്നാൽ അവയുടെ നേരേമറിച്ചുള്ള, നാശകരമായ, അനുഭവമോ? ബലവാനായ ഒരു ശത്രു നാട്ടിൻെറ ഉള്ളിലേക്കു തുളച്ചുകയറിയെന്നതുതന്നെ. നമ്മുടെ നാട്ടിലെ ആളുകൾ ആ പത്തുകൊല്ലത്തെ കമ്മ്യൂണിസ്ററുവിരോധപ്രസ്ഥാനത്തെ ഇന്നും അറപ്പോടും വെറുപ്പോടുംകൂടി ആക്ഷേപിക്കുന്നതിൻെറ അടിസ്ഥാനം ഇതാണ്. ഈ ഘട്ടത്തിലെ ഏററവും അത്ഭുതകരമായ ഒരു സംഗതി, ക്വമിന്താങ്ങിൻെറ സാംസ്കാരികാക്രമണത്തെ ഫലപ്രദമായി തിരിച്ചടിക്കാൻ സാധിക്കുമായിരുന്ന സാംസ്കാരികസംഘടനകളിൽ കമ്മ്യൂണിസ്ററുകാർ യാതൊരു സ്ഥാനവും വഹിച്ചില്ലെന്നതാണ്. എന്നിട്ടും, അവിടേയും ക്വമിന്താങ്ങ് തോററു കീലടിച്ചു. നമ്മുടെ ഉറച്ച ചിന്തയ്ക്കു വിഷയമാകേണ്ടതായ ഒന്നല്ലേ ഇതു്? ക്വമിന്താങ്ങ് കമ്മ്യൂണിസ്ററുകാർക്കെതിരായി നടത്തിക്കൊണ്ടിരുന്ന പട്ടാളപരവും സാംസ്കാരികവുമായ ഈ കൊന്നൊടുക്കൽപ്രസ്ഥാനത്തിൻെറ മദ്ധ്യത്തിൽനിന്നാണ്, കമ്യൂണിസത്തിൽ വിശ്വസിക്കുന്ന ലൂസിൻ ചൈനയിലെ സാംസ്കാരികവിപ്ലവത്തിൻെറ അജയ്യനേതാവായുയർന്നതെന്ന സംഗതിയും ഇവിടെ ശ്രദ്ധേയമാണ്.

സാമ്രാജ്യത്വ നാടുവാഴിത്തവിരുദ്ധവും ജനകീയവുമായ 'പുതിയ ജനാധിപത്യത്തിന്റെ, പുതിയ മൂന്നു ജനകീയതത്വങ്ങളുടെ വിപ്ലവപ്പേരിയിലുള്ള ഉറച്ചുനില്പും, സാമ്രാജ്യത്വചൊല്പടിക്കനുസരിച്ചു വാണിരുന്ന ചൈനീസ് ജന്മി-മുതലാളിസഖ്യത്തിന്റെ എതിർവിപ്ലവച്ചേരിയിൽനിന്നുള്ള സ്വേച്ഛാധിപത്യവും തമ്മിൽ നടന്ന സമരമാണ് ഈ ഘട്ടത്തിലെ സമരം. ഈ ജന്മി-മുതലാളിസ്വേച്ഛാധിപത്യം ഡാ: സണ്ണിന്റെ മൌലികമായ മൂന്നു നയങ്ങളേയും പുതിയ മൂന്നു ജനകീയതത്വങ്ങളേയും കൊന്നൊടുക്കുകയാണു ചെയ്തതു്. ചൈനയനുഭവിക്കേണ്ടിവന്ന ഭയങ്കരമായ ദേശീയവിപത്തുകൾക്കും ആ സ്വേച്ഛാധിപത്യംതന്നെ ഉത്തരവാദിത്വം വഹിക്കണം.

ചൈനയുടെ സാംസ്കാരികവിപ്ലവത്തിന്റെ നാലാംഘട്ടം ഇപ്പോഴത്തെ ജാപ്പുവിരുദ്ധചെറുത്തുനില്പുയുദ്ധഘട്ടമാണ്. പൊന്തിയും താണുമിരുന്ന ചൈനീസ് വിപ്ലവപ്രസ്ഥാനം, ഈ ഘട്ടത്തിൽ വീണ്ടുമിതാ, മൂന്നു വർഗ്ഗങ്ങൾകൂടിയ ഐക്യമുന്നണിയുണ്ടാക്കിയിരിക്കുന്നു. ഇത്തവണ ഈ ഐക്യമുന്നണിയുടെ പരിധി വളരെ വിപുലമാണ്. ഭരണാധികാരികളടക്കമുള്ള ഉപരിവർഗ്ഗവും, എല്ലാ പെററിബൂർഷ്വാകളുമുള്ള മദ്ധ്യവർഗ്ഗവും, മുഴുവൻ തൊഴിലാളികളുമടങ്ങുന്ന താഴ്ന്നവർഗ്ഗവുമെല്ലാമതിലുമുണ്ടു്. ചുരുക്കത്തിൽ, രാഷ്ട്റത്തിലെ എല്ലാ വർഗ്ഗങ്ങളും എല്ലാ വിഭാഗങ്ങളും, ജാപ്പ്സാമ്രാജ്യവാദികൾക്കെതിരായി അടിയുറച്ചു ചെറുത്തുനില്ക്കാനുള്ള ഈ സഖ്യത്തിൽ അണിനിരന്നിരിക്കുന്നു. ഈ ഘട്ടത്തിന്റെ ഒന്നാമത്തെ ഉപഘട്ടം ഹാങ്കോവിന്റെ പതനംവരെയായിരുന്നു. ആ അവസരത്തിൽ രാഷ്ട്റത്തിന്റെ എല്ലാ തുറകളിലും ആവേശകരവും ഉത്സാഹജനകവുമായ ഒരു സ്ഥിതിയായിരുന്നു ഉണ്ടായിരുന്നതു്. രാജ്യത്തിലെ രാഷ്ട്റീയജീവിതം അധികമധികം ജനാധിപത്യപരമാവാനുള്ള ഒരു വാസന കാണിച്ചിരുന്നു; സാംസ്കാരികരംഗത്തിൽ സാർവ്വത്രികമായ ഒരു മുന്നേററവും നാം ദർശിച്ചിരുന്നു. ഹാങ്കോവിന്റെ പതനത്തിനുശേഷമുള്ള രണ്ടാം ഉപഘട്ടത്തിലാകട്ടെ, നമ്മുടെ നാട്ടിലെ രാഷ്ട്രീയജീവിതത്തിൽ ഒട്ടധികം മാററങ്ങളുണ്ടായി. വൻകിടബൂർഷ്വാസിയുടെ ഒരുവിഭാഗം ശത്രുവിന്നു കീഴടങ്ങി; മറെറാരു വിഭാഗം ഈ ചെറുത്തുനില്പവസാനിപ്പിക്കാൻ ആഗ്രഹിച്ചു, ഇപ്പോഴും ആഗ്രഹിച്ചുകൊണ്ടുമിരിക്കുന്നു. ഇതിന്റെ പ്രതിഫലനമെന്നോണം സാംസ്കാരികരംഗത്തിലിതാ, യെഹ്ചിങ്ങിന്റേയും കൂട്ടാളികളുടേയും പിന്തിരിപ്പൻപ്രസംഗങ്ങളും പ്രസംഗ-പത്രസ്വാതന്ത്ര്യമർദ്ദനവും നടക്കുന്നു.

ഈ കുഴപ്പം തീക്കണമെങ്കിൽ, ചെറുത്തുനില്പിന്നും ഐക്യത്തിനും പുരോഗതിക്കുമെതിരായ എല്ലാ ആശയഗതികളോടും സുദൃഢം പോരാടേണ്ടിയിരിക്കുന്നു. ആ പിന്തിരിപ്പൻചിന്താഗതികളെ തച്ചുതമത്തിയല്ലാതെ ചെറുത്തുനില്പുയുദ്ധത്തിൻെറ വിജയത്തെപ്പററി ചിന്തിക്കാനേ കഴിയില്ല. നാട്ടിലെ മുഴുവൻ ബഹുജനങ്ങളുടേയും മനസ്സിലിന്നുള്ള ചോദ്യമിതാണ്: "എന്തായിരിക്കുമാവോ, ഈ സമരത്തിൻെറ ഭാവി?" ദേശീയവും സാവ്വദേശീയവുമായ സ്ഥിതിഗതികൾവെച്ചു നോക്കുമ്പോൾ നമുക്കിന്നു തീത്തുപറയാൻ കഴിയും, ചെറുത്തുനില്പിൻെറ മാർഗ്ഗത്തിൽ എന്തെന്തു തടസ്സങ്ങളുണ്ടായാലും വിജയം ചൈനീസ്ജനതയുടെയാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ലെന്ന്. മേയ് 4 പ്രസ്ഥാനത്തിന്നുശേഷം ഈ ഇരുപതുകൊല്ലത്തിന്നുള്ളിലുണ്ടായിട്ടുള്ള പുരോഗതി, അതിന്നു മുമ്പത്തെ 80 കൊല്ലത്തെ പുരോഗതിയെ മാത്രമല്ല, അതിന്നും മുമ്പത്തെ ആയിരക്കണക്കിൽ കൊല്ലങ്ങളിലെ ചൈനീസ്ചരിത്രത്തെപ്പോലും കവച്ചുവെയ്ക്കുന്നുണ്ട്. ഈ അടിസ്ഥാനത്തിൽ ഇനിയും ഒരു 20 കൊല്ലംകൂടി നാമിങ്ങനെ അദ്ധ്വാനിക്കുകയാണെങ്കിൽ എന്തുമാത്രം പുരോഗതി നമുക്കുണ്ടാക്കാൻ കഴിയുമെന്നു നിങ്ങൾക്കൊന്നു പ്രവചിക്കാമോ? ദേശീയവും സാവ്വദേശീയവുമായ കറുത്ത ശക്തികളുടെ മരണപ്പിടച്ചിലാണ് ഈ ദേശീയവിപത്തിനെല്ലാം കാരണം. കറുത്ത ശക്തികൾ ഇപ്പോഴും ശക്തമാണെന്നതിൻേറയും ഗതികെട്ട അവർ ഒരവസാന സമരത്തിന്നൊരുങ്ങുകയാണെന്നതിൻേറയുമെന്നപോലെതന്നെ ജനങ്ങളുടെ വിജയം ആസന്നമായിരിക്കുന്നുവെന്നതിൻെറകൂടി തെളിവാണ് ആ മരണവെപ്രാളം. പൗരസ്ത്യരാജ്യങ്ങളെസ്സംബന്ധിച്ചു മാത്രമല്ല, മുഴുവൻ ലോകത്തെ സംബന്ധിച്ചും ഇതു പരമാത്ഥമാകുന്നു.

## XIV

### സാംസ്കാരികപ്രസ്ഥാനത്തിൻെറ സ്വഭാവത്തെ സംബന്ധിച്ച്

തീവ്രമായ സമരത്തിലൂടെയല്ലാതെ യാതൊന്നും നേടുവാൻ സാദ്ധ്യമല്ല. പുതിയ സംസ്കാരത്തിന്നും ഇതു ബാധകമാണ്. കഴിഞ്ഞ 20 കൊല്ലത്തിനിടയ്ക്ക്, വളഞ്ഞും പുളഞ്ഞുമുള്ള മൂന്നു പതനത്തിലൂടെ ചരിത്രം കടന്നുപോയി. ഇതിലിടയ്ക്കു കൊള്ളാവുന്നവരും അല്ലാത്തവരുമായ എത്രയോ പേർ തുറന്ന പരിശോധനയ്ക്കും വിധിയ്ക്കും വിധേയമായി.

രാഷ്ട്രീയാധികാരപ്രശ്നത്തിലെന്നപോലെ സാംസ്കാരികരംഗത്തിലും ബൂർഷ്വാസിയിലെ മൂരാച്ചികൾ ഇടപെട്ടവിധം തീരെ തെററായതും കുററകരവുമായിരുന്നു. പുതിയ കാലഘട്ടത്തിൻെറ ചരിത്രപരമായ പ്രത്യേകതകളെസ്സംബന്ധിച്ചിടത്തോളം അവർ അജ്ഞരാണ്; പുതിയ ജനാധിപത്യത്തിൻെറ പുതിയ മൂന്നു ജനകീയതത്വങ്ങളുടെ, ജനകീയസംസ്കാരം ബഹുജനങ്ങളുടേതാണെന്ന തത്വവും അവർ അംഗീകരിക്കാൻ കൂട്ടാക്കുന്നില്ല. അവരുടെ വീക്ഷണകോണം തുടങ്ങുന്നതുതന്നെ ബൂർഷ്വാസേച്ഛാധിപത്യത്തിൽനിന്നാണ്; ഇതിനാണ് "ബൂർഷ്വാസാംസ്കാരികസേച്ഛാധിപത്യ"മെന്നു സാംസ്കാരികഭാഷയിൽ പറയുന്നതു്. യൂറോപ്പിലും അമേരിക്കയിലും വിദ്യാഭ്യാസം സിദ്ധിച്ചവരെന്നു പറയപ്പെടുന്ന ആ ബൂർഷ്വാസാംസ്കാരികനേതാക്കളിലൊരുവിഭാഗം (ഒരു വിഭാഗമെന്നേ ഞാനിവിടെ പറയുന്നുള്ളു) മുമ്പ് "കമ്മ്യൂണിസ്ററുസംസ്കാരത്തെ അടിച്ചമർത്താൻ" ഗവമ്മെണ്ടിനു കൂട്ടുനിന്നു; അവരിപ്പോഴും "കമ്മ്യൂണിസ്ററുകാരെ നിരോധിക്കുക," "കമ്മ്യൂണിസ്ററുകാരെ പിരിച്ചുവിടുക" മുതലായ ഇന്നത്തെ ഗവമ്മെണ്ടുനയത്തേയും പിന്താങ്ങുന്നതായി തോന്നുന്നു. തൊഴിലാളികളും കൃഷിക്കാരും രാഷ്ട്രീയാധികാരത്തിലേക്കുയരുന്നതു സഹിക്കാൻ കഴിയാത്തതുപോലെത്തന്നെ, അവർ സാംസ്കാരികമണ്ഡലത്തിലേക്കുയരുന്നതും ഇക്കൂട്ടർക്കു പൊറുക്കാൻ സാധിക്കുന്നില്ല. എന്നാൽ ബൂർഷ്വാസിയുടെ ഈ സാംസ്കാരികസേച്ഛാധിപത്യവും അവരുടെ രാഷ്ട്രീയംപോലെ നടപ്പിലാവാൻ പോകുന്നില്ല; കാരണം, ദേശീയമായും സാവ്വദേശീയമായും അതിനു നില്ക്കള്ളിയില്ല. അതുകൊണ്ടു് അവർ തങ്ങളുടെ സാംസ്കാരികസേച്ഛാധിപത്യവും "കെട്ടുകെട്ടുക"യാണ് ഉത്തമം.

ദേശീയസംസ്കാരത്തിൻെറ നേതൃത്വത്തെസ്സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സോഷ്യലിസ്ററുസംസ്കാരമായിരിക്കില്ല അതു്. ഇന്നത്തെ സംസ്കാരം സോഷ്യലിസ്ററാണെന്നോ, ആവണമെന്നോ, ധരിക്കുന്നതു് അബദ്ധമാണ്. കമ്യൂണിസത്തിൻെറ വീക്ഷണകോണത്തെ പാർട്ടിയുടെ പ്രായോഗികമായ അടിയന്തിരപരിപാടിയുമായി കൂട്ടിക്കുഴയ്ക്കുവാൻ പാടില്ലെന്നു മനസ്സിലാവായ്കയിൽനിന്നാണ് ഈ ആശയക്കുഴപ്പം ഉളവാകുന്നതു്. ജനാധിപത്യവിപ്ലവകാലഘട്ടത്തിൽ ദേശീയവിദ്യാഭ്യാസവും ദേശീയസംസ്കാരവും ഉയർത്തിപ്പൊക്കേണ്ടതെങ്ങനെയെന്നു പഠിക്കുവാനാണ് കമ്യൂണിസത്തിൻെറ വീക്ഷണകോണം, അതിൻെറ പരിശോധനാമാർഗ്ഗം, ഉപകരിക്കുക. സോഷ്യലിസ്ററുദേശീയസം

സ്കാരം സോഷ്യലിസ്ററുരാഷ്ട്റീയ-സാമ്പത്തികഘടനയുടെ പ്രതിഫലനമാവണമല്ലോ; ഇതു നമുക്കുണ്ടായിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ഒരു സോഷ്യലിസ്ററുദേശീയസംസ്കാരം ഇന്നസാദ്ധ്യമാണു്. പക്ഷെ, അതേസമയംതന്നെ, ചൈനയിലെ ഇന്നത്തെ വിപ്ലവം ലോകതൊഴിലാളിസോഷ്യലിസ്ററു വിപ്ലവത്തിൻെറ ഒരു ഭാഗമായതുകൊണ്ടു്, സ്വാഭാവികമായും ചൈനയിലെ ഇന്നത്തെ പുതിയ സംസ്കാരം ലോകതൊഴിലാളിസോഷ്യലിസ്ററുസംസ്കാരത്തിൻെറ ഒരു ഭാഗവും, അതിൻെറ മഹിമയേറിയ ഒരു ബന്ധുവുമാണെന്നതു വളരെ ശരിയാണു്. എന്നാൽ സ്വയം ഒരു സോഷ്യലിസ്ററുസംസ്കാരമാണെന്ന അർഹതയോടുകൂടിയല്ല, പ്രത്യുത ചൈനീസ്ജനതയുടെ സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധ പുതിയ ജനാധിപത്യസംസ്കാരമെന്ന നിലയ്ക്കാണു്, ചൈനയിലെ പുതിയ സംസ്കാരം ആ ലോകസോഷ്യലിസ്ററുസംസ്കാരത്തിൽ ഭാഗഭാക്കാവുന്നതു്. ചൈനയിലെ ഇന്നത്തെ വിപ്ലവത്തെ ചൈനീസ്തൊഴിലാളിവർഗ്ഗനേതൃത്വത്തിൽനിന്നു വേർതിരിക്കാൻ നിവൃത്തിയില്ലാത്തതുപോലെ, ചൈനയിലെ ഇന്നത്തെ പുതിയ സംസ്കാരത്തേയും തൊഴിലാളിവർഗ്ഗചിന്താഗതിയുടെ, അതായതു് കമ്മ്യൂണിസത്തിൻെറ നേതൃത്വത്തിൽനിന്നു വേർതിരിക്കവയ്യ. പക്ഷെ ആ നേതൃത്വം, സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധ രാഷ്ട്റീയ-സാംസ്കാരികവിപ്ലവങ്ങളുടെ നേതൃത്വമാണു്; അല്ലാതെ സോഷ്യലിസ്ററുവിപ്ലവത്തിൻെറ നേതൃത്വമല്ല. എന്നുവെച്ചാൽ, ചൈനയുടെ ഇന്നത്തെ പുതിയ സംസ്കാരത്തിൻെറ സ്വഭാവം പുതിയ ജനാധിപത്യത്തിൻേറതാണു്; സോഷ്യലിസത്തിൻേറതല്ല.

എങ്കിലും അതുകൊണ്ടുതന്നെ കമ്മ്യൂണിസ്ററുവീക്ഷണകോണം പരത്തലും മാർക്സിസം-ലെനിനിസത്തിൻെറ പഠനം ത്വരിതപ്പെടുത്തലും ഇന്നു കൂടുതൽ ആവശ്യമായിത്തീർന്നിരിക്കുന്നു. കാരണം, ഇതു രണ്ടുമില്ലെങ്കിൽ ചൈനീസ്‌വിപ്ലവത്തെ സോഷ്യലിസത്തിൻേറതായ ഉയർന്ന ഘട്ടത്തിലേക്കു നയിക്കുകയെന്ന കാര്യം മാത്രമല്ല, ഇന്നത്തെ ജനാധിപത്യവിപ്ലവത്തിൻെറ വിജയംതന്നെ അസാദ്ധ്യമായിത്തീരും. ഏതായാലും, ഇന്നത്തെ ദേശീയസംസ്കാരത്തിൻെറ മൗലികസ്വഭാവം സോഷ്യലിസത്തിൻേറതല്ലെന്നും ജനാധിപത്യത്തിൻേറതാണെന്നുമുള്ളതു് എത്രയും പരമാർത്ഥമാണു്. കാരണം, അതു് സാമ്രാജ്യത്വത്തിന്നും നാടുവാഴിത്തത്തിന്നുമെതിരായ നാട്ടുകാരുടെയാകെ സംസ്കാരമാണു്; അല്ലാതെ മുതലാളിത്തത്തിന്നെതിരായ തൊഴിലാളികളുടെമാത്രം സം

സ്കാരമല്ല. കമ്മ്യൂണിസ്റ്റ് വീക്ഷണകോണത്തേയും കമ്മ്യൂണിസ്ററു സാമൂഹ്യവ്യവസ്ഥിതിയേയുംകുറിച്ചുള്ള പ്രചരണവും പുതിയ ജനാധിപത്യം സ്ഥാപിക്കുവാനുള്ള പ്രായോഗികമായ അടിയന്തിരകടമകളും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചറിയാൻ നമുക്കു കഴിയണം. അതുപോലെതന്നെ, കമ്മ്യൂണിസത്തിൻെറ പരിശോധനയുടേയും പഠനത്തിൻേറയും പ്രവൎത്തനത്തിൻേറയും രീതികളും, ദേശീയസംസ്കാരത്തിൻെറ പുതിയ ജനാധിപത്യനേതൃത്വവും തമ്മിലുള്ള അന്തരം നാമറിയണം. ഇവ രണ്ടും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നതു തീർച്ചയായും തെററായിരിക്കും.

അപ്പോൾ മേൽപ്പറഞ്ഞതിൽനിന്നു നമുക്കു വ്യക്തമായും മനസ്സിലാക്കാം, ചൈനയുടെ ഇന്നത്തെ പുതിയ സംസ്കാരത്തിൻെറ ഉള്ളടക്കം ബൂർഷ്വാസാംസ്കാരിക സ്വേച്ഛാധിപത്യത്തിൻേറതല്ലെന്നതുപോലെത്തന്നെ തൊഴിലാളിവർഗ്ഗസോഷ്യലിസത്തിൻേറതുമല്ലെന്ന്. തൊഴിലാളിവർഗ്ഗത്തിൻെറ സാംസ്കാരികചിന്താഗതിയുടെ നേതൃത്വത്തിൻകീഴിലുള്ള സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധ പുതിയ ജനാധിപത്യ-പുതിയ മൂന്നു ജനകീയതത്വങ്ങളാണ് അതിൻെറ ഉള്ളടക്കം.

## XV

### ഒരു ദേശീയ, ശാസ്ത്രീയ, ജനകീയസംസ്കാരം

പുതിയ ജനാധിപത്യസംസ്കാരത്തിൻെറ സ്വഭാവം ദേശീയമാണ്. സാമ്രാജ്യത്വമർദ്ദനത്തെ അതെതിൎക്കുന്നു; ചൈനീസ്രാഷ്ട്റത്തിൻെറ സ്വാതന്ത്ര്യത്തിനും അഭിമാനത്തിനുംവേണ്ടി അതു നിലകൊള്ളുന്നു. അതു നമ്മുടെ സ്വന്തംരാഷ്ട്റത്തിൻേറതാണ്; നമ്മുടെസ്വന്തം രാഷ്ട്റത്തിൻെറ പ്രത്യേകതകൾ അതിനുണ്ടുതാനും. സോഷ്യലിസ്റ്റ്സംസ്കാരവും മററു രാഷ്ട്റങ്ങളിലെ പുതിയ ജനാധിപത്യസംസ്കാരവുമായി അതു് ഐക്യം സ്ഥാപിക്കുന്നു; പുതിയ ലോകസംസ്കാരത്തിൻെറ ഒരു ഭാഗമെന്ന നിലയ്ക്കു മേല്പറഞ്ഞ മററു പുതിയ സംസ്കാരവുമായി അന്യോന്യം വളർത്തിക്കൊണ്ടും അന്യോന്യം സ്വാധീനശക്തി ചെലുത്തിക്കൊണ്ടുമാണ് അതു വളരുക. പക്ഷേ, മററുരാജ്യങ്ങളിലെ സാമ്രാജ്യത്വസംസ്കാരവുമായിയോജിക്കുകയെന്നതു് അതിനു സാധ്യമല്ല; കാരണം അതൊരു വിപ്ലവകരമായ ദേശീയസംസ്കാരമാണ്. എന്നാൽ സ്വന്തം സാംസ്കാരികാഹാരത്തിനു വേണ്ടതായ അസംസ്കൃതവസ്തുക്കളെന്ന നിലയ്ക്കു് വിദേശരാജ്യങ്ങളിലെ പുരോഗമനസംസ്കാരത്തെ

ചൈന വളരെയധികം ഉൾക്കൊള്ളേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെ വേണ്ടേടത്തോളം ഉൾക്കൊള്ളാൻ കഴിയാതിരുന്നില്ല. നമുക്ക് ഉപയോഗപ്രദമായി തോന്നുന്നതെന്തോ അതെല്ലാം നാമുൾക്കൊള്ളണം. എന്നുവെച്ചാൽ, സോഷ്യലിസ്ററു പുതിയ ജനാധിപത്യസംസ്കാരങ്ങൾ മാത്രമല്ല, വിദേശരാജ്യങ്ങളുടെ പ്രാചീനസംസ്കാരവും—അതായത്, വിവിധമുതലാളിത്തരാജ്യങ്ങളിലെ ഉൽബുദ്ധതയുടെ ഘട്ടത്തിലെ സംസ്കാരം. നമ്മുടെ ആഹാരനീഹാരപ്രശ്നത്തിലെടുക്കുന്ന വകതിരിവോടു കൂടിവേണം, ഈ വിദേശവസ്തുക്കളെ നാം സ്വീകരിക്കുക. ആദ്യം നാം നമ്മുടെ ഭക്ഷണം ചവച്ചിറക്കി ദഹനത്തിനായി കുടലിലേക്കയയ്ക്കുന്നു; അതോടൊപ്പം ഉമിനീരും ദഹനത്തിനാവശ്യമായ മററുചിലതും കൂട്ടിച്ചേർക്കുന്നു; അവസാനം നമ്മുടെ ശരീരത്തിൽ അതു രണ്ടുഭാഗങ്ങളായി തിരിയുന്നു; ഇതിൽ പോഷകാംശം നാമുൾക്കൊള്ളുകയും മററ അംശം വിസർജ്ജിക്കുകയും ചെയ്യുന്നു. എന്നതുപോലെ, നമുക്കു കിട്ടുന്ന സാംസ്കാരികവസ്തുക്കളും ഇങ്ങനെയൊരു പ്രക്രിയയ്ക്കു വിധേയമാക്കണം; അല്ലാതെ യാതൊന്നും നിരുപാധികം ഉൾക്കൊള്ളുകയരുത്. "നിരുപാധികമായ പാശ്ചാത്യാനുകരണം" തെററാണ്. വിദേശവസ്തുക്കളെ ടുത്തു കണ്ടമാനം വിഴുങ്ങിയതിൻെറ ഫലം ചൈന വളരെയധികം അനുഭവിച്ചുകഴിഞ്ഞു. മാർക്സിസം പ്രയോഗിക്കുന്നതിൽക്കൂടിയും ചൈനീസ്കമ്യൂണിസ്ററുകാർ ഈ നിയമം ലംഘിക്കരുത്. മാർക്സിസത്തിൻെറ പൊതുതത്വങ്ങൾ ശരിക്കു ഗ്രഹിച്ച് അവയെ ചൈനീസ്വിപ്ലവത്തിൻെറ യഥാർത്ഥമായ അനുഭവത്തിൻെറ വെളിച്ചത്തിൽ കൃത്യമായി പ്രയോഗിക്കുകയാണു വേണ്ടതു്; അതായത്, മാർക്സിസം പ്രയോഗിക്കുന്നതിനു മുമ്പു ചൈനയ്ക്കനുയോജ്യമായ ഒരു ദേശീയരൂപം കൊടുക്കണം; അല്ലാതെ വ്യക്തിനിഷ്ഠമായോ യാന്ത്രികമായോ അതു പ്രയോഗിക്കരുത്. കർതൃനിഷ്ഠമായും ഔപചാരികമായും മർക്സിസത്തെക്കാണുന്ന മാർക്സിസ്ററുകാർ മാർക്സിസത്തെയും ചൈനീസ്വിപ്ലവത്തെയുമെടുത്തു പന്താടുവാൻ ശ്രമിക്കുകയുമാണു ചെയ്യുന്നതു്; ഇത്തരമാളുകൾക്കു ചൈനയുടെ വിപ്ലവച്ചേരിയിൽ സ്ഥാനമില്ല. ചൈനീസ്സംസ്കാരത്തിനു് അതിൻെറ സ്വന്തമായ, ദേശീയമായ, ഒരു രൂപം കൂടിയേ കഴിയൂ. ദേശീയമായ രൂപവും പുതിയ ജനാധിപത്യപരമായ ഉള്ളടക്കവും—ഇതാണു നമ്മുടെ ഇന്നത്തെ പുതിയ സംസ്കാരം.

പുതിയ ജനാധിപത്യസംസ്കാരം ശാസ്ത്രീയമത്രെ. നാടുവാഴിത്തപരവും അന്ധവിശ്വാസജടിലവുമായ എല്ലാ ചിന്താഗതികളേയും അ

തെതിക്കുന്നു; "യഥാർത്ഥമായ പരമാർത്ഥങ്ങളിലൂടെയുള്ള പരിശോധന വഴി വസ്തുനിഷ്ഠമായ വാസ്തവികസത്യത്തിലെത്തുന്നതിനും" സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യത്തിനുംവേണ്ടി അതു നിലക്കൊള്ളുന്നു. ഈ കാര്യത്തിൽ ചൈനീസ് തൊഴിലാളിവർഗ്ഗത്തിന്റെ ശാസ്ത്രീയചിന്താഗതിയ്ക്കു്, ഇപ്പോഴും പുരോഗമനസ്വഭാവമുള്ള ബൂർഷ്വാ ഭൗതികവാദ-പ്രകൃതിശാസ്ത്രവുമായി ഒരു സാമ്രാജ്യത്വ-നാടുവാഴിത്ത-അന്ധവിശ്വാസവിരുദ്ധഐക്യമുന്നണി രൂപീകരിക്കാൻ കഴിഞ്ഞേക്കും. പക്ഷേ, പിന്തിരിപ്പൻ ആത്മീയവാദവുമായി യാതൊരുവിധ ഇടപാടും പാടില്ല. മതപരമോ ആത്മീയവാദപരമോ ആയ വിശ്വാസങ്ങളുള്ളവരുമായി ചൈനീസ് കമ്യൂണിസ്റ്റുകാർ രാഷ്ട്രീയമായി ഒരു സാമ്രാജ്യത്വവിരുദ്ധഐക്യമുന്നണി രൂപീകരിച്ചുവെന്നുവരും; പക്ഷേ അവരുടെ ആത്മീയവാദമോ മതസിദ്ധാന്തങ്ങളോ ഞങ്ങൾ ഒരിക്കലും അംഗീകരിക്കുകയില്ല. ചൈന അതിന്റെ ദീർഘകാലത്തെ നാടുവാഴിത്തമധ്യാവിത്തപമായ വളർച്ചയുടെ ഘട്ടത്തിൽ ഉജ്ജ്വലമായ ഒരു പ്രാചീന സംസ്കാരം ആർജ്ജിച്ചു വളർത്തിയിട്ടുണ്ട്. പുതിയ ദേശീയസംസ്കാരം വളർത്തുന്നതിനും ദേശീയാത്മവിശ്വാസം ഉയർത്തുന്നതിനും വേണ്ടതായ ഒരു അവശ്യോപാധിയെന്ന നിലയ്ക്കും, പ്രസ്തുത പുരാതനസംസ്കാരത്തിന്റെ വളർച്ചയുടെ ഗതി മനസ്സിലാക്കുന്നതിനും, നാടുവാഴിത്തപരമായ വൃത്തികേടുകളെ പുറംതള്ളി അതിന്റെ ജനാധിപത്യപരമായ സത്തു് ഉൾക്കൊള്ളുന്നതാവശ്യമാണ്. പക്ഷേ ഇതൊരിക്കലുംതന്നെ ഒരു നിരുപാധികമായ ഉൾക്കൊള്ളലാവാൻ പാടില്ല. പഴയ നാടുവാഴിഭരണാധികാരിവർഗ്ഗം ആ പുരാതനജനകീയസംസ്കാരത്തിന്റെ മീതെ കുന്നുകൂട്ടിയിട്ടുള്ള അഴുക്കുകളെ തള്ളിനീക്കി അതിലുള്ള ജനാധിപത്യപരവും വിപ്ലവകരവുമായതിനെ മാത്രമേ നാം സ്വീകരിക്കാവൂ. നമ്മുടെ ഇന്നത്തെ പുതിയ രാഷ്ട്രീയ-സാമ്പത്തികബന്ധങ്ങൾ നമ്മുടെ പഴയരാഷ്ട്രീയ-സാമ്പത്തികബന്ധങ്ങളിൽനിന്നു വളർന്നുവന്നതാണല്ലോ. അതുപോലെതന്നെ, ഇന്നത്തെ പുതിയ സംസ്കാരം പഴയ സംസ്കാരത്തിൽനിന്നും. അതുകൊണ്ടു നാം നമ്മുടെ സ്വന്തം ചരിത്രത്തെ മാനിക്കണം; അതിൽനിന്നു് അകന്നുനില്ക്കാൻ പാടില്ല. എന്നാൽ, ചരിത്രത്തെ ബഹുമാനിക്കുകയെന്നുവച്ചാലോ, ശാസ്ത്രത്തിൽ അതിനുള്ള ശരിയായ സ്ഥാനത്തു് അതിനെ പ്രതിഷ്ഠിക്കലും അതിന്റെ വൈരുദ്ധ്യാധിഷ്ഠിതമായ വികാസത്തെ അംഗീകരിക്കലുമാണു്; അല്ലാതെ, പുരാതനകാലത്തിനെ ആരാധിക്കലോ, ആധുനികകാലത്തെ അനാദരിക്കലോ, നാടുവാഴിത്ത കാളക്കൂടങ്ങളെ ആദരിക്കലോ അല്ല. അതുകൊണ്ടു്, ജനങ്ങളേയും യു

വവിദ്യാർത്ഥികളെയും നാം പഠിപ്പിക്കേണ്ടതു മുന്നോട്ട നോക്കാനാണ്, പിന്നോട്ട നോക്കാനല്ല.

പുതിയ ജനാധിപത്യസംസ്കാരം ജനകീയമാണ്, ജനങ്ങളുടേതാണ്. ആകെയുള്ള ജനസംഖ്യയിൽ 90 ശതമാനം വരുന്ന അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടിയാണതിനെ ഉപയോഗിക്കേണ്ടതു്; ക്രമേണ അതു് അവരുടെ സ്വന്തം സംസ്കാരമായിത്തീരുകയും വേണം. അപ്പോൾ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നമിതാണ്: വിപ്ലവകാരികളായ കേഡറുകളുടേയും വിപ്ലവകാരികളായ ബഹുജനങ്ങളുടേയും വിജ്ഞാനത്തിൻെറ വിഭിന്നമായ നിലവാരം ശരിക്കു മനസ്സിലാക്കി, അവരെ ഇരുകൂട്ടരേയും പ്രത്യേകം പ്രത്യേകം വിദ്യാഭ്യാസം ചെയ്യിച്ച്, ഏകീകരിക്കണം; അതുപോലെതന്നെ സംസ്കാരത്തിൻെറ നിലവാരം പൊതുവെ ഉയർത്തുവാനും അതു് അധികമധികം ബഹുജനങ്ങളുടെ ഇടയിലേയ്ക്കു വ്യാപിപ്പിക്കുവാനും അവ കൂട്ടിയിണക്കുവാനും ശ്രദ്ധിക്കണം. വിപ്ലവകരമായ സംസ്കാരം നാട്ടുകാരുടെ കയ്യിലുള്ള സുശക്തമായ വിപ്ലവകരമായ ഒരായുധമാണ്. വിപ്ലവത്തിനുമുമ്പ്, അതു വിപ്ലവകരമായ ചിന്താഗതികൾ പരത്തി, വിപ്ലവത്തിൻെറ വഴി തെളിയിക്കുന്നു. വിപ്ലവത്തിന്നിടയ്ക്കാകട്ടെ, സാംസ്കാരികമുന്നണി വിപ്ലവസമരത്തിൻെറ പൊതുമുന്നണിയുടെ പ്രധാനപ്പെട്ടതും അത്യാവശ്യകരവുമായ ഒരു മുന്നണിയായി വർത്തിക്കുന്നു; വിപ്ലവകാരികളായ സാംസ്കാരികപ്രവർത്തകന്മാർ ഈ സാംസ്കാരികമുന്നണിയുടെ വിവിധവകുപ്പുകളുടെ പടനായകന്മാരായും പ്രവർത്തിക്കുന്നു. "വിപ്ലവസിദ്ധാന്തം കൂടാതെ വിപ്ലവപ്രസ്ഥാനമില്ല." അപ്പോൾ വിപ്ലവസാംസ്കാരികപ്രസ്ഥാനം വിപ്ലവപ്രവർത്തനത്തിൽ എത്രമാത്രം പ്രാധാന്യമുള്ളതാണെന്നറിയാമല്ലോ. ഈ സാംസ്കാരികപ്രസ്ഥാനവും വിപ്ലവപ്രവർത്തനവും, ജനങ്ങളുടെ പ്രസ്ഥാനവും പ്രവർത്തനവുമാണ്. അതുകൊണ്ടു്, ജപ്പാന്നെതിരായ യുദ്ധത്തിൽ എല്ലാ പുരോഗമനസാംസ്കാരികപ്രവർത്തകർക്കും തങ്ങളുടെ സ്വന്തം സാംസ്കാരികവ്യൂഹം വേണം; ഈ വ്യൂഹങ്ങളോ ജനങ്ങളാണ്, ജനങ്ങളുടെയിടയിൽ ജീവിക്കുന്നതുമാണ്. ബഹുജനങ്ങളിൽനിന്നൊററപ്പെട്ട സാംസ്കാരികപ്രവർത്തകരും സാംസ്കാരികചിന്തയും "പടയില്ലാത്ത പടനായകരും" "ആകാശക്കോട്ടയുടെ അധിപതികളു"മായിരിക്കും; അവരുടെ വെടി ഉണ്ടയില്ലാത്ത വെടിയും ശത്രുവിൻെറ അടുത്തെത്താത്ത വെടിയുമായിരിക്കും. നമ്മുടെ ലക്ഷ്യം ശരിക്കു നിറവേറണമെങ്കിൽ, ചില പ്രത്യേകപരിതഃസ്ഥിതികളിൽ ഭാഷതന്നെയും പരി

ഷ്കരിക്കേണ്ടിവരും; ബഹുജനങ്ങളുടെ [illegible]ത്തിൽ ഏററവും വേഗമെത്താൻ കഴിയുന്ന വാക്കുകളായിരിക്കണം നാം പ്രയോഗിക്കുന്നതും. വിപ്ലവസംസ്കാരത്തിൻെറ അന്തമററതും ആഴമളക്കാൻ കഴിയാത്തതുമായ കലവറയാണ് ബഹുജനങ്ങൾ.

ഈ ദേശീയ, ശാസ്ത്രീയ, ജനകീയസംസ്കാരം, സാമ്രാജ്യത്വ-നാടുവാഴിത്തവിരുദ്ധമായ ജനങ്ങളുടെ സംസ്കാരമാണ്; പുതിയ ജനാധിപത്യത്തിൻെറ സംസ്കാരമാണ്; പുതിയ മൂന്നു ജനകീയതത്വങ്ങളുടെ സംസ്കാരമാണ്. ചൈനീസ് രാഷ്ട്റത്തിൻെറ സംസ്കാരമാണ്.


പുതിയ ജനാധിപത്യരാഷ്ട്റീയഘടന, പുതിയ ജനാധിപത്യസാമ്പത്തികവ്യവസ്ഥ, പുതിയ ജനാധിപത്യസംസ്കാരം—ഇവയുടെ ഏകീകരണമാണ് പുതിയ ജനാധിപത്യറിപ്പബ്ളിക്ക്—പേരിലും കാര്യത്തിലും യഥാർത്ഥമായ ഒരു റിപ്പബ്ളിക്ക്. ഇത്തരമൊരു ചൈന കെട്ടിപ്പടുക്കാനാണ് നാം പോരാടുന്നത്.

പുതിയചൈന, എല്ലാവരുടേയും മുമ്പിലതാ, തലയുയർത്തി നില്ക്കുന്നു. അതിനെ സ്വീകരിക്കാൻ നമുക്ക് അണിനിരന്നൊരുങ്ങുക!

പുതിയ ചൈനയാകുന്ന കപ്പലിൻെറ കൊടിമരമതാ, ചക്രവാളത്തിലുയർന്നുകാണുന്നു! ഹസ്തതാഡനത്തോടെ നമുക്കതിനെ സ്വീകരിക്കാം!

നിങ്ങളുടെ രണ്ടു കൈകളും ഉയർത്തുക!

നവീനചൈന നമ്മുടെ ചൈന!!



KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M900  Acc. No. 4740

This book should be returned on or before the date last stamped below.

23 FEB 1993
18 JAN 1994
11 MAR 1994
16 APR 1994
5 DEC 1996

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M900 4740

മാവ്സെ-തുങ്ങ്

ചൈനയിലെ പുതിയ ജനാധിപ-
ത്യം

KOTTAYAM PUBLIC LIBRARY

Call No. M 900 Acc. No. 4740

Author മാവ് - സെ - തുങ്ങ്.

Title ചൈനയിലെ പുതിയ ജനാധിപത്യം

Indic Digital Archive Foundation

gpura.org